www.nerpatham.com | mail@nerpatham.com

# നേർപഥം

വാരിക

VOL NO: 01 | ISSUE 42 | 2017 OCT 28 | ₹10



മതം, ആത്മീയത, ചൂഷണം

## മതസംഘടനകളും രാഷ്ട്രീയ ഇടപെടലുകളും

ചൂഷണത്തിന്റെ പുതുവഴികൾ തേടുന്നവരോട് || ചൂഷകർക്ക് തലവെച്ചുകൊടുക്കരുത്

മാനസിക വളർച്ചക്ക് ഇസ്‌ലാം നൽകുന്ന വെളിച്ചം || ചരിത്ര സത്യങ്ങളെ ചേർത്ത് പിടിക്കുക




WISDOM
GLOBAL ISLAMIC MISSION

പ്രമാണങ്ങൾക്കൊപ്പം, ഗുണകാംക്ഷയുടെ ശബ്ദം
നേരിന്റെ ആർജവം, വേറിട്ട വായനാനുഭവം...




നേരിന്റെ വരമൊഴി

www.nerpatham.com | mail@nerpatham.com

# നേർപഥം
വാരിക

Circulation Manager | Nerpatham Weekly | EKP Complex | Kallai Road | Kozhikkode 2 | Kerala | India
Ph: 0495 4019437 | +91 92075 25244 | mail@nerpatham.com | www.nerpatham.com

നേർപഥം
വാരിക

0042 / 2017 ഒക്ടോബർ 28 / 1439 സഫർ 08 / പുസ്തകം 01 / ലക്കം 42



# മതസംഘടനകളും രാഷ്ട്രീയ ഇടപെടലുകളും

സുഫ്‌യാൻ അബ്ദുസ്സലാം / 10

**മുഖമൊഴി**
ചൂഷണത്തിന്റെ പുതുവഴികൾ തേടുന്നവരോട് / 05
എഡിറ്റർ

**ലേഖനങ്ങൾ**
മതം, ആത്മീയത, ചൂഷണം / 06
അബ്ദുൽ മാലിക് സലഫി

**ബാലപഥം**
ഹാദിയയുടെ വിജയം / 18
റാഷിദ ബിൻത് ഉസ്മാൻ

**കവിത**
സൂക്ഷിച്ചാൽ ദുഃഖിക്കേണ്ട / 19
ഉസ്മാൻ പാലക്കാഴി

**ചരിത്രപഥം**
മകന്റെ സൗമ്യതയും പിതാവിന്റെ പരുഷതയും / 20
ഹുസൈൻ സലഫി, ഷാർജ

**ശാന്തിഗേഹം**
പ്രശ്നങ്ങളുണ്ടാക്കരുത് / 24
പ്രൊഫ: ഹാരിസ്ബിൻ സലീം

**കാഴ്ച**
ദാനത്തിന്റെ പെരുമഴ / 26
ഇബ്നു അലി എടത്തനാട്ടുകര

**സമകാലികം**
ചൂഷകർക്ക് തലവെച്ചുകൊടുക്കരുത് / 27
ടി.കെ.അശ്റഫ്

**പാരന്റിംഗ്**
മാനസിക വളർച്ചക്ക് ഇസ്‌ലാം നൽകുന്ന വെളിച്ചം / 28
അശ്റഫ് എകരൂൽ

**വീണ്ടും വായിക്കാൻ**
ആ ദീപവും അണഞ്ഞു / 30
ഇ.കെ മൗലവി

**നമുക്ക് ചുറ്റും**
ചരിത്ര സത്യങ്ങളെ ചേർത്ത് പിടിക്കുക / 34
ഡോ. സി.എം സാബിർ നവാസ്

Printed, published and owned by K. Sajjad | Printed at Sprint Offset Printers | Kozhikode
Published at Kozhikode | 673002 | Managing Editor: Nasir Balusseri | Editor: Usman Palakkazhi
Chief Editor: Anil Primrose | Web Editor: Haseeb Elayur | Design, Cover & Layout: Elan Creativo
mail@nerpatham.com | www.nerpatham.com | 0495 4019437

## വായനക്കാർ എഴുതുന്നു



## മനസ്സിൽ വെളിച്ചം നിറയ്ക്കുക

ബാങ്ക് വിളി കഴിഞ്ഞ് 'ഖുത്വുബ' തുടങ്ങിയതിനു ശേഷമാണ് അയാൾ പള്ളിയിലേക്ക് കയറി വന്നത്. ഉടനെ അവിടെ വിയർപ്പിന്റെ ദുർഗന്ധം പരന്നു. പള്ളിയിലുണ്ടായിരുന്ന കുളിച്ച് വൃത്തിയായി, ഇസ്തിരിയിട്ട വസ്ത്രം ധരിച്ച് സുഗന്ധം പൂശി വന്നവർ പള്ളിയിലാണല്ലോ എന്ന് കരുതി ഒന്നും പറയാതെ തള്ളവിരലും ചൂണ്ടുവിരലുമുപയോഗിച്ച് മൂക്ക് പൊത്തിപ്പിടിച്ചു.

അയാൾ സ്വഫ്ഫിലുള്ള ഇടുങ്ങിയ ഒരു ഒഴിവിൽ നിന്ന് രണ്ട് റക്അത്ത് സുന്നത്ത് നമസ്കരിച്ചു.

ഖുത്വുബയും നമസ്കാരവും കഴിഞ്ഞയുടൻ ശരീരവും വസ്ത്രവും വൃത്തിയുള്ളയാളുകൾ ചീപ്പ് റേറ്റിൽ തക്കാളിയും ഖിയാറും ബുർതുകാലും മറ്റു ചില പച്ചക്കറികളും പഴങ്ങളും വിൽക്കാൻ നിറച്ചുവെച്ച ഉന്തുവണ്ടിയുടെ അടുത്തേക്ക് വേഗത്തിൽ നീങ്ങി.

അയാൾ ജുമുഅ നമസ്കാരത്തിനു ശേഷമുള്ള രണ്ട് റക്അത്ത് സുന്നത്ത് നമസ്കാരം കൂടി നിർവഹിച്ച ശേഷമാണ് പുറത്തേക്കിറങ്ങിയത്. 'വൃത്തിയുള്ളവർ' വാങ്ങിത്തിന്നതിന്റെ അവശിഷ്ടങ്ങൾ പെറുക്കിയെടുത്ത് വേസ്റ്റ് വസ്തുക്കൾ കൊണ്ടുപോകുന്ന ഗാർബേജ് റിക്കവറി ട്രക്കിലിട്ട് അതിൽ കയറി ഓടിച്ചുപോയി.

സൗദി അറേബ്യയിൽ അവധിയും വിശ്രമവുമില്ലാത്ത തന്റെ ജോലിക്കിടയിലും ആ മനുഷ്യൻ നിർബന്ധ കർമമായ ജുമുഅയും ഐഛിക കർമമായ സുന്നത്ത് നമസ്കാരവും പാഴാക്കുവാൻ തയ്യാറായിരുന്നില്ല.

ശീതീകരിച്ച മുറിയിലിരുന്നുള്ള ജോലിയല്ലാത്തതിനാൽ വിയർക്കുക സ്വാഭാവികം. പള്ളിയിലുണ്ടായിരുന്നവർ അതൃപ്തി പ്രകടിപ്പിച്ചതിൽ തെറ്റ് പറയാനുമാവില്ല. എന്നാൽ തന്റെ മനസ്സിന്റെ വെൺമയാണ് ആ സാധുമനുഷ്യൻ മറ്റുള്ളവർക്ക് കാണിച്ചുകൊടുത്തത്. പുറമെ കാണുന്ന വെൺമയും ശുദ്ധിയും സുഗന്ധവുമുള്ള പലരുടെയും ഉള്ളം വൃത്തിയുള്ളതായിക്കൊള്ളണമെന്നില്ല. മനസ്സകത്ത് വെളിച്ചമുള്ളവർക്കേ സമൂഹത്തിന് വെളിച്ചം നൽകാനാവൂ.

'നേർപഥം' നിർവഹിക്കുന്ന പ്രധാനപ്പെട്ട ദൗത്യം ആത്മസംസ്കരണമാണ്. അതാണല്ലോ വിജയത്തിന്റെ അടിസ്ഥാനം. കെട്ടിലും മട്ടിലും ഉള്ളടക്കത്തിലുമെല്ലാം മികവ് പുലർത്തുന്ന 'നേർപഥ'ത്തിനും ലേഖകർക്കും അഭിനന്ദനങ്ങൾ.

**ദസ്തഗീർ ടി.കെ, പാലക്കാഴി**

## ശാന്തിഗേഹം

'ശാന്തിഗേഹം' പംക്തി വീണ്ടും പ്രത്യക്ഷപ്പെട്ടു കണ്ടതിൽ സന്തോഷം. ഇന്ന് മിക്ക വീടുകളിലും പലവിധത്തിലുള്ള പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട് എന്നത് യാഥാർഥ്യമാണ്. ഭാര്യഭർതൃ ബന്ധത്തിലും മാതാപിതാക്കളും മക്കളും തമ്മിലുള്ള ബന്ധത്തിലുമെല്ലാം വിള്ളലുകൾ സംഭവിച്ചുകൊണ്ടിരിക്കുന്നുണ്ട്. അകാരണമായോ കാരണങ്ങളാലോ ഒക്കെയാവാം അത്.

പ്രശ്നങ്ങളിൽനിന്ന് മോചനം നേടണമെന്ന് ആഗ്രഹിക്കാത്തവർ സത്യവിശ്വാസികൾക്കിടയിൽ ഉണ്ടായിരിക്കാനിടയില്ല. പ്രശ്നങ്ങൾക്ക് ഇസ്‌ലാമിക വൃത്തത്തിൽ നിന്നുകൊണ്ട് പ്രായോഗികമായ പരിഹാരം കണ്ടെത്തുവാൻ ആഗ്രഹിക്കുന്നവർക്ക് അതിനുള്ള നല്ലൊരു വേദിയാണ് ശാന്തിഗേഹം. അത് മുടങ്ങാതെ സൂക്ഷിക്കണമെന്നാണ് വിനീതമായ അപേക്ഷ.

**ഫസീന.എ, അത്തോളി**

## നിലവാരം കാത്ത മുഖലേഖനം

'നേർപഥം' ലക്കം 41ൽ ത്വാഹാ റഷാദ് എഴുതിയ 'കേരളത്തോട് എന്തിനിത്ര കലിപ്പ്' എന്ന ലേഖനം അവതരണ ശൈലിയിലും വിഷയഗാംഭീര്യത്തിലും മികവ് പുലർത്തി. വസ്തുനിഷ്ഠമായ വിവരണം പഠനാർഹമായിരുന്നു. ഭാഷ ഒന്ന് കൂടി ലളിതമാക്കാമായിരുന്നു എന്ന അഭിപ്രായം കൂടി അറിയിക്കട്ടെ.

**സൽമാൻ പി.കെ, നാദാപുരം**

മുഖമൊഴി

# ചൂഷണത്തിന്റെ പുതുവഴികൾ തേടുന്നവരോട്

ഇസ്‌ലാമിനെ ഇതര മതദർശനങ്ങളെയോ ചിന്താധാരകളെയോ പോലെ വിലയിരുത്തുന്ന മുസ്‌ലിം നാമധാരികളുടെ എണ്ണം വർധിച്ചുകൊണ്ടിരിക്കുകയാണിന്ന്. ഇസ്‌ലാമുമായി ബന്ധപ്പെട്ട ആനുകാലിക സംഭവവികാസങ്ങളിലെ ചർച്ചകളിൽ അവർ നടത്തുന്ന അഭിപ്രായ പ്രകടനങ്ങൾ അങ്ങനെയാണ് മനസ്സിലാക്കിത്തരുന്നത്. ഇതര മതാചാരങ്ങളിൽ നിന്നും പ്രത്യയശാസ്ത്രങ്ങളിൽ നിന്നും കടമെടുത്തും കൊണ്ടും കൊടുത്തും നിലകൊള്ളുന്ന ഒരു പ്രാകൃത വിശ്വാസ കർമാനുഷ്ഠാന സംഹിതയാണ് ഇസ്‌ലാം എന്ന അടിസ്ഥാന രഹിതമായ ആരോപണങ്ങൾ ഉന്നയിക്കുന്നവരുടെ റാൻമൂളികളായി മാറുകയാണ് യഥാർഥത്തിൽ ഇവർ ചെയ്യുന്നത്. 'നിങ്ങൾ അല്ലാഹുവിന് അങ്ങോട്ട് ദീൻ പഠിപ്പിക്കുകയാണോ?'എന്ന വിശുദ്ധ ക്വുർആന്റെ ചോദ്യം അന്വർഥമാകുന്നതും ഇവിടെയാണ്.

തീർത്തും അബദ്ധജടിലമായ വിശ്വാസാചാരങ്ങളിൽ നിന്ന് ഇസ്‌ലാമിനെ വ്യതിരിക്തമാക്കുന്ന സുപ്രധാന സവിശേഷതകളിലൊന്ന് അറിവിന്റെയും തെളിവിന്റെയും അടിസ്ഥാനത്തിൽ മനുഷ്യബുദ്ധിയോട് സംവദിക്കുന്ന ഒരേ ഒരു വിശ്വാസാദർശമാണ് അതെന്നുള്ളതാണ്. മുസ്‌ലിംകൾക്കിടയിലെ അഭ്യസ്തവിദ്യർക്കിടയിൽ ഇന്നും ഇസ്‌ലാമെന്നാൽ കേവല കർമാനുഷ്ഠാനങ്ങളിലെ മസ്അലകളെക്കുറിച്ചുള്ള തർക്കവിതർക്കങ്ങളും കുറെ അന്ധവിശ്വാസങ്ങളും അതിന്റെ മറവിൽ നടക്കുന്ന ചൂഷണവുമാണെന്ന ധാരണകളുമായി കഴിഞ്ഞുകൂടുന്നവരുണ്ട്. ചില മതസംഘടനകളെ നയിക്കുന്നവരും പണ്ഡിതന്മാരും ഈ ധാരണക്ക് വളംവെച്ചുകൊടുക്കുന്നുണ്ട് എന്ന വസ്തുത നിഷേധിക്കാനാവില്ല. ഇസ്‌ലാമിന്റെ അജയ്യമായ ഔന്നത്യത്തെക്കുറിച്ച് ഇവർ ബോധവാൻമാരാകാതിരിക്കുകയും സ്ഥാപിതതാൽപര്യങ്ങളുമായി മുന്നോട്ടു പോകുകയും ചെയ്യുന്ന കാലത്തോളം ഇസ്‌ലാമിൽ നൂതനകാര്യങ്ങൾ കൂട്ടിച്ചേർക്കുവാനും ഉള്ളത് വെട്ടിച്ചുരുക്കുവാനും ചൂഷണത്തിന്റെ പുതുവഴികൾ തേടുവാനുമൊന്നും ഇവർ മടികാണിക്കുകയില്ല.

ഇസ്‌ലാമെന്നാൽ ഈ പ്രപഞ്ചത്തിലെ സകല ചരാചരങ്ങളുടെയും കൂടിയുള്ള മതമാണെന്നാണ് വിശുദ്ധ ക്വുർആന്റെ അധ്യാപനം: "അല്ലാഹുവിനാണ് ആകാശങ്ങളിലും ഭൂമിയിലും ഉള്ളവരെല്ലാം പ്രണാമം ചെയ്തുകൊണ്ടിരിക്കുന്നത്. സ്വമനസ്സോടെയും നിർബന്ധിതരായിട്ടും അവരുടെ നിഴലുകളും അവന്ന് പ്രണാമം ചെയ്യുന്നു" (13:15).

മാത്രമല്ല മനുഷ്യപ്രകൃതിയോട് അങ്ങേയറ്റം ഇഴുകിച്ചേർന്ന ഒരേയൊരു ആദർശവും അതത്രെ. പക്ഷേ, ആ ലളിത സത്യം ബഹുഭൂരിഭാഗം മനുഷ്യരും മനസ്സിലാക്കുന്നില്ല. അല്ലാഹു പറയുന്നു: "ആകയാൽ (സത്യത്തിൽ) നേരെ നിലകൊള്ളുന്നവനായിട്ട് നിന്റെ മുഖത്തെ നീ മതത്തിലേക്ക് തിരിച്ചുനിർത്തുക. അല്ലാഹു മനുഷ്യരെ ഏതൊരു പ്രകൃതിയിൽ സൃഷ്ടിച്ചിരിക്കുന്നുവോ ആ പ്രകൃതിയത്രെ അത്. അല്ലാഹുവിന്റെ സൃഷ്ടി വ്യവസ്ഥയ്ക്ക് യാതൊരു മാറ്റവുമില്ല. അതത്രെ, വക്രതയില്ലാത്ത മതം. പക്ഷേ, മനുഷ്യരിൽ അധികപേരും മനസ്സിലാക്കുന്നില്ല" (30:30).

അല്ലാഹുവിന്റെ അവക്രമായ ഈ മാർഗദർശനത്തിലേക്ക് മനുഷ്യ ധിഷണയിൽ നിന്ന് ആവിർഭവിച്ച നൂതനാദർശങ്ങളെ കടത്തിക്കൂട്ടിയാൽ അത് അടിമുടി വികലമാക്കപ്പെടുകയും പ്രയോഗവത്കരിക്കുവാനാകാത്ത പ്രഹേളികയായി പരിണമിക്കപ്പെടുകയും ചെയ്യും. പ്രവാചകൻമാരായി പരമകാരുണികനാൽ നിയുക്തരായവർ ഒന്നടങ്കം പ്രഘോഷിച്ച മതം ഇസ്‌ലാം മാത്രമാണ്. പരലോകത്തിലെ ശാശ്വത വിജയമെന്ന മഹാജീവിതലക്ഷ്യം പഠിപ്പിച്ച, അടിസ്ഥാന പ്രമാണങ്ങളിലൂടെ ഐഹിക, പാരത്രിക ജീവിതങ്ങളുടെയെല്ലാം ആത്യന്തിക ലക്ഷ്യം അരക്കിട്ടുറപ്പിച്ച ദൈവികമായ നേർസരണിയാണത്.

അല്ലാഹു പറയുന്നു: "ഏതൊരു ദേഹവും മരണം ആസ്വദിക്കുന്നതാണ്. നിങ്ങളുടെ പ്രതിഫലങ്ങൾ ഉയിർത്തെഴുന്നേൽപിന്റെ നാളിൽ മാത്രമെ നിങ്ങൾക്കു പൂർണമായി നൽകപ്പെടുകയുള്ളു. അപ്പോൾ ആർ നരകത്തിൽനിന്ന് അകറ്റി നിർത്തപ്പെടുകയും സ്വർഗത്തിൽ പ്രവേശിപ്പിക്കപ്പെടുകയും ചെയ്യുന്നുവോ അവനാണ് വിജയം നേടുന്നത്. ഐഹികജീവിതം കബളിപ്പിക്കുന്ന ഒരു വിഭവമല്ലാതെ മറ്റൊന്നുമല്ല" (ക്വുർആൻ 3:185). ജീവിതത്തെക്കുറിച്ചുള്ള ഇസ്‌ലാമിന്റെ കാഴ്ചപ്പാടിന്റെ ആകെത്തുകയായി നമുക്ക് ഈ വചനത്തെ കാണുവാൻ സാധിക്കുന്നു.

അബ്ദുൽ മാലിക് സലഫി
malikmorayur114@gmail.com

ലേഖനം



# മതം ആത്മീയത ചൂഷണം

ആത്മാമാവ്, മനസ്സ് എന്നിവയെ ഇന്നും മനുഷ്യന് പൂർണാർഥത്തിൽ ഗ്രഹിക്കുവാൻ സാധിച്ചിട്ടില്ല. ആത്മാവിനെക്കുറിച്ചുള്ള അന്വേഷണത്തിന് യുഗങ്ങളുടെ പഴക്കമുണ്ട്. അതിനെക്കുറിച്ചുള്ള ചർച്ചകളും പഠനങ്ങളും ഇന്നും അവിരാമം തുടരുന്നുണ്ട്. ആത്മാവിനെക്കുറിച്ച് ഏറെ അന്ധവിശ്വാസങ്ങൾ ലോകത്ത് നിലനിൽക്കുന്നുമുണ്ട്.

ഇസ്‌ലാം ഈ വിഷയത്തിൽ ഒരു വെളിച്ചം നൽകുന്നുണ്ട്. നബിﷺയോട് ആത്മാവിനെ ക്കുറിച്ച് അന്വേഷിച്ച ഒരു സംഘം ജൂതന്മാർക്ക് മറുപടിയായി അവതരിച്ച ക്വുർആൻ സൂക്തത്തിൽ ഇപ്രകാരം കാണാം: "നിന്നോടവർ ആത്മാവിനെപ്പറ്റി ചോദിക്കുന്നു. പറയുക: ആത്മാവ് എന്റെ രക്ഷിതാവിന്റെ കാര്യത്തിൽ പെട്ടതാകുന്നു. അറിവിൽ നിന്ന് അൽപമല്ലാതെ നിങ്ങൾക്ക് നൽകപ്പെട്ടിട്ടില്ല" (ക്വുർആൻ 17;85). ശാസ്ത്ര പുരോഗതിയുടെ ഉത്തുംഗതയിൽ നാം എത്തിയിരിക്കുന്നു എന്ന് അഭിമാനിക്കുന്ന വർത്തമാനകാലത്തും ആത്മാവിനെക്കുറിച്ചുള്ള ക്വുർആനിലെ ഈ പരാമർശം തികച്ചും കൃത്യവും സൂക്ഷ്മവുമാണെന്ന് തെളിയിച്ച് നിലനിൽക്കുന്നു. ആത്മാവിനെക്കുറിച്ച് അല്ലാഹുവിന് മാത്രമാണ് കൃത്യമായി അറിയുക, അറിവിൽ നിന്ന് സ്വൽപമല്ലാതെ മനുഷ്യർക്ക് നൽകപ്പെട്ടിട്ടില്ല എന്നത് നാൾക്കുനാൾ കൂടുതൽ വ്യക്തമായിക്കൊണ്ടിരിക്കുകയാണ്. സത്യത്തിൽ വിശുദ്ധ ക്വുർആനിന്റെ ദൈവികതക്ക് ഒരു തെളിവുകൂടിയാണ് ഈ സൂക്തം. ആത്മാവ് എന്ന സൃഷ്ടിക്ക് അസ്തിത്വമുണ്ടെന്നും അതിന്റെ വിശദ രൂപം നമുക്ക് അജ്ഞാതമാണെന്നും ശാസ്ത്രം ഇന്ന് പറയുമ്പോൾ, ആയിരത്തി നാനൂറിൽ പരം വർഷങ്ങൾക്കു മുമ്പ് ക്വുർആൻ ഇത് പറഞ്ഞിട്ടുണ്ടെങ്കിൽ, അതൊരു മനുഷ്യനിർമിത സൃഷ്ടിയല്ല എന്ന് തീർച്ചയാണ്.

**ആത്മീയതയും ഭൗതികവാദവും**

ആത്മമാവിനെ അംഗീകരിക്കുന്നവർക്കാണ് ആത്മീയതെക്കുറിച്ച് സംസാരിക്കാനാവുക. ഭൗതികവാദികൾ ആത്മാവിനെ നിഷേധിക്കുന്നവരാണ്. അതുകൊണ്ടുതന്നെ ആത്മാവിനെക്കുറിച്ചോ, ആത്മീയതയെക്കുറിച്ചോ, ആത്മാവിന്റെ വിമലീകരണത്തെ സംബന്ധിച്ചോ ഭൗതികവാദത്തിൽ ചർച്ചയില്ല. അതേസമയം മതങ്ങൾ ആത്മാവിനെ അംഗീകരിക്കുന്നുണ്ട്. ആത്മീയതയുടെ ഭാഗത്തിനാണ് മതങ്ങൾ പ്രധാനമായും ഊന്നൽ നൽകുന്നത്. ലോകജനതയിൽ മഹാഭൂരിപക്ഷവും ആത്മീയത അന്വേഷിക്കുന്നവരും ആത്മീയതയിൽ ജീവിത സംതൃപ്തി കണ്ടെത്തുന്നവരുമാണ്. ഭൗതിക വാദത്തിന്റെ പല പരാജയ കാരണങ്ങളിൽ ഒന്ന് ഇതാണ്. മനുഷ്യന് ജീവവായു പോലെ ആവശ്യമായ ആത്മീയ ഭൂമികയെ ഊഷരമായി നിർത്തുമ്പോൾ സംഭവിക്കുന്നത് നന്മയും തിന്മയും വേർതിരിച്ചറിയാനുള്ള അതിർവരമ്പ് നേർത്തുവരിക എന്നതാണ്. അങ്ങനെ സദാചാരപരമായ അപചയം സംഭവിക്കുന്നു. വൈവാഹിക ജീവിതത്തിലെ വിശുദ്ധി നഷ്ടപ്പെടുന്നു. മനസ്സമാധാനം നഷ്ടപ്പെടുന്നു. അവസാനം ഒരു തുള്ളി ആശ്വാസവും തേടി ജീവിതത്തിന്റെ അവസാന കാലത്ത് ആത്മീയചൂഷകരുടെ കേന്ദ്രങ്ങളിൽ അഭയം തേടി ജീവിതം ഹോമിക്കുന്ന അവസ്ഥയിലേക്കെത്തിച്ചേരുന്നു.

വ്യാജ ആത്മീയതയിലേക്ക് ആളുകളെ നയിക്കുന്നതിൽ, ചൂഷകന്മാർക്കുള്ളത് പോലെ ഒരു പങ്ക് ഭൗതികവാദികൾക്കും ഉണ്ട് എന്നത് ഒരു നിഷേധിക്കാനാവാത്ത യാഥാർഥ്യമാണ്.

ഭൗതിക വാദത്തിന്റെ തലതൊട്ടപ്പന്മാരായിരുന്ന പലരും അവസാനകാലത്ത് ആത്മീയതയെ അന്വേഷിച്ചിരിന്നു എന്നതും ഒരു സത്യമാണ്.

**ആത്മീയതയും ഇസ്‌ലാമും**

ആത്മീയദാഹം തീർക്കാൻ മനുഷ്യർ വിവിധ മാർഗങ്ങൾ സ്വീകരിക്കുന്നുണ്ടെങ്കിലും അതെല്ലാം നൈമിഷികവും, വ്യാജവും ആയിരിക്കും. കാരണം, ആത്മാവിനെ പടച്ച സ്രഷ്ടാവിന്റെ ആത്മീയ നിർദേശങ്ങളല്ല അവയൊന്നും. ഇവിടെയാണ് ഇസ്‌ലാം വേറിട്ടുനിൽക്കുന്നത്. ഇസ്‌ലാമിലെ ആത്മീയത കുറ്റമറ്റതാണ്. കാരണം മറ്റൊന്നുമല്ല, ആത്മാവിനെ പടച്ചവൻ തന്നെയാണ് ആത്മീയ നിർദേശങ്ങളും നൽകിയിട്ടുള്ളത്. അഥവാ അല്ലാഹുവിന്റെ മാർഗ നിർദേശങ്ങളാണ് ഇസ്‌ലാമിലെ ആത്മീയയുടെ കാതൽ. തപിക്കുന്ന ഹൃദയങ്ങൾക്ക് ഇസ്‌ലാമിൽ ആശ്വാസമുണ്ട്. വേദനിക്കുന്ന മനസ്സുകൾക്ക് ഇസ്‌ലാം പരിഹാരമാണ്. അസ്വസ്ഥതയും മനോവിഷമങ്ങളും ഇസ്‌ലാമിന്റെ ആത്മീയ തീരത്ത് അലിഞ്ഞ് ഇല്ലാതാകും. ജീവിതത്തിൽ സർവതോന്മുഖമായ സംതൃപ്തിയാണ് ഇസ്‌ലാം നൽകുന്ന ആത്മീയ നർദേശങ്ങളുടെ പ്രത്യേകത.

ആത്മാവിനെ വിമലീകരിക്കുക എന്നതാണ് ജീവിതത്തിന്റെ ലക്ഷ്യമായും സ്വർഗപ്രവേശനത്തിനുള്ള അടിസ്ഥാനമായും ഇസ്‌ലാം നിർദേശിക്കുന്നത്. കുറ്റപ്പെടുത്തുന്ന മനസ്സ് (അന്നഫ്‌സുല്ലവ്വാമഃ), തിന്മ കൽപിക്കുന്ന മനസ്സ് (അമ്മാറതുൻ ബിസ്സൂഅ്), സമാധാന മടഞ്ഞ ആത്മാവ് (അന്നഫ്‌സുൽ മുത്മഇന്നഃ) എന്നിങ്ങനെ മൂന്ന് തരം മനസ്സുകളെ ക്വുർആൻ പരിചയപ്പെടുത്തുന്നുണ്ട്. മനസ്സുകളെ ഇഛകളിൽ നിന്ന് വിശുദ്ധമാക്കുമ്പോഴേ മനുഷ്യന് ആത്മീയതയുടെ ശരിയായ വഴി തുറന്ന് കിട്ടുകയുള്ളൂ. അല്ലാഹു പറയുന്നു: "അപ്പോൾ ഏതൊരാൾ തന്റെ രക്ഷിതാവിന്റെ സ്ഥാനത്തെ ഭയപ്പെടുകയും മനസ്സിനെ ഇഛയിൽ നിന്ന് വിലക്കുകയും ചെയ്തുവോ (അവന്) സ്വർഗം തന്നെയാണ് സങ്കേതം" (ക്വുർആൻ 79:40,41).

തങ്ങൾ നിർമിച്ചുണ്ടാക്കുന്ന ചില കൃത്രിമ 'ആത്മീയ മാർഗങ്ങൾ' സമൂഹത്തിനു മുമ്പിൽ അവതരിപ്പിക്കുന്ന പൗരോഹിത്യമാണ് ഏത്കാലത്തും ശരിയായ ആത്മീയ രംഗത്ത് വിലങ്ങുകൾ സൃഷ്ടിച്ചിട്ടുള്ളത്. പണ്ഡിത വേഷധാരികളെ ആത്മാർഥമായി വിശ്വസിക്കുന്ന പൊതുജനങ്ങൾ വഞ്ചിക്കപ്പെടുകയാണ് ചെയ്യാറുള്ളത്.

ഒരു വിശ്വാസി വീട്ടിൽനിന്ന് പുറത്തിറങ്ങുമ്പോൾ പ്രാർഥിക്കുന്ന പ്രാർഥനയിൽ ഒന്ന് "ഞാൻ സ്വയം വിഡ്ഢിയാകുന്നതിൽ നിന്നും മറ്റുള്ളവർ എന്നെ വിഡ്ഢിയാക്കുന്നതിൽ നിന്നും ഞാൻ അല്ലാഹുവിൽ അഭയം തേടുന്നു" എന്നാണ്. നബിﷺയെ വളരെ മോശമായ രീതിയിൽ ആക്ഷേപിച്ചിരുന്ന അബൂഇസ്സ എന്നു പേരുള്ള ജാഹിലീ കവി ബദ്‌റിൽ ബന്ദിയായി പിടിക്കപ്പെട്ടു. ദയനീയമായ രീതിയിൽ അയാൾ നബിﷺയുടെ മുമ്പിൽ കേണു. ഇനി മേലിൽ പ്രവാചകനെതിരെ ഒന്നും പറയില്ല എന്ന കരാറിൽ നബിﷺ അയാളെ വിട്ടയച്ചു. എന്നാൽ, ഉഹ്ദിൽ അയാൾ വീണ്ടും ബന്ദിയാക്കപ്പെട്ടു. ആദ്യത്തേതു പോലെ അയാൾ തന്റെ അടവുപയറ്റാൻ ശ്രമിച്ചു. അന്നേരം നബിﷺ പറഞ്ഞു: 'ഒരു വിശ്വാസിക്ക് ഒരു മാളത്തിൽ നിന്ന് രണ്ടു പ്രാവശ്യം വിഷം തീണ്ടില്ല.' ഇതൊരു സന്ദേശ

മാണ്. വിശ്വാസികളെ നിരന്തരം ഒരാൾക്കും വഞ്ചിക്കാനാവില്ല എന്ന സന്ദേശം. ഭൗതിക-മത രംഗങ്ങളിലെല്ലാം ഇതിന് പ്രസക്തിയുണ്ട്.

**പൗരോഹിത്യം ഇടപെടുന്നു**

യഥാർഥ മതദർശനങ്ങളെ മതാനുയായികളിൽ നിന്ന് മറച്ചുപിടിച്ചാണ് ഏത്കാലത്തും ഏത് മതത്തിലെ പൗരോഹിത്യവും ചൂഷണത്തിന് മുതിരാറുള്ളത്. ജൂത ക്രിസ്ത്യാനികൾക്ക് സംഭവിച്ച അബദ്ധങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നായി അല്ലാഹു പറഞ്ഞത് "അവർ പണ്ഡിത പുരോഹിതരെ റബ്ബുകളാക്കി" (9:31) എന്നാണ്.

ഇതിന് സമാനമായ കാര്യം മുസ്ലിം സമൂഹത്തിലും സംഭവിച്ചേക്കാം. അതിൽ ജാഗ്രത വേണം. അല്ലാഹു അക്കാര്യം ഇങ്ങനെയാണുണർത്തിയത്: "സത്യവിശ്വാസികളേ, പണ്ഡിതന്മാരിലും പുരോഹിതന്മാരിലും പെട്ട ധാരാളം പേർ ജനങ്ങളുടെ ധനം അന്യായമായി തിന്നുകയും അല്ലാഹുവിന്റെ മാർഗത്തിൽ നിന്ന് (അവരെ) തടയുകയും ചെയ്യുന്നു" (ക്വുർആൻ 4:34).

ജനങ്ങളെ സത്യത്തിൽ നിന്ന് അകറ്റി നിർത്തി അവരെ സാമ്പത്തിക ചൂഷണത്തിന് വിധേയരാക്കുക എന്നതാണ് പുരോഹിത വർഗത്തിന്റെ അജണ്ട എന്നാണ് അല്ലാഹു വ്യക്തമാക്കുന്നത്. ഇക്കാര്യത്തിന് നമ്മൾ ഇന്ന് സാക്ഷികളാണല്ലോ. പ്രമാണങ്ങൾക്ക് ബാഹ്യാർഥവും ആന്തരികാർഥവുമുണ്ട്, ആന്തരികാർഥം പണ്ഡിതന്മാരിൽ നിന്നു പഠിക്കണം, ത്വരീക്വത്തിൽ ചേരാതെ അറിവ ലഭിക്കില്ല, ശൈഖ് പറയുന്നതാണ് മതം... തുടങ്ങി നിരവധി ദുർബോധനങ്ങൾ നടത്തി പ്രമാണങ്ങളിൽ നിന്ന് ജനത്തെ ദൂരെ നിർത്തുക എന്നത് ഇന്നിവിടെ ആസൂത്രിതമായി നടന്നുവരുന്നുണ്ട്. ചൂഷണത്തിന് മണ്ണൊരുക്കുവാനാണ് പൗരോഹിത്യം ഇത്തരം പുകമറകൾ സൃഷ്ടിക്കുന്നത്. അല്ലാഹുവിനോട് ഇടയാളന്മാരില്ലാതെ നമുക്ക് ചോദിക്കുവാൻ എന്തർഹത എന്നും അവർ വിശ്വാസികളോട് ചോദിക്കുന്നു. മഹാന്മാരുടെ മധ്യസ്ഥതയില്ലാത്തവൻ പിഴച്ചവനാണ് എന്നും പൗരോഹിത്യം തട്ടിവിടാറുണ്ട്.

'എന്റെ അടിമകൾ എന്നെക്കുറിച്ച് ചോദിച്ചാൽ ഞാനവരുടെ സമീപസ്ഥനാണ്' (2:186) എന്ന ക്വുർആൻ വചനമൊന്നും ഇവർക്ക് പ്രമാണമല്ല! ഇങ്ങനെയുള്ള പ്രമാണ വചനങ്ങളുടെ ശരിയായ ആശയം ജനങ്ങളെ അവർ പഠിപ്പിക്കുകയുമില്ല. ദാഹിച്ച് വെള്ളം ചോദിച്ച് വരുന്നവന് വിഷം നൽകുന്നവന്റെ റോളിലാണ് ഇത്തരം ചൂഷകന്മാരുള്ളത്. 'അല്ലാഹു ട്രാൻസ്ഫോർമർ പോലെയാണ്, ട്രാൻസ്ഫോർമറിൽ നിന്ന് നേരിട്ട് വൈദ്യുതി സ്വീകരിക്കാൻ കഴിയാത്തതുപോലെ അല്ലാഹുവിനോട് നമുക്ക് നേരിട്ട് അടുക്കുവാൻ കഴിയില്ല' എന്നൊക്കെ ഇവർ ഉദാഹരണം പറയാറുള്ളത് ചൂഷണത്തിന്റെ അവസരം നഷ്ടപ്പെടാതിരിക്കുവാൻ വേണ്ടിയാണ്. അല്ലാഹുവിന്റെ കാരുണ്യത്തിന്റെ വശത്തിന് കൂടുതൽ ഊന്നൽ നൽകുന്നു ഇസ്‌ലാമിക പ്രമാണങ്ങൾ എന്ന വസ്തുത ജനങ്ങൾ മനസ്സിലാക്കിയാൽ ചൂഷണം നടക്കില്ലല്ലോ. അല്ലാഹുവിനും സൃഷ്ടികൾക്കുമിടയിൽ പൗരോഹിത്യം സൃഷ്ടിച്ച വിടവ് നികത്തുവാനും ആളുകളെ അല്ലാഹുവിലേക്ക് അടുപ്പിക്കുവാനുമാണ് പ്രവാചകന്മാർ പരിശ്രമിച്ചിരുന്നത്. മരങ്ങൾ, വള്ളികൾ, കല്ലുകൾ, ജാറങ്ങൾ, വിഗ്രഹങ്ങൾ, പ്രവാചകന്മാർ, തുടങ്ങിയ യാതൊരു 'മധ്യസ്ഥന്മാർ' മുഖേനയുമല്ലാതെ അല്ലാഹുവിലേക്കടുക്കുവാൻ മനുഷ്യന് സാധിക്കുമ്പോഴാണ് വിജയം ലഭിക്കുക എന്ന അടിസ്ഥാന അറിവാണ് പ്രമാണങ്ങൾ പകർന്നുനൽകുന്നത്.

**ചൂഷണത്തിന്റെ വിവിധ രൂപങ്ങൾ**

മനുഷ്യന്റെ ആവശ്യകതയെയാണ് ചൂഷകന്മാർ മുതലെടുക്കാറുള്ളത്. ഏത്‌രംഗത്തുള്ള ചൂഷണങ്ങളിലും ഈയൊരു സംഗതി നമുക്ക് കാണുവാനാകും. വിദ്യാഭ്യാസ രംഗവും ചികിത്സാ രംഗവുമെല്ലാം ഇന്ന് വ്യവസായവത്കരിക്കപ്പെടുകയും ലാഭം കൊയ്തെടുക്കുന്ന മേഖലകളായി മാറുകയും ചെയ്തിട്ടുള്ളതുപോലെ ആത്മീയ രംഗവും മാറിയിരിക്കുന്നു. എല്ലാ മതങ്ങളിലും ഇത്തരം ചൂഷകർ പിടിമുറുക്കിയിട്ടുണ്ടെന്ന് കാണുവാൻ സാധിക്കും. കൈനോട്ടക്കാർ, ജ്യോതിഷികൾ, ഇസ്മിന്റെ പണിക്കാർ, ജാറ നടത്തിപ്പുകാർ, ആൾ ദൈവങ്ങൾ, സിദ്ധന്മാർ, സ്നേഹ ശുശ്രൂഷകന്മാർ... തുടങ്ങിയവർ സമൂഹത്തിൽ

**അല്ലാഹുവിനും സൃഷ്ടികൾക്കുമിടയിൽ പൗരോഹിത്യം സൃഷ്ടിച്ച വിടവ് നികത്തുവാനും ആളുകളെ അല്ലാഹുവിലേക്ക് അടുപ്പിക്കുവാനുമാണ് പ്രവാചകന്മാർ പരിശ്രമിച്ചിരുന്നത്. മരങ്ങൾ, വള്ളികൾ, കല്ലുകൾ, ജാറങ്ങൾ, വിഗ്രഹങ്ങൾ, പ്രവാചകന്മാർ, തുടങ്ങിയ യാതൊരു 'മധ്യസ്ഥന്മാർ' മുഖേനയുമല്ലാതെ അല്ലാഹുവിലേക്കടുക്കുവാൻ മനുഷ്യന് സാധിക്കുമ്പോഴാണ് വിജയം ലഭിക്കുക എന്ന അടിസ്ഥാന അറിവാണ് പ്രമാണങ്ങൾ പകർന്നുനൽകുന്നത്.**



ടെ പള്ളിയെ കുറിച്ച് യാതൊരു വിവരവുമില്ല. 'വിലായത്തിന്റെ' വ്യാജപ്പട്ടം ഇന്ന് വിപണിയിൽ സുലഭമാണ്. മാനസിക അസ്വസ്ഥത പ്രകടിപ്പിച്ചവരെ 'വലിയ്യാക്കി' മുദ്രകുത്തുന്ന ഏജൻസി തന്നെ ചില പുരോഹിതന്മാരുടെ ഒത്താശയോടെ പ്രവർത്തിക്കുന്നുണ്ടോ എന്ന് സംശയിക്കത്തക്ക വിധത്തിൽ 'വലിയ്യു'കളുടെ ജാറങ്ങൾ ഉയർന്നു കൊണ്ടിരിക്കുകയാണ്. ഇത്തരം ചൂഷകരെ തുറന്നു കാണിക്കേണ്ട മാധ്യമങ്ങൾ പക്ഷേ, ഇത്തരക്കാർക്ക് വിപണി ഒരുക്കിക്കൊടുക്കുന്ന തിരക്കിലാണ്. 'മൻസിൽ മഫാസു'കളുടെ എപ്പിസോഡുകൾ അവസാനിക്കാത്തത് അതുകൊണ്ടാണ്. പണമാണ് എല്ലാവർക്കും ആവശ്യം. പക്ഷേ, ഈ ചൂഷകന്മാരുടെ പണക്കൊതിമൂലം വിശ്വാസികൾക്ക് നഷ്ടമാകുന്നത് പണവും മാനവും പരലോകവുമാണ്.

വിവിധ തരത്തിലുള്ള ചൂഷണത്തിന്റെ അമ്പാസിഡർമാരാണ്. ഉറുക്ക്, തകിട്, അത്ഭുത മോതിരം, വ്യാജ തിരുശേഷിപ്പുകൾ തുടങ്ങിയവ ചൂഷണത്തിന്റെ മാധ്യമങ്ങളാണ്.

ഇത്തരം ചൂഷകന്മാർ തങ്ങളുടെ സാമ്പത്തിക ശേഷി ഉപയോഗിച്ച് ഭരണ കേന്ദ്രങ്ങളെ വരെ സ്വാധീനിക്കുന്നു. വോട്ടുചോർച്ച ഭയന്ന് പലപ്പോഴും രാഷ്ട്രീയക്കാരും ഇത്തരക്കാർക്കെതിരെ ശബ്ദിക്കാറില്ല. ഒരുവേള ഇത്തരം കേന്ദ്രങ്ങളിലെ വിവിധ പരിപാടികളിൽ നിറസാന്നിധ്യമായി അവർ ഉണ്ടാവുകയും ചെയ്യും. ആൾദൈവങ്ങളുടെ അതിരില്ലാത്ത വരുമാനത്തിന്റെ സ്രോതസ്സുകളൊന്നും ആരും അന്വേഷിക്കാറില്ല. ആത്മീയ ചൂഷണ കേന്ദ്രങ്ങളുടെ ഓഡിറ്റിംങ് ഒരു സർക്കാറും അവശ്യപ്പെടാറുമില്ല. പലപ്പോഴും സമൂഹത്തിലെ ഉന്നതരെന്ന് കരുതപ്പെടുന്നവരുടെ പിൻബലത്തിലാണ് ഇത്തരം ചൂഷണകേന്ദ്രങ്ങൾ പ്രവർത്തിക്കാറുള്ളത്. ആണ്ടുതോറും നടന്നു വരുന്ന ഉറൂസ് മാമാങ്കങ്ങൾ, അപ്പവാണിഭങ്ങൾ, സ്വലാത്ത് വാർഷികങ്ങൾ, സ്വലാത്ത് സമ്മേളനങ്ങൾ... ഇതെല്ലാം ചൂഷണത്തിന്റെ ആധുനിക മോഡലുകളാണെന്ന് ആർക്കാണറിയാത്തത്?

മരിച്ച വ്യക്തി തിരിച്ചുവരുമെന്ന വിശ്വാസത്തിൽ സ്വന്തം പിതാവിന്റെ മയ്യിത്ത് മറമാടാതിരിക്കാൻ മാത്രം അന്ധവിശ്വാസത്തിന്റെ പുതപ്പിനുള്ളിൽ സമൂഹത്തെ മൂടിക്കിടത്തുന്നതിൽ ചൂഷകന്മാർ വിജയിച്ചിട്ടുണ്ട്. തങ്ങളെ പ്രവാചകരെപ്പോലെ ഉയർത്തിക്കാട്ടുന്ന അനുയായിവൃന്ദങ്ങളെ പടച്ചുണ്ടാക്കുന്നതിലും പുരോഹിതന്മാർ വിജയിച്ചു കഴിഞ്ഞു. ത്വരീഖത്തിന്റെ പേരിൽ സ്വന്തം ഭാര്യയെ ശൈഖിന് കാഴ്ചവയ്ക്കുവാൻ പോലും തയ്യാറാകുന്നവരുണ്ടത്രെ! 'തിരുകേശം' സൂക്ഷിക്കുവാനുള്ള നാൽപതു കോടിയു

### ബോധവൽക്കരണം അനിവാര്യം

ചൂഷകന്മാരുടെ ആത്മീയ വിപണിയിൽ നിന്ന് ജനങ്ങളെ യഥാർഥ ആത്മീയ തീരത്തേക്ക് തിരിച്ച് വിളിക്കുക എന്ന ശ്രമകരമായ ദൗത്യം സമൂഹത്തിലെ സുമനസ്സുകൾ ഏറ്റെടുക്കേണ്ടതുണ്ട്. ചൂഷകന്മാരുടെ നീരാളിപ്പിടുത്തത്തിൽ ഞെരിഞ്ഞമർന്നുകൊണ്ടിരിക്കുന്ന ആത്മീയദാഹികൾക്ക് ശരിയുടെ തെളിനീർ നൽകേണ്ടതുണ്ട്. കാലം അതാണ് ആവശ്യപ്പെടുന്നത്. രാഷ്ട്രീയ, പണ സ്വാധീനങ്ങൾ ഉപയോഗിച്ച് ചൂഷകന്മാർ തിമർത്താടുമ്പോൾ, അവരെ നേരിടുവാൻ ചിലപ്പോൾ നന്മയെ സ്നേഹിക്കുന്നവർക്ക് കഴിഞ്ഞെന്നു വരില്ല. ചൂഷിത വർഗത്തെ സ്നേഹബുദ്ധ്യാ ബോധവൽകരിക്കുക എന്നത് സാധ്യമാകുന്നതും ചെയ്യാവുന്നതുമായ വഴിയാണ്. അതാണ് പ്രവാചകന്മാർ നടത്തിയത്. അതുതന്നെയാണ് ഇക്കാലത്തെ പ്രബോധകരും നടത്തേണ്ടത്. ആ ദൗത്യമാണ് മുജാഹിദ് പ്രബോധക സംഘമായ വിസ്ഡം ഗ്ലോബൽ ഇസ്‌ലാമിക് മിഷൻ ഏറ്റെടുത്തിട്ടുള്ളത്. 'ആത്മീയ ചൂഷണത്തിനെതിരെ ബോധവൽക്കരണം' എന്ന പരിപാടി അതിന്റെ ഭാഗമാണ്. സമൂഹത്തിലെ സുമനസ്സുകൾ ഈ ദൗത്യത്തിൽ പങ്കാളികളാവേണ്ടതുണ്ട്.

സുഫ്‌യാൻ അബ്ദുസ്സലാം
sufyanasalam@gmail.com




**വിഭജനാനന്തര ഭാരതത്തിൽ, അസ്തിത്വം തന്നെ ചോദ്യം ചെയ്യപ്പെട്ട സമയത്ത് മതേതര മുന്നണിയോടൊപ്പം മുസ്‌ലിംകളുടെ രക്ഷക്കെത്തിയത് മുസ്‌ലിം സാമുദായിക സംഘടനകളടക്കമുള്ള മതേതര പാർട്ടികളാണ്. ക്രാന്തദർശിത്വത്തോടെയും ഉറച്ച കാൽവെപ്പോടെയും ന്യൂനപക്ഷ രാഷ്ട്രീയ പാർട്ടി മുന്നിൽ നടന്നപ്പോൾ അണികൾക്കിടയിലെ സംഘടനാ സങ്കുചിതത്വങ്ങളുടെ അതിർവരമ്പുകൾ നേർത്ത് നേർത്ത് ഇല്ലാതായി.**

**എന്നാൽ കാഴ്ചപ്പാടില്ലാത്ത, ഗുണകാംക്ഷാരഹിതരും ഭാവനാ ദരിദ്രരുമായ ഭൗതികമോഹികൾ മതസംഘടനകളുടെ ഭാരവാഹിത്വങ്ങളിൽ കയറിപ്പറ്റിയപ്പോൾ അതിന്റെ പരുക്കുകൾക്ക് സാമുദായിക രാഷ്ട്രീയ പാർട്ടിയും ഇരയായി. അനുഭവങ്ങളിൽ നിന്ന് പാഠങ്ങൾ ഉൾക്കൊള്ളുന്നതിന് പകരം അബദ്ധങ്ങളിൽ നിന്ന് അപകർഷതയിലേക്ക് കൂപ്പു കുത്തുന്ന അവിവേകികൾക്ക് അർഹിക്കുന്നിടങ്ങളിലേക്ക് വഴി കാണിച്ചില്ലെങ്കിൽ ഒരുപക്ഷെ, ചരിത്രം മാപ്പു തന്നേക്കില്ല.**

**സമകാലിക കേരള മുസ്‌ലിം മത-രാഷ്ട്രീയ സംഭവവികാസങ്ങളെ, ചരിത്രത്തിന്റെ തുലാവെളിച്ചത്തിലെടുത്തു കൊണ്ടുള്ള അപഗ്രഥനം.**

# മതസംഘടനകളും രാഷ്ട്രീയ ഇടപെടലുകളും

മതം രാഷ്ട്രീയത്തിലിടപെടാൻ പാടുണ്ടോ, രാഷ്ട്രീയം മതത്തിലിടപെടാൻ പാടുണ്ടോ എന്ന ചർച്ചക്ക് കേരളത്തിന്റെ സാമൂഹികാന്തരീക്ഷത്തിൽ പതിറ്റാണ്ടുകളുടെ പഴക്കമുണ്ട്. എന്നാൽ ഇന്ന് കേരളത്തിൽ മുസ്‌ലിം സംഘടനകൾക്കിടയിൽ സജീവമായി നടക്കുന്ന ചർച്ച മത സംഘടനകൾ രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ ആഭ്യന്തര കാര്യങ്ങളിൽ ഇടപെടാൻ പാടുണ്ടോ എന്ന കാര്യത്തിലാണ്. ഇടയലേഖനങ്ങളിറക്കി വോട്ടു രാഷ്ട്രീയത്തിൽ സജീവമായി ഇടപെടുന്ന ക്രിസ്തീയ പൗരോഹിത്യം സ്വീകരിക്കുന്ന ലൈനിലേക്ക് കേരളത്തിലെ മുസ്‌ലിം പൗരോഹിത്യവും കടന്നുവരുന്നതിന്റെ സൂചനകളാണ് ചില പണ്ഡിതന്മാരിലൂടെ പുറത്തേക്ക് വമിച്ചിരിക്കുന്നത്. കേരളത്തിലെ ഒരു മുസ്‌ലിം യുവജന പ്രസ്ഥാനത്തിന്റെ നേതാവ് തങ്ങളു



ടെ പാർട്ടിയെ ഒരു മതസംഘടനക്കും തീറെഴുതിക്കൊടുത്തിട്ടില്ല എന്ന് പറഞ്ഞതിനെ പണ്ഡിതന്മാർ ഞങ്ങളെ നിയന്ത്രിക്കേണ്ട എന്ന വ്യാഖ്യാനം നൽകിക്കൊണ്ടാണ് മുസ്‌ലിം രാഷ്ട്രീയത്തെ പുരോഹിതമാർ തന്നെ നിയന്ത്രിക്കുമെന്നു പ്രസ്താവിച്ചിട്ടുള്ളത്. പ്രത്യേകമായ വോട്ടുബാങ്കുകൾ സൃഷ്ടിച്ച് രാഷ്ട്രീയ പാർട്ടികളെ സമ്മർദത്തിലാക്കുന്ന തന്ത്രങ്ങൾ ചില മൗലാനമാർ ഉത്തരേന്ത്യയിൽ പയറ്റുന്നത് പലപ്പോഴും കണ്ടിട്ടുള്ളതാണ്. കേരളം അതിൽ നിന്നും ഭിന്നമായിരുന്നു. സമസ്തയിലെ ഒരു വിഭാഗം മൂന്നു പതിറ്റാണ്ടു കാലമായി കേരളത്തിൽ ഇതേ തന്ത്രം പയറ്റി നോക്കിയിട്ടുണ്ടെങ്കിലും അവയ്ക്ക് വേരോട്ടമുണ്ടാക്കാൻ സാധിച്ചിരുന്നില്ല.

ഇന്ത്യയുടെ സാമൂഹിക സാഹചര്യം പരിശോധിക്കുമ്പോൾ കൃത്യമായ ധാരണകളോടെ വിട്ടുവീഴ്ചകാണിച്ചും സഹിഷ്ണുത പുലർത്തിയും മുസ്‌ലിം സംഘടനകൾ ഒറ്റക്കെട്ടായി നിൽക്കേണ്ടുന്ന സ്ഥിതിവിശേഷമാണുള്ളതെന്ന് മനസ്സിലാക്കാൻ പ്രയാസമില്ല. പതിനാല് ശതമാനത്തോളം മാത്രമുള്ള ഇന്ത്യയിലെ മുസ്‌ലിം സമുദായം വ്യത്യസ്ത വിഭാഗങ്ങളായി ചിതറിക്കിടക്കുകയാണ്. സുന്നി, ശിആ എന്നീ പ്രബലമായ വിഭാഗങ്ങൾക്ക് പുറമെ ഓരോ വിഭാഗങ്ങളിലും നൂറു കണക്കിന് കക്ഷികളാണുള്ളതെന്നാണ് കണക്കാക്കപ്പെടുന്നത്. മുസ്‌ലിം ജനസംഖ്യയുടെ അടിസ്ഥാനത്തിൽ ലോകത്ത് മൂന്നാം സ്ഥാനത്ത് നിൽക്കുന്ന ഇന്ത്യയിലെ മുസ്‌ലിംകൾക്കിടയിലുള്ള അവാന്തര വിഭാഗങ്ങളുടെ എണ്ണം മുന്നൂറോളമാണ്. (ഇസ്‌ലാമിൽ ഇങ്ങനെ അവാന്തരവിഭാഗങ്ങൾ ഇല്ലെന്നും ഇങ്ങനെ കക്ഷികളായി പിരിഞ്ഞതിന് ഇസ്‌ലാം ഉത്തരവാദിയല്ലെന്നും മനസ്സിലാക്കുക). ഇത്രയധികം കക്ഷികൾ മുസ്‌ലിംകൾക്കിടയിലുണ്ടെങ്കിലും രാജ്യത്തിന്റെ ഭരണഘടനയും ഭരണസംവിധാനങ്ങളും മുസ്‌ലിംകളെ കണക്കാക്കുന്നത് ഒരൊറ്റ സമുദായമായിട്ടാണ്. ഇസ്‌ലാമികമായ ജീവിത വ്യവഹാരങ്ങൾക്ക് ഭരണഘടന സ്വാതന്ത്ര്യം ഉറപ്പുവരുത്തുക മാത്രമല്ല ഒരളവോളം ഇസ്‌ലാമിക ശരീഅത്തിനെ ഭരണഘടനയുടെ ഭാഗമായി മുസ്‌ലിംകൾക്ക് അനുവദിച്ചുകൊടുക്കുകയും ചെയ്തതാണ് ഇന്ത്യയിലെ മുസ്‌ലിംകൾക്ക് ലഭിച്ച വമ്പിച്ച അനുഗ്രഹം. ഇന്ത്യയിൽ നിലനിൽക്കുന്ന സാമൂഹികവും രാഷ്ട്രീയവുമായ വ്യവസ്ഥിതിയിൽ ഭരണഘടനാനുസൃതമായി സമുദായങ്ങൾക്ക് നൽകിയിട്ടുള്ള പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ട് യുക്തിപൂർവം പ്രവർത്തിക്കുകയാണ് അസ്തിത്വ പ്രതിസന്ധികളെ തരണം ചെയ്യാൻ ഇന്ത്യയിലെ മുസ്‌ലിം സമുദായവും ചെയ്യേണ്ടതെന്ന കാഴ്ചപ്പാട് രാജ്യം സ്വാതന്ത്ര്യം നേടിയ കാലഘട്ടത്തിൽ തന്നെ രൂപപ്പെട്ടിരുന്നു. വിശ്വാസകാര്യങ്ങളിൽ വിവിധ വീക്ഷണങ്ങൾ വെച്ച് പുലർത്തുന്ന സംഘങ്ങളും ത്വരീഖത്തുകളും മുസ്‌ലിംകൾക്കിടയിലുണ്ട്. കർമശാസ്ത്ര വിഷയങ്ങളിൽ വിവിധ കാഴ്ചപ്പാടുകൾ പുലർത്തുന്ന മദ്ഹബുകളുണ്ട്. സുന്നികൾക്കുള്ളിലും ശിയാക്കൾക്കുള്ളിലും വ്യത്യസ്ത ചിന്താധാരകളാൽ രൂപീകരിക്കപ്പെട്ട സംഘടനകളുണ്ട്. വ്യക്തി നിയമങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ കോടതികളിൽ കേസുകൾ വരുമ്പോൾ കക്ഷികൾ മുസ്‌ലിംകൾക്കിടയിലെ ഉപവിഭാഗങ്ങളാണെങ്കിൽ അവർ കൊണ്ടുവരുന്ന ആധികാരിക ഗ്രന്ഥങ്ങളുടെ അടിസ്ഥാനത്തിൽ വിധി പ്രസ്താവിക്കുകയാണ് ന്യായാധിപന്മാർ ചെയ്യാറുള്ളത്. ഇത് രാജ്യത്ത് നിലനിൽക്കുന്ന ശരീഅത്ത് ആക്റ്റിന്റെ അടിസ്ഥാനത്തിലാണ് സാധിക്കുന്നത്. വളരെ ന്യൂനപക്ഷമായിട്ടുള്ള ഒരു രാജ്യത്ത് ഇങ്ങനെയൊക്കെ സാധിക്കുന്നത് അല്ലാഹുവിന്റെ അനുഗ്രഹം കൊണ്ട് മാത്രമാണ്.

അല്ലാഹു നൽകിയ ഈ അനുഗ്രഹത്തിന്റെ വില മനസ്സിലാക്കി പ്രവർത്തിക്കുവാൻ ഇന്ത്യയിലെ ഇസ്‌ലാമിക സമൂഹവും മുസ്‌ലിം സംഘടനകളും തയ്യാറാവേണ്ടതുണ്ട്. മുസ്‌ലിം മത സംഘടനകൾക്കിടയിൽ നിലനിൽക്കുന്ന ആദർശ വിഷയങ്ങളിലുള്ള അഭിപ്രായവ്യത്യാസങ്ങൾ സമുദായത്തിന്റെ ഐക്യബോധത്തെയും കെട്ടുറപ്പിനെയും ബാധിക്കുന്ന തരത്തിലായിരിക്കരുത്. മത സംഘടനകൾക്കിടയിൽ നില നിൽക്കുന്ന അഭിപ്രായവ്യത്യാസങ്ങൾ രാഷ്ട്രവുമായി ബന്ധപ്പെട്ട കാര്യങ്ങളിലല്ല. അവ തികച്ചും മതവിശ്വാസങ്ങളും ആചാരങ്ങളുമായി ബന്ധപ്പെട്ടവയാണ്. അവ ഉൾക്കൊള്ളുവാനും അതുമായി ബന്ധപ്പെട്ട ആരോഗ്യകരമായ പ്രബോധന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാനും ഓരോ പ്രസ്ഥാനത്തിനും അവകാശമുണ്ട്. അതേസമയം മുസ്‌ലിം സമുദായത്തിന് ഭരണഘടന അ

**മറ്റു മുസ്‌ലിം രാഷ്ട്രീയ പ്രസ്ഥാനങ്ങളില്ലാതിരുന്ന കാലഘട്ടത്തിൽ മുസ്‌ലിം പൊതു കൂട്ടായ്മയായി അറിയപ്പെട്ടിരുന്ന മുസ്‌ലിം ലീഗിന്റെ വേദികൾ സജീവമാക്കുന്നതിനു വേണ്ടിയായിരുന്നു എൻ.വി. അബ്ദുസ്സലാം മൗലവി നദ്‌വത്തിന്റെ ജനറൽ സെക്രട്ടറി സ്ഥാനം ത്യജിച്ചത്. ഇസ്വ്‌ലാഹി ആശയം പ്രചരിപ്പിക്കുന്നതിന് വേണ്ടിയോ ഇസ്വ്‌ലാഹി പ്രസ്ഥാനത്തിന് എന്തെങ്കിലും നേട്ടങ്ങൾ കൊയ്തെടുക്കുന്നതിനു വേണ്ടിയോ ആയിരുന്നില്ല അദ്ദേഹം അത് ചെയ്തത്. ശക്തമായ സാമുദായിക വീക്ഷണം അവർക്കുണ്ടായിരുന്നു.**

നുവദിച്ചിട്ടുള്ള വിശ്വാസ ആചാര പ്രബോധന സ്വാതന്ത്ര്യത്തെ ഹനിക്കുന്ന സർക്കാർ ഇടപെടലുകൾ, രാജ്യത്തെ ഒരു മസ്ജിദിനു നേരെ ഉയരുന്ന ഫാഷിസ്റ്റ് ഭീഷണി, സമുദായം അനുഭവിക്കുന്ന വിദ്യാഭ്യാസ അവകാശങ്ങൾക്കും അറബി ഭാഷ പഠന ആനുകൂല്യങ്ങൾക്കുമെതിരെ വരുന്ന എതിർപ്പുകൾ തുടങ്ങി സമുദായത്തെ മൊത്തത്തിൽ ബാധിക്കുന്ന വിഷയങ്ങളിൽ മതസംഘടനകൾക്കിടയിൽ ഭിന്നതകളുണ്ടാവാൻ പാടില്ല. പ്രസ്തുത വിഷയങ്ങൾ രാജ്യത്തെ മുഖ്യധാരാ രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനാവശ്യമായ യോജിച്ച ഇടപെടലുകളാണ് ആവശ്യമായിട്ടുള്ളത്.

സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ, വിശേഷിച്ചും കേരളത്തിൽ ഈ കാഴ്ചപ്പാടുകൾ വളർത്തിയെടുക്കുവാൻ ഇസ്‌ലാഹി പ്രസ്ഥാനത്തിന് നേതൃത്വം നൽകിയിരുന്ന പണ്ഡിതനേതാക്കൾക്ക് സാധിച്ചിരുന്നു. സമുദായത്തിന്റെ പൊതുവിഷയങ്ങളിൽ ഇടപെടുന്ന കാര്യത്തിൽ ആദർശ വ്യത്യാസങ്ങൾ നിലനിർത്തിക്കൊണ്ട് തന്നെ ഭിന്ന വീക്ഷണങ്ങൾ വെച്ചുപുലർത്തുന്ന വ്യക്തിത്വങ്ങളുമായി കൈകോർക്കുന്നതിൽ അവർക്കൊരു പ്രയാസവുമുണ്ടായിരുന്നില്ല. പരസ്പരം വ്യക്തിഗുണങ്ങൾ എടുത്തുപറയുന്നതിലും അവർ കുറവുവരുത്തിയിരുന്നില്ല. സാമൂഹികവും രാഷ്ട്രീയവുമായ പ്രവർത്തനങ്ങളിൽ നിന്നും പുറം തിരിഞ്ഞു നിന്ന സമുദായത്തിന് രാഷ്ട്രീയമായ ദിശാബോധം നൽകിയത് ഈ നേതാക്കളായിരുന്നു. മുസ്‌ലിം ലീഗ് രാഷ്ട്രീയത്തിലും കോൺഗ്രസ്സ് രാഷ്ട്രീയത്തിലും സമുദായത്തെ സജീവമാക്കി നിർത്തിയതും ആ പാർട്ടികളുടെയൊക്കെ കുഞ്ചികസ്ഥാനങ്ങളിൽ അവർ ഇരുന്നതും സ്വന്തം താൽപര്യങ്ങൾ സംരക്ഷിക്കുന്നതിന് വേണ്ടിയായിരുന്നില്ല. തങ്ങൾ നേതൃത്വം നൽകിയിരുന്ന മതസംഘടനകളുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനും വേണ്ടിയായിരുന്നില്ല. മുസ്‌ലിം ലീഗിന്റെ അധ്യക്ഷ പദവിയിലേക്ക് സയ്യിദ് അബ്ദുറഹ്മാൻ ബാഫഖി തങ്ങളെ കൈപിടിച്ചുയർത്തിയത് ഇസ്‌ലാഹി ആശയങ്ങൾ ഉൾക്കൊണ്ടിരുന്ന മുസ്‌ലിം ലീഗിന്റെ ഉപാധ്യക്ഷൻ കെ.എം. മൗലവിയായിരുന്നു. മരണം വരെ മൗലവി തങ്ങളുടെ സഹപ്രവർത്തകനായി ആ സ്ഥാനത്ത് തുടരുകയും ചെയ്തു.

ബാഫഖി തങ്ങളെക്കുറിച്ച് പ്രൊഫ: ടി. അബ്ദുല്ല സാഹിബ് എഴുതിയ വരികൾ ശ്രദ്ധിക്കുക: "മതപരമായ കാര്യങ്ങളിൽ അദ്ദേഹം ഒരു തികഞ്ഞ സുന്നിയായിരുന്നുവെന്ന് വരികിലും വിശ്വാസപരമായി താനുമായി അഭിപ്രായ ഭിന്നതയുള്ളവരോട് അദ്ദേഹം തികച്ചും വിശാല മനസ്കതയോടും സഹിഷ്ണുതയോടും കൂടിത്തന്നെ എപ്പോഴും പെരുമാറിയിരുന്നു. മുജാഹിദ് വഭാഗത്തിലെ ഉന്നത പണ്ഡിതന്മാരായ മർഹും കെ.എം. മൗലവി സാഹിബ്, ഇ.കെ. മൗലവി സാഹിബ് തുടങ്ങിയവരെ അദ്ദേഹം അങ്ങേയറ്റം ബഹുമാനിക്കുകയും സ്നേഹിക്കുകയും ചെയ്തിരുന്നതായി എനിക്കറിയാൻ കഴിഞ്ഞിട്ടുണ്ട്. വിട്ടുവീഴ്ചയില്ലാത്തൊരു മുജാഹിദായ എം.കെ. ഹാജി സാഹിബ് അദ്ദേഹത്തിന്റെ ഒരാത്മമിത്രമായിരുന്നു. ഖുതുബ പരിഭാഷ, മതത്തിൽ കടന്നുകൂടിയിട്ടുള്ള ശിർക്കുപരമായ കാര്യങ്ങൾ എന്നിവയിൽ അദ്ദേഹത്തിന്ന് മുജാഹിദുകളോട് യോജിപ്പുണ്ടായിരുന്നു. മുജാഹിദുകൾ നടത്തുന്ന ഒരു സ്ഥാപനമായിട്ട് കൂടി തിരൂരങ്ങാടി യതീംഖാനയുടെ കാര്യത്തിൽ അദ്ദേഹം പ്രത്യേകം താൽപര്യം പ്രകടിപ്പിച്ചിരുന്നു" (ബാഫഖി തങ്ങൾ സ്മാരക ഗ്രന്ഥം, ഗ്രീൻ ഹൗസ് പബ്ലിക്കേഷൻസ്). ഈ പറയപ്പെടുന്ന നേതാക്കളൊന്നും സംഘടനാപരമായ കക്ഷിത്വം പേറിയവരായിരുന്നില്ല. സമുദായത്തിന് നന്മയുണ്ടാവണമെന്ന ആത്മാർഥതയായിരുന്നു അവരെ പൊതുരംഗത്ത് സജീവമാക്കിയിരുന്നത്. സംഘടനകൾ എന്തിനാണോ രൂപീകരിച്ചത് അതിനുള്ള ഒരു പ്ലാറ്റ്ഫോം മാത്രമായി അവർ ഉപയോഗിച്ചു. ഭിന്നമായ ആദർശവീക്ഷണങ്ങളുടെ പേരിൽ അവർ സമുദായത്തിന്റെ പൊതുരംഗത്തെ വഷളാക്കിയിരുന്നില്ല. പരസ്പരം ചെളിവാരി എറിഞ്ഞിരുന്നുമില്ല. പകരം മറ്റുള്ളവരിലെ നന്മയെക്കുറിച്ച് പറയാൻ കിട്ടുന്ന സന്ദർഭങ്ങളിൽ അവർ നന്മകൾ പറയാറുണ്ടായിരുന്നു. ബാഫഖി തങ്ങൾ അന്തരിച്ചപ്പോൾ മുജാഹിദ് പ്രസ്ഥാനത്തിന്റെ പ്രഥമ ജനറൽ സെക്രട്ടറി കൂടിയായ എൻ.വി. അബ്ദുസ്സലാം മൗലവി എഴുതിയ ലേഖനത്തിൽ ബാഫഖിതങ്ങളിലെ ഒട്ടേറെ നന്മകളെ അനുസ്മരിക്കുന്നുണ്ട്. സ്ത്രീ വിദ്യാഭ്യാസത്തിനെതിരെ സമസ്ത പ്രമേയം പാസ്സാക്കുകയും മദ്റസാ സംവിധാനത്തോട് പുറംതിരിഞ്ഞു നിൽക്കുകയും ചെയ്തപ്പോൾ ബാഫഖി തങ്ങളായിരുന്നു സമസ്തയെക്കൊണ്ട് ഓരോ മഹല്ലുക

ളിലും പ്രാഥമിക മദ്റസകൾ സ്ഥാപിക്കുവാൻ വേണ്ടി രണ്ട് ഓർഗനൈസർമാരെ നിയമിക്കുവാനുള്ള തീരുമാനമെടുപ്പിച്ചത്.

മറ്റു മുസ്‌ലിം രാഷ്ട്രീയ പ്രസ്ഥാനങ്ങളില്ലാതിരുന്ന ആ കാലഘട്ടത്തിൽ മുസ്‌ലിം പൊതു കൂട്ടായ്മയായി അറിയപ്പെട്ടിരുന്ന മുസ്‌ലിം ലീഗിന്റെ വേദികൾ സജീവമാക്കുന്നതിനു വേണ്ടിയായിരുന്നു എൻ.വി. അബ്ദുസ്സലാം മൗലവി നദ്‌വത്തിന്റെ ജനറൽ സെക്രട്ടറി സ്ഥാനം ത്യജിച്ചത്. ഇസ്‌ലാഹി ആശയം പ്രചരിപ്പിക്കുന്നതിന് വേണ്ടിയോ ഇസ്‌ലാഹി പ്രസ്ഥാനത്തിന് എന്തെങ്കിലും നേട്ടങ്ങൾ കൊയ്തെടുക്കുന്നതിനു വേണ്ടിയോ ആയിരുന്നില്ല അദ്ദേഹം അത് ചെയ്തത്. ശക്തമായ സാമുദായിക വീക്ഷണം അവർക്കുണ്ടായിരുന്നു. കോൺഗ്രസ്സ് രാഷ്ട്രീയത്തിന് ചുക്കാൻ പിടിച്ചിരുന്ന മുസ്‌ലിം നേതാക്കൾക്ക് സാമുദായികമായി സംഘടിക്കണമെന്ന വീക്ഷണം ഇല്ലായിരുന്നുവെങ്കിലും സമുദായത്തിന്റെ പ്രാതിനിധ്യം സാമൂഹികവും രാഷ്ട്രീയവുമായ മേഖലകളിൽ ഉണ്ടായിരിക്കണമെന്ന കാഴ്ചപ്പാട് അവരെ ഭരിച്ചിരുന്നു. ഇതെല്ലാം സൂചിപ്പിക്കുന്നത് സമുദായത്തിന്റെ നന്മയും ഐക്യവും പുരോഗതിയുമായിരുന്നു അവർ ലക്ഷ്യമാക്കിയിരുന്നതെന്ന യാഥാർഥ്യമാണ്.

മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബും ബാഫഖി തങ്ങളും കെ.എം. മൗലവിയും കെ. എം. സീതി സാഹിബും ഇ.കെ. മൗലവിയും അബ്ദുസ്സലാം മൗലവിയുമൊക്കെ കേരളീയ മുസ്‌ലിം ജനതക്ക് സമ്മാനിച്ചത് വിശാലവീക്ഷണം ഉൾക്കൊള്ളുന്ന പൊതുബോധത്തെയായിരുന്നു. മുസ്‌ലിം സമുദായത്തിന്റെ സാമ്പ്രദായിക രീതികളെ നിലനിർത്തുവാൻ വേണ്ടി സമസ്ത യത്നിക്കുമ്പോൾ കേരളീയ മുസ്‌ലിംകളിൽ അള്ളിപ്പിടിച്ച അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ഇല്ലാതാക്കുന്നതിനു വേണ്ടി ഇസ്‌ലാഹി പ്രസ്ഥാനത്തിലൂടെ അവർ അഹോരാത്രം പരിശ്രമിച്ചു. നവോത്ഥാനത്തിന്റെ വെള്ളിവെളിച്ചത്തിലൂടെ മാത്രമെ സമുദായത്തിന്റെ പുരോഗതി സാധ്യമാവൂ എന്നവർ മനസ്സിലാക്കി. അത്തരമൊരു നവോത്ഥാനത്തിന്റെ ഉപോൽപന്നമായിട്ടു തന്നെയാണ് മുസ്‌ലിം രാഷ്ട്രീയ പ്രസ്ഥാനം പോലും പിറവികൊണ്ടത്. പുരോഗതിയുടെ പാതകളിൽ സമുദായം ഉൾവലിഞ്ഞു നിന്ന മേഖലകളിലെല്ലാം മുമ്പോട്ട് കുതിക്കുവാനുള്ള പ്രാപ്തി സമുദായത്തിനവർ നേടിക്കൊടുത്തു. എം.ഇ.എസ്, എം.എസ്.എസ്, തുടങ്ങിയ പ്രസ്ഥാനങ്ങൾ സമുദായത്തിന്റെ വിദ്യാഭ്യാസ സാമൂഹിക പുരോഗതികളിൽ വലിയ പങ്കു വഹിച്ചു.

മുസ്‌ലിം സമുദായത്തിന്റെ ഈ പൊതു പ്രതലത്തിനു ഹാനികരമാവുന്ന സമീപനം മുസ്‌ലിം സംഘടനകളിൽ നിന്ന് ആദ്യകാലങ്ങളിൽ ഉണ്ടായിരുന്നില്ല. തെരഞ്ഞെടുപ്പുകൾ വരുമ്പോൾ മത പണ്ഡിതന്മാരെ മുന്നിൽ നിർത്തിയുള്ള ചില പ്രചാരണങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും അതെല്ലാം തെരഞ്ഞെടുപ്പോടെ അവസാനിക്കാറുണ്ടായിരുന്നു. എന്നാൽ മുസ്‌ലിം മത സംഘടനകൾ രാഷ്ട്രീയത്തിൽ നേരിട്ട് ഇടപെടുന്ന രീതിക്ക് തുടക്കം കുറിച്ചത് കാന്തപുരം അബൂബക്കർ മുസ്‌ല്യാരുടെ ആഗമനത്തോടെയായിരുന്നു. മുസ്‌ലിം രാഷ്ട്രീയ സംഘടനയായ മുസ്‌ലിം ലീഗിനെ മുജാഹിദുകൾ കയ്യടക്കിയിരിക്കുന്നുവെന്ന ഇല്ലാക്കഥകൾ പ്രചരിപ്പിക്കുവാനും സുന്നികൾ രാഷ്ട്രീയമായി സംഘടിക്കുകയാണ് അതിനുള്ള പരിഹാരമെന്ന അപക്വചിന്ത സാധാരണക്കാരായ സുന്നികളിൽ വളർത്തിയെടുക്കുവാനുമാണ് ഇയാൾ ശ്രമിച്ചത്. 1974 മുതൽ സമസ്ത മുശാവറ അംഗമായ കാന്തപുരത്തിന്റെ ഈ രാഷ്ട്രീയ മോഹങ്ങൾ 1979 മുതലാണ് പ്രകടമായി തുടങ്ങിയത്. സമസ്ത മുശാവറ മുൻകയ്യെടുത്ത് സുന്നികൾക്ക് പ്രത്യേകം ഒരു രാഷ്ട്രീയ പാർട്ടി രൂപികരിക്കുകയോ, അല്ലെങ്കിൽ സുന്നി യുവജന സംഘത്തിന് സമസ്തയുടെ രാഷ്ട്രീയ ഘടകമായി പ്രവർത്തിക്കുവാൻ അനുമതി നൽകുകയോ ചെയ്യണമെന്നാവശ്യപ്പെട്ട് ഇയാൾ സമസ്തക്ക് കത്ത് നൽകി. സമസ്ത അതംഗീകരിച്ചില്ല. അതിനെത്തുടർന്ന് പട്ടാമ്പിക്കാരനായ ഫാറൂഖ് മൗലവിയെ മുന്നിൽ നിർത്തി ഒരു പാർട്ടി രൂപീകരിച്ചു. മുസ്‌ലിം ഡെമോക്രാറ്റിക് പാർട്ടി (എം.ഡി.പി) എന്നായിരുന്നു പാർട്ടിയുടെ പേർ. പാർട്ടിയുടെ മുമ്പിലേക്ക് കാന്തപുരം വന്നില്ല. മഞ്ഞക്കുളം സിയാറത്തിന് ശേഷം പാലക്കാട് ഐ. എം. എ ഹാളിൽ ചേർന്ന കൺവെൻഷനിൽ ഭാരവാഹികളെ

**മുസ്‌ലിം മത സംഘടനകൾ രാഷ്ട്രീയത്തിൽ നേരിട്ട് ഇടപെടുന്ന രീതിക്ക് തുടക്കം കുറിച്ചത് കാന്തപുരം അബൂബക്കർ മുസ്‌ല്യാരുടെ ആഗമനത്തോടെയായിരുന്നു. മുസ്‌ലിം രാഷ്ട്രീയ സംഘടനയായ മുസ്‌ലിം ലീഗിനെ മുജാഹിദുകൾ കയ്യടക്കിയിരിക്കുന്നുവെന്ന ഇല്ലാക്കഥകൾ പ്രചരിപ്പിക്കുവാനും സുന്നികൾ രാഷ്ട്രീയമായി സംഘടിക്കുകയാണ് അതിനുള്ള പരിഹാരമെന്ന അപക്വചിന്ത സാധാരണക്കാരായ സുന്നികളിൽ വളർത്തിയെടുക്കുവാനുമാണ് ഇയാൾ ശ്രമിച്ചത്. സമസ്ത മുശാവറ മുൻകയ്യെടുത്ത് സുന്നികൾക്ക് പ്രത്യേകം ഒരു രാഷ്ട്രീയ പാർട്ടി രൂപികരിക്കുകയോ, അല്ലെങ്കിൽ സുന്നി യുവജന സംഘത്തിന് സമസ്തയുടെ രാഷ്ട്രീയ ഘടകമായി പ്രവർത്തിക്കുവാൻ അനുമതി നൽകുകയോ ചെയ്യണമെന്നാവശ്യപ്പെട്ട് ഇയാൾ സമസ്തക്ക് കത്ത് നൽകി. സമസ്ത അതംഗീകരിച്ചില്ല.**

**പട്ടാമ്പിക്കാരനായ ഒരു ഫാറൂഖ് മൗലവിയെ മുന്നിൽ നിർത്തി കാന്തപുരം മുസ്‌ലിം ഡെമോക്രാറ്റിക് പാർട്ടി (എം.ഡി.പി) എന്ന പാർട്ടി രൂപീകരിച്ചു. നാട്ടിക മൂസ മുസ്‌ല്യാർ പ്രസിഡന്റും ഫാറൂഖ് മൗലവി ജനറൽ സെക്രട്ടറിയും. സുന്നി പ്രസ്ഥാനത്തിന്റെ ഏതവകാശവും പിടിച്ചുവാങ്ങുമെന്നു നാട്ടിക വേദിയിൽ വെച്ച് പ്രഖ്യാപിച്ചുവെങ്കിലും കൺവെൻഷനു ശേഷം വിളിച്ചു ചേർക്കപ്പെട്ട പത്രസമ്മേളനത്തിൽ നിന്നും നാട്ടിക അപ്രത്യക്ഷമാവുകയാണ് ചെയ്തത്. പിറ്റേ ദിവസത്തെ പത്രത്തിൽ ഞാനങ്ങനെയൊരു കൺവെൻഷനിൽ പങ്കെടുത്തിട്ടേ ഇല്ലെന്ന് പ്രസ്താവന ഇറക്കുകയും പിന്നീട് ചെമ്മാട് ആദം ഹാജിയുടെ വസതിയിൽ ചേർന്ന കൺവെൻഷനോടെ എം.ഡി.പി. നാമാവശേഷമാവുകയും ചെയ്തു. അതിനെക്കുറിച്ചായിരുന്നു 'ഗർഭത്തിലേ അലസിപ്പോയ പാർട്ടി' എന്ന സി.എച്ചിന്റെ പ്രസിദ്ധമായ ഫലിതം.**

പ്രഖ്യാപിച്ചു. നാട്ടിക മൂസ മുസ്‌ല്യാർ പ്രസിഡന്റും ഫാറൂഖ് മൗലവി ജനറൽ സെക്രട്ടറിയും. സുന്നി പ്രസ്ഥാനത്തിന്റെ ഏതവകാശവും പിടിച്ചുവാങ്ങുമെന്നു നാട്ടിക വേദിയിൽ വെച്ച് പ്രഖ്യാപിച്ചുവെങ്കിലും കൺവെൻഷനു ശേഷം വിളിച്ചു ചേർക്കപ്പെട്ട പത്രസമ്മേളനത്തിൽ നിന്നും നാട്ടിക അപ്രത്യക്ഷമാവുകയാണ് ചെയ്തത്. പിറ്റേ ദിവസത്തെ പത്രത്തിൽ ഞാനങ്ങനെയൊരു കൺവെൻഷനിൽ പങ്കെടുത്തിട്ടേ ഇല്ലെന്ന് പ്രസ്താവന ഇറക്കുകയും ചെയ്തു. പിന്നീട് ചെമ്മാട് ആദം ഹാജിയുടെ വസതിയിൽ ചേർന്ന കൺവെൻഷനോടെ എം.ഡി.പി. നാമാവശേഷമാവുകയും ചെയ്തു. അതിനെക്കുറിച്ചായിരുന്നു 'ഗർഭത്തിലേ അലസിപ്പോയ പാർട്ടി' എന്ന സി.എച്ചിന്റെ പ്രസിദ്ധമായ ഫലിതം.

അലസിപ്പോയ മോഹം ഉപേക്ഷിക്കാൻ കാന്തപുരവും അനുയായികളും തയ്യാറായിരുന്നില്ല. സുന്നികൾ അരക്ഷിതരെന്ന പ്രചാരണം അവർ സമൂഹത്തിൽ വളർത്തി. സമുദായത്തിന്റെ പൊതു പ്ലാറ്റ്ഫോമിന് അത് വലിയ വിള്ളലുകൾ സൃഷ്ടിച്ചുകൊണ്ടിരിന്നു. സമസ്തയുടെ ആശയം വെച്ചു പുലർത്തുന്ന ഒട്ടേറെ രാഷ്ട്രീയ നേതാക്കളുണ്ട്. അവരൊക്കെയും സമസ്തയുടെ സമ്മേളനങ്ങളിലും അല്ലാത്ത വേദികളിലുമെല്ലാം സമസ്തയുടെ നാവുകളാവാറുണ്ട്. അതിനെ വിമർശനബുദ്ധ്യാ ആരും കണ്ടിരുന്നില്ല. മുജാഹിദുകളോ ഇതര മത സംഘടനകളോ അതിൽ പരാതിയും പറയാറുണ്ടായിരുന്നില്ല. രാഷ്ട്രീയ രംഗങ്ങളിൽ പ്രവർത്തിക്കുന്നതോടൊപ്പം മത വീക്ഷണമുണ്ടാവുക തെറ്റായ കാര്യമായി ആരും നിരീക്ഷിച്ചിട്ടില്ല. എന്നാൽ മുജാഹിദ് സമ്മേളനങ്ങളിൽ എവിടെയെങ്കിലും മുജാഹിദ് ആദർശമുള്ള രാഷ്ട്രീയ നേതാക്കൾ മുജാഹിദുകളുടെ സേവനത്തെ പുകഴ്ത്തിപ്പറഞ്ഞ വാർത്തകൾ ചികഞ്ഞെടുത്ത് ചില രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്കെതിരെ സുന്നിവികാരം ആളിക്കത്തിക്കാൻ ഈ രാഷ്ട്രീയ ഭിക്ഷാംദേഹികൾ ശ്രമിച്ചുകൊണ്ടേയിരിക്കുന്നു. കാന്തപുരത്തിന്റെ രാഷ്ട്രീയ മോഹം നാമ്പിട്ട 1979ൽ തന്നെ പുളിക്കലിൽ നടന്ന ഒന്നാം മുജാഹിദ് സംസ്ഥാന സമ്മേളനത്തിന്റെ വേദിയിൽ മുജാഹിദ് ആദർശക്കാരനായ ലീഗ് നേതാവ് പി.സീതിഹാജി തന്റെ അവസാന തുള്ളി രക്തവും മുജാഹിദ് പ്രസ്ഥാനത്തിന് വേണ്ടി നൽകുമെന്ന് പറഞ്ഞതിനെതിരെ ഇക്കൂട്ടർ ഹാലിളകി വന്നു. സമസ്തയുടെ ഔദ്യോഗിക നേതൃത്വമോ സമസ്തയുടെ ആദർശം ഉൾക്കൊണ്ട ലീഗ് നേതാക്കളോ ഒന്നും ഇതിൽ കുറ്റക്കാരല്ല. കാരണം സുന്നി സമ്മേളനങ്ങളിൽ മുസ്‌ലിംലീഗിന്റെ നേതാക്കൾ സമസ്തയുടെ സേവനങ്ങളെ പ്രകീർത്തിച്ചുകൊണ്ടു നടത്തിയ എത്രയോ പ്രസംഗങ്ങൾ ഉണ്ടായിട്ടുണ്ട്. അതിനെ ലീഗിൽ പ്രവർത്തിക്കുന്ന മുജാഹിദ് ആശയക്കാർ ആരും ചോദ്യം ചെയ്തിട്ടില്ല. 2012ൽ തിരുവനന്തപുരത്ത് നടന്ന എസ്.വൈ.എസ്. സമ്മേളനത്തിൽ മുസ്‌ലിംലീഗ് നേതാവ് പി.കെ. കുഞ്ഞാലിക്കുട്ടി സാഹിബ് നടത്തിയ പ്രസംഗത്തിൽ കേരളത്തിലെ മുസ്‌ലിം സമുദായത്തിന് വഴിതെറ്റാതെ നടക്കാനായതിൽ സമസ്ത കേരള ജംഇയ്യത്തുൽ ഉലമയുടെ സംഭാവന മികച്ചതാണെന്ന് പറയുകയുണ്ടായി. ഇത്തരം പ്രസ്താവനകൾ ഒരിക്കലും മറ്റു സംഘടനകൾക്ക് അരോചകമായി തോന്നിയിട്ടില്ല. മുജാഹിദ് സമ്മേളനങ്ങളിലും ഇതര സംഘടനകളുടെ പരിപാടികളിലും ഇതുപോലെയുള്ള പ്രസ്താവനകൾ രാഷ്ട്രീയ നേതാക്കളും മന്ത്രിമാരും എം.പിമാരും നടത്തുക പതിവാണ്. ഇത്തരം ചെറിയ ചെറിയ കാര്യങ്ങൾ പർവതീകരിച്ച് സമുദായത്തിന്റെ ഐക്യത്തിന് വിള്ളലുണ്ടാക്കാൻ ശ്രമിക്കുന്നത് അൽപത്വമാണ്.

സമസ്തയുടെ പേരിലൊരു രാഷ്ട്രീയ പ്രസ്ഥാനമെന്ന ആശയം മനസ്സിൽ കൊണ്ടുനടന്ന കാന്തപുരത്തിനും അനുയായികൾക്കും നല്ല അവസരം തെളിഞ്ഞു വന്നത് 1985ലെ ഷാബാനു ബീഗം കേസിനെ തുടർന്നുണ്ടായ ശരീഅത്ത് വിവാദം കേരളമെങ്ങും അലയടിച്ചതോടെയാണ്. ഇ.എം.എസ്. നമ്പൂതിരിപ്പാട് ശരീഅത്തിനെതിരെ പരസ്യനിലപാട് എടുത്തതോടെ മാർക്സിസ്റ്റ് പാർട്ടിയുടെ കൂടെ സഖ്യം ചേർന്നിരുന്ന അഖിലേന്ത്യാ മുസ്‌ലിം ലീഗ് സഖ്യം ഉപേക്ഷിക്കുകയും തുടർന്ന് രണ്ടു ലീഗുകളും ലയിച്ച് ശരീഅത്ത് സംരക്ഷണ പോരാട്ടം ശക്തമാക്കുകയും ചെയ്ത കാലമായിരുന്നു അത്. കേരളത്തിലെ മുഴുവൻ മുസ്‌ലിം സംഘട

നകളും ഒറ്റക്കെട്ടായി ശരീഅത്ത് സംരക്ഷണ പോരാട്ടത്തിൽ അണിനിരക്കുന്ന കാഴ്ച മുസ്‌ലിം ജനസാമാന്യത്തിൽ ആശ്വാസത്തിന്റെ നിശ്വാസങ്ങൾ ചാമരം വീശി. സമസ്തയുടെ ഭാഗത്ത് നിന്ന് ഇ. കെ. അബൂബക്കർ മുസ്‌ല്യാരും മുജാഹിദുകളുടെ ഭാഗത്ത് നിന്ന് കെ.പി. മുഹമ്മദ് മൗലവിയും കെ. എൻ. ഇബ്‌റാഹിം മൗലവിയും കോഴിക്കോട് ഖാദി ഇമ്പിച്ചിക്കോയ തങ്ങളും ഇബ്‌റാഹീം സുലൈമാൻ സേട്ടു സാഹിബും പാണക്കാട് മുഹമ്മദലി ശിഹാബ് തങ്ങളുമെല്ലാം കൈകോർത്ത് പിടിച്ച സന്ദർഭമായിരുന്നു അത്.

ലോകം അറിയുന്ന ഇന്ത്യയുടെ മഹാ പണ്ഡിതനും അഖിലേന്ത്യാ മുസ്‌ലിം പേഴ്‌സണൽ ലോ ബോർഡിന്റെ അധ്യക്ഷനുമായിരുന്ന മൗലാനാ അബുൽ ഹസൻ അലി നദ്‌വിയും മൗലാനാ മുജാഹിദുൽ ഇസ്‌ലാം ഖാസിമിയും അതിൽ പങ്കെടുത്തിരുന്നു. മുജാഹിദുൽ ഇസ്‌ലാം ഹനഫി മദ്ഹബുകാരനും ദയൂബന്ദി പ്രസ്ഥാനത്തിന്റെ നേതാവുമായിരുന്നു. പ്രസംഗത്തിൽ മൂന്നു ത്വലാക് ഒരുമിച്ചു ചൊല്ലിയാൽ ഒന്ന് മാത്രമെ പോകുകയുള്ളൂ എന്ന് അദ്ദേഹം പറഞ്ഞത് വിവാദമാക്കിയും മുജാഹിദുകളുടെയും അലി മിയാന്റെയും ജമാഅത്ത് നേതാക്കളുടെയും സാന്നിധ്യം എടുത്തുകാട്ടിയും കാന്തപുരം മുസ്‌ല്യാരുടെ നേതൃത്വത്തിൽ ഒരു സംഘം സമസ്തക്കാർ ആ പരിപാടിക്കെതിരെ രംഗത്ത് വന്നു. അവർ പറഞ്ഞ കാരണം സമുദായത്തെ അതിശയപ്പെടുത്തി. പൗരോഹിത്യത്തിന്റെ ചീഞ്ഞളിഞ്ഞ മനസ്സിൽ നിന്നും ദുർഗന്ധങ്ങൾ പുറത്തേക്ക് വമിച്ചു. 'പുത്തൻവാദി'കളുമായി ഒരുമിച്ചിരിക്കാൻ പാടില്ലെന്ന ന്യായീകരണം അവർ നിരത്തി. ഇസ്‌ലാമിക സമൂഹം ലജ്ജിച്ച് തലതാഴ്ത്തി. ശരീഅത്ത് സംരക്ഷണത്തിന്റെ പേരിൽ കോഴിക്കോട് മുതലക്കുളം മൈതാനിയിൽ നടന്ന പരിപാടിയിൽ സമസ്തയുടെ പണ്ഡിതന്മാർ 'മുജജമ'കളുടെ കൂടെ പങ്കെടുത്തത് 1953ൽ പെരിന്തൽമണ്ണയിൽ വെച്ച് സമസ്തയിലെ പണ്ഡിതന്മാർ എടുത്ത തീരുമാനങ്ങളുടെ ലംഘനമാണെന്ന് അവർ നാട് നീളെ പ്രസംഗിച്ചു നടന്നു. 1953 ലെ സമസ്തയുടെ പ്രമേയം ഇങ്ങനെയായിരുന്നുവത്രെ: 'വഹാബി, മൗദൂദി തുടങ്ങിയ വിഭാഗങ്ങൾ ദീനിന്റെ അഇമ്മത്തുകളുടെ കിതാബുകളിൽ സ്ഥിരപ്പെടുത്തിയ ഹുക്മുകളെ റദ്ദാക്കിയവരും അതിനെതിരെ പല വാദങ്ങളും വാദിച്ചു ജനങ്ങളെ വഴിപിഴപ്പിക്കുന്നവരും ആയതിനാൽ അവർ സംശയം തീർന്ന മുബ്തദിഉകളും മുഫ്‌സിദുകളും ആയതു കൊണ്ട് അവരുമായി മുബ്തദിഉകളുമായി പെരുമാറേണ്ട നിലയിൽ പെരുമാറൽ നിർബന്ധമാണെന്നതിൽ സംശയമില്ല. മുബ്തദിഉകളുമായി പെരുമാറേണ്ട ചുരുക്കം ചില സംഗതികൾ: 1. അവരുമായി കൂടി പെരുമാറാതിരിക്കുക. 2. അവരുമായി കണ്ട മുട്ടിയാൽ സലാം ചൊല്ലാതിരിക്കുക. 3. അവർ സലാം ചൊല്ലിയാൽ മടക്കാതിരിക്കുക. 4. അവരുമായി വിവാഹ ബന്ധം നടത്താതിരിക്കുക. 5. അവരെ പിന്തുടർന്ന് നിസ്‌ക്കരിക്കാതിരിക്കുക. 'മുജജമ'കളുമായി ബന്ധം പുലർത്തിയ സമസ്ത പ്രസിഡന്റ് ഇ. കെ. അബൂബക്കർ മുസ്‌ല്യാർ അടക്കമുള്ളവർ യഥാർഥ സുന്നിപ്രസ്ഥാനത്തിൽ നിന്നും പുറത്തായതായി അവർ പ്രഖ്യാപിച്ചു. അങ്ങനെ സമസ്തയിലെ രാഷ്ട്രീയ ഭാഗ്യാന്വേഷികളുടെ നിലപാടില്ലായ്മയെത്തുടർന്ന് കുറേക്കാലത്തെ വാദപ്രതിവാദങ്ങൾക്ക് ശേഷം 1989ൽ സമസ്തയിൽ പിളർപ്പ് പൂർണമായി.

കാന്തപുരം മറ്റൊരു പാർട്ടിയുമായി പോയതുകൊണ്ട് മാത്രം മുസ്‌ലിം സംഘടനകളിൽ നിന്നും രാഷ്ട്രീയ താൽപര്യങ്ങളുടെ പേരിലുള്ള കലഹങ്ങൾ അവസാനിച്ചില്ല. വ്യത്യസ്ത സന്ദർഭങ്ങളിൽ മുസ്‌ലിം ലീഗിനെയും ഇതര പാർട്ടികളെയും സമ്മർദത്തിലാക്കുന്ന പ്രസ്താവനകൾ ഇ.കെ. സമസ്തയിലെ രണ്ടാം നിരയിലെ ചിലർ തുടർന്നുകൊണ്ടേയിരുന്നു. അബ്ദുൽഹമീദ് ഫൈസി അമ്പലക്കടവ്, നാസർ ഫൈസി കൂടത്തായി തുടങ്ങിയവരായിരുന്നു പ്രധാനമായും വിമർശനങ്ങൾക്ക് മുമ്പിൽ നിന്നത്. കാന്തപുരം വിഭാഗത്തിൽ നിന്നും തുടരെത്തുടരെയുണ്ടാവുന്ന വിമർശനങ്ങളിൽ നിന്നും രക്ഷപ്പെടാൻ വേണ്ടി തുടങ്ങിയ പ്രവർത്തനങ്ങൾ സമസ്തക്കുള്ളിൽ ലീഗ് വിരോധം പ്രചരിപ്പിക്കുന്ന തരത്തിലേക്ക് മാറി. മുസ്‌ലിംലീഗിനെ പൂർണമായും സമസ്തയുടെ വരുതിയിൽ കൊണ്ടുവരണമെന്ന ചിന്താഗതി വളർന്നുവന്നു. മുജാഹിദ് പ്രസ്ഥാനവുമായി സഹകരിക്കുന്നവർക്ക് തെരഞ്ഞെടുപ്പുകളിൽ സീറ്റ് നിഷേധിക്കണമെന്ന ആവശ്യങ്ങൾ ഉ

**2002ൽ മുജാഹിദ് പ്രസ്ഥാനത്തിൽ സംഭവിച്ച ദൗർഭാഗ്യകരമായ പിളർപ്പിന്റെ മുന്നോടിയായി 'ജനവാർത്ത' എന്ന പേരിൽ ഒരു പത്രമിറക്കി മുജാഹിദുകളെ അവഗണിക്കുന്ന ലീഗ് നേതൃത്വത്തിനെതിരെ ശക്തമായി പ്രതികരിക്കണമെന്ന സന്ദേശം പ്രചരിപ്പിക്കുകയുണ്ടായി. അന്നത്തെ ഐ.എസ്.എം. നേതൃത്വത്തിലെ ചിലർ ലീഗ് നേതാക്കളായ കൊരമ്പയിൽ, പി.കെ. കുഞ്ഞാലിക്കുട്ടി എന്നിവരെ നേരിൽ കണ്ട് എം.ഐ തങ്ങൾക്ക് വേണ്ടി സീറ്റിനായി അഭ്യർഥിച്ചു. മുജാഹിദ് പ്രസ്ഥാനത്തെ സംബന്ധിച്ചിടത്തോളം തീർത്തും പരിചിതമല്ലാത്ത രീതിയാണിത്. മുജാഹിദ് നേതാക്കളുടെ പക്വമായ ഇടപെടലുകൾ കൊണ്ട് പ്രസ്ഥാനത്തിന്റെ പേരിൽ നേതാക്കളറിയാതെ നടന്നുവന്ന ദുഷിച്ച പ്രവണതകളെ പിഴുതെറിയാൻ സാധിച്ചു.**

യർത്തിപ്പിടിച്ചു. മുസ്‌ലിം ലീഗ് നേതാക്കളുടെ പ്രവർത്തനങ്ങളിൽ എവിടെയെങ്കിലും മുജാഹിദ് അനുകൂല പ്രസ്താവനകൾ ഉണ്ടാകുന്നുണ്ടോ എന്ന് ഭൂതക്കണ്ണാടി വെച്ച് നോക്കാൻ തുടങ്ങി.

ഇ.ടി. മുഹമ്മദ് ബഷീർ എം.പിയുടെ പത്ത് സെക്കന്റ് പോലും ദൈർഘ്യമില്ലാത്ത ഒരു ഭാഗമെടുത്ത് സമസ്തയെ ആക്ഷേപിക്കുന്നുവെന്ന തരത്തിൽ പ്രചരിപ്പിച്ചു. തൗഹീദിന്റെ പ്രചാരണത്തിൽ മുജാഹിദ് പ്രസ്ഥാനം വലിയ പങ്കുവഹിച്ചിരിക്കുന്നു എന്ന ഭാഗമാണ് വിവാദത്തിന്റെ കാതൽ. 2016ൽ ആലപ്പുഴയിൽ നടന്ന സമസ്തയുടെ തൊണ്ണൂറാം വാർഷികത്തിൽ സമസ്തയുടെ പ്രവർത്തനങ്ങളെ പുകഴ്ത്തിക്കൊണ്ട് ഇ.ടി. നടത്തിയ പ്രസംഗം വിമർശകർ കേൾക്കേണ്ടതുണ്ട്. സമസ്തയുടെ ഉത്തരവാദപ്പെട്ട നേതാക്കളോ പണ്ഡിതരോ അല്ല ഇതിന്റെ പിന്നിലെന്ന് മനസ്സിലാക്കാൻ വലിയ പ്രയാസമില്ല. രാജ്യസഭാംഗത്വം പോലെയുള്ള സ്ഥാനമാനങ്ങൾ ലക്ഷ്യമിട്ടുകൊണ്ട് ചിലർ നടത്തുന്ന പ്രവർത്തനങ്ങളാണ് ഇതിന്റെ പിന്നിലെന്നും ചില അടക്കം പറച്ചിലുകൾ സമസ്തക്കുള്ളിൽ തന്നെയുണ്ട്. സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ വിളിച്ചു ചേർത്ത മുസ്‌ലിം സംഘടനകളുടെ യോഗത്തിനു ശേഷം കാന്തപുരം വിഭാഗത്തിലെ ചില പ്രമുഖരും ഇ.കെ സമസ്തയിലെ രാഷ്ട്രീയ മോഹികളും ഒരുമിച്ചിരുന്നുവെന്നാണ് കാന്തപുരം വിഭാഗത്തിലെ ചിലർ സോഷ്യൽ മീഡിയകളിലൂടെ വ്യക്തമാക്കിയത്. ലീഗ് നേതാക്കൾ 'സലഫിസം' പ്രചരിപ്പിക്കാൻ ശ്രമിക്കുന്നുവെന്നും തെരഞ്ഞെടുപ്പുകളിൽ ഇതിന് മറുപടി നൽകണമെന്നുമൊക്കെ അവർ പരസ്പരം സംസാരിച്ചുവത്രെ. ഇരിക്കുന്ന കൊമ്പ് മുറിഞ്ഞാലും സ്വന്തം വീട് കത്തിച്ചാമ്പലായാലും സഞ്ചരിക്കുന്ന കപ്പലിന് ദ്വാരം വീണാലും ഇക്കൂട്ടർക്ക് ഒരു പ്രശ്നവുമില്ല. കളവുകൾ പ്രചരിപ്പിക്കുവാൻ യാതൊരു മടിയുമില്ല. സമുദായം ഇത്തരം അപക്വമതികൾക്കെതിരെ ശക്തമായി പ്രതികരിക്കേണ്ടിയിരിക്കുന്നു.

മുജാഹിദ് പ്രസ്ഥാനത്തിന്റെ പേരിലും ചിലർ ഇത്തരം പ്രവർത്തനങ്ങളുമായി കടന്നുവന്നിരുന്നു. 2001ലെ പൊതുതെരഞ്ഞെടുപ്പിന്റെ സന്ദർഭത്തിലായിരുന്നു അത്. 2002ൽ മുജാഹിദ് പ്രസ്ഥാനത്തിൽ സംഭവിച്ച ദൗർഭാഗ്യകരമായ പിളർപ്പിന്റെ മുന്നോടിയായി 'ജനവാർത്ത' എന്ന പേരിൽ ഒരു പത്രമിറക്കി മുജാഹിദുകളെ അവഗണിക്കുന്ന ലീഗ് നേതൃത്വത്തിനെതിരെ ശക്തമായി പ്രതികരിക്കണമെന്ന സന്ദേശം പ്രചരിപ്പിക്കുകയുണ്ടായി. അന്നത്തെ ഐ.എസ്.എം. നേതൃത്വത്തിലെ ചിലർ ലീഗ് നേതാക്കളായ കൊരമ്പയിൽ, പി.കെ. കുഞ്ഞാലിക്കുട്ടി എന്നിവരെ നേരിൽ കണ്ട് എം.ഐ തങ്ങൾക്ക് വേണ്ടി സീറ്റിനായി അഭ്യർഥിച്ചു. മുജാഹിദ് പ്രസ്ഥാനത്തെ സംബന്ധിച്ചിടത്തോളം തീർത്തും പരിചിതമല്ലാത്ത രീതിയാണിത്. മുജാഹിദ് പ്രവർത്തകർ രാഷ്ട്രീയത്തിൽ സജീവമാകുമ്പോഴും ഒരു പ്രസ്ഥാനം എന്ന നിലയ്ക്ക് രാഷ്ട്രീയ പാർട്ടികൾക്ക് മുമ്പിൽ സമ്മർദശക്തിയായി മുജാഹിദുകൾ നിൽക്കാറില്ല. അന്നത്തെ മുജാഹിദ് യുവ നേതൃത്വത്തിന്റെ പ്രവർത്തനങ്ങൾ പത്രങ്ങളിൽ വാർത്തയായപ്പോൾ മുജാഹിദ് നേതാക്കൾക്ക് വിശദീകരണം കൊടുക്കേണ്ടി വന്നു. പ്രസ്തുത വിശദീകരണം ഇങ്ങനെയായിരുന്നു: 'മുജാഹിദ് പ്രസ്ഥാനത്തിന്റെ രാഷ്ട്രീയ കാഴ്ചപ്പാട് വളരെ വ്യക്തമാണ്. നാളിതുവരെ മാറ്റമില്ലാതെ തുടർന്നുപോന്ന ആ നിലപാടിൽ ഒരു വ്യതിയാനവുമില്ല. തെരഞ്ഞെടുപ്പിൽ തങ്ങളുടെ പ്രതിനിധിയായി പ്രത്യേകം വ്യക്തികളെ പ്രത്യകം മത്സരിപ്പിക്കണമെന്നു മുജാഹിദ് പ്രസ്ഥാനം ഇന്നേവരെ ഒരു രാഷ്ട്രീയ പാർട്ടിയോടും ആവശ്യപ്പെട്ടിട്ടില്ല. മുസ്‌ലിം ലീഗിൽ മുജാഹിദ് പ്രവർത്തകരും സുന്നികളും അല്ലാത്തവരും അംഗങ്ങളായിരിക്കും. മുജാഹിദ് പ്രസ്ഥാനത്തിൽ ലീഗുകാരും അല്ലാത്തവരുമുണ്ട്. ലീഗിന്റെ സ്ഥാനാർഥി നിർണയത്തിൽ അഭിപ്രായം പ്രകടിപ്പിക്കുന്നവരിൽ മുജാഹിദുകളായ മുസ്‌ലിംലീഗുകാരുണ്ടെങ്കിൽ അത് ലീഗുകാരുടെ അഭിപ്രായം എന്നല്ലാതെ മുജാഹിദ് പ്രസ്ഥാനത്തിന്റെ അഭിപ്രായമായി കണ്ടുകൂടാ.' (ചന്ദ്രിക 2001 ഏപ്രിൽ 6).

ഇതിനെ തുടർന്ന് മാധ്യമം ഇങ്ങനെ വിശദീകരണം നൽകി: 'മുജാഹിദ് യുവജന സംഘടനയായ ഐ.എസ്.എമ്മിൽ നിന്ന് വിശ്വാസയോഗ്യമായി ലഭിച്ച വാർത്തയാണ് നേരത്തെയും പിന്നീടും പ്രസിദ്ധീകരിച്ചതെന്നും ഐ.എസ്.എം. നേതൃത്വം ഇപ്പോഴും വാർത്ത നിഷേധിച്ചിട്ടില്ലെന്നും ലേഖകൻ അറിയിച്ചു- ന്യൂസ് എഡിറ്റർ' (മാധ്യമം, 2001 ഏപ്രിൽ 14). മുജാഹിദ് നേതാക്കളുടെ പക്വമായ ഇടപെടലുകൾ കൊണ്ട് പ്രസ്ഥാനത്തിന്റെ പേരിൽ നേതാക്കളറിയാതെ നടന്നുവന്ന ദുഷിച്ച പ്രവണതകളെ പിഴുതെറിയാൻ സാധിച്ചു.

മുസ്‌ലിം സമുദായത്തിന്റെ ഐക്യത്തിനും ഭദ്രതക്കുമാണ് എക്കാലവും മുജാഹിദുകൾ ഏറ്റവും വലിയ പരിഗണന നൽകിയിട്ടുള്ളത്. പ്രസ്ഥാനത്തിന് ലഭിക്കേണ്ട എന്ത് ആനുകൂല്യങ്ങൾ നഷ്ടപ്പെട്ടാലും മുസ്‌ലിം സമുദായത്തിന്റെ സുരക്ഷക്ക് പോറലേൽക്കുന്ന ഒരു പ്രവർത്തനത്തിനും മുജാഹിദുകൾ കൂട്ടുനിൽക്കില്ല. സമസ്തയും മുജാഹിദ് പ്രസ്ഥാനവും തബ്‌ലീഗ് ജമാഅത്തതും എം.ഇ.എസ്സും, എം.എസ്. എസ്സും അടക്കമുള്ള മുഴുവൻ സംഘടനകളും ഇത്തരത്തിലുള്ള വീക്ഷണം പ്രചരിപ്പിക്കുകയും തങ്ങളുടെ അംഗങ്ങളിൽ സാമുദായിക ഐക്യത്തിന്റെയും രാഷ്ട്രീയ മേഖലകളിൽ വിവേകത്തോടെയുള്ള ഇടപെടലുകളുടെയും പ്രാധാന്യം പഠിപ്പിക്കാൻ മുമ്പോട്ട് വരികയുമാണ് വേണ്ടത്. ●

ആത്മീയതയുടെ വ്യവസായവൽക്കരണം നീതിബോധം ദുർബലപ്പെടുന്നു

# ആത്മീയ ചൂഷണങ്ങൾക്കെതിരെയുള്ള ബോധവൽക്കരണത്തിന് ഉജ്വല സമാരംഭം

കൊണ്ടോട്ടി: സമൂഹത്തിന്റെ ധാർമിക, നവോത്ഥാന മുന്നേറ്റങ്ങൾക്ക് കരുത്ത് പകരേണ്ട ആത്മീയ മേഖലയിലേക്ക് കച്ചവട താൽപര്യങ്ങൾ കടന്നുവന്നത് സമൂഹത്തിന്റെ ഐക്യവും കെട്ടുറപ്പും നഷ്ടപ്പെടുന്നതിന് കാരണമായിട്ടുണ്ടെന്ന് കൊണ്ടോട്ടിയിൽ വിസ്ഡം ഗ്ലോബൽ ഇസ്‌ലാമിക് മിഷൻ സംഘടിപ്പിച്ച കാംപെയ്ൻ ഉദ്ഘാടന സമ്മേളനം അഭിപ്രായപ്പെട്ടു.

'ആത്മീയ ചൂഷണങ്ങൾക്കെതിരെ' എന്ന പ്രമേയത്തിൽ വിസ്ഡം ഗ്ലോബൽ ഇസ്‌ലാമിക് മിഷൻ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന പ്രചാരണ പരിപാടിയുടെ ഉദ്ഘാടനം ആയിരങ്ങളുടെ സാന്നിധ്യത്തിൽ പ്രമുഖ പണ്ഡിതൻ കുഞ്ഞുമുഹമ്മദ് മദനി പറപ്പൂർ നിർവഹിച്ചു.

സമൂഹത്തിന്റെ അജ്ഞതയും വിശ്വാസ താൽപര്യങ്ങളും ചൂഷണം ചെയ്ത് വമ്പിച്ച തട്ടിപ്പുകളാണ് ആത്മീയതയുടെ മറവിൽ രാജ്യത്ത് നടന്നുകൊണ്ടിരിക്കുന്നത്. തട്ടിപ്പുകൾ ആവർത്തിക്കപ്പെടുമ്പോഴും വളരെ ചുരുക്കം കേസുകൾ മാത്രമാണ് നിയമ നടപടികൾക്കോ ശിക്ഷകൾക്കോ വിധേയമാകുന്നത്.

നാണയത്തുട്ടുകളുടെ മൂല്യം പോലും വരാത്ത നൂലുകളും മോതിരങ്ങളും ജനങ്ങളെ വഞ്ചിച്ച് ആയിരങ്ങൾ വാങ്ങി കൈമാറുന്ന കച്ചവടം അവസാനിപ്പിക്കാൻ സർക്കാർ ശക്തമായ നടപടി സ്വീകരിക്കണം.

കേരളത്തിൽ ഈയടുത്ത കാലങ്ങളിലായി ആത്മീയ ചൂഷണങ്ങൾക്ക് വിധേയമായി കൊല്ലം, പെരിന്തൽമണ്ണ, നാദാപുരം എന്നിവിടങ്ങളിൽ ജീവഹാനി സംഭവിച്ചിട്ടും ശക്തമായ നടപടികളോ ശിക്ഷാവിധികളോ ഇല്ലാതെപോകുന്നത് ഇത്തരം സംഭവങ്ങൾ ആവർത്തിക്കപ്പെടാൻ കാരണമാകുമെന്നും സമ്മേളനം അഭിപ്രായപ്പെട്ടു.

ഏകദൈവ വിശ്വാസത്തിലധിഷ്ഠിതമായ ജീവിതത്തിലൂടെ മാത്രമെ മോക്ഷവും സമാധാനവും കൈവരിക്കുവാൻ സാധിക്കുകയുള്ളൂ. മുസ്‌ലിം സമൂഹം തങ്ങളുടെ അടിസ്ഥാന വിശ്വാസങ്ങളിൽ നിന്നും വ്യതിചലിച്ച് ജീവിക്കുന്നതാണ് വലിയ വെല്ലുവിളിയായി നിലനിൽക്കുന്നത്.

വിസ്ഡം ഗ്ലോബൽ ഇസ്‌ലാമിക് മിഷൻ വൈസ് ചെയർമാൻ അബൂബക്കർ സലഫി അധ്യക്ഷത വഹിച്ചു. ടി.വി ഇബ്‌റാഹീം എം.എൽ.എ, ന്യൂനപക്ഷ ക്ഷേമ വികസന ധനകാര്യ കോർപറേഷൻ ചെയർമാൻ പ്രൊഫ. എ.പി അബ്ദുൽ വഹാബ്, യു.എ.ഇ ഇന്ത്യൻ ഇസ്‌ലാഹി സെന്റർ പ്രസിഡന്റ് ഹുസൈൻ സലഫി, അബ്ദുൽ ജബ്ബാർ മൗലവി തുറക്കൽ, വിസ്ഡം ഗ്ലോബൽ ഇസ്‌ലാമിക് മിഷൻ ജന: കൺവീനർ ടി.കെ അശ്‌റഫ്, ജാമിഅ അൽഹിന്ദ് അൽ ഇസ്‌ലാമിയ്യ ഡയറക്ടർ ഫൈസൽ മൗലവി പുതുപ്പറമ്പ്, നാസിർ ബാലുശ്ശേരി, നബീൽ രണ്ടത്താണി, അബ്ദുൽ മാലിക് സലഫി, ഹുസൈൻ കാവന്നൂർ, ഐ.എസ്.എം സംസ്ഥാന ജന: സെക്രട്ടറി കെ. സജ്ജാദ്, എം.എസ്.എം ജന: സെക്രട്ടറി ലുബൈബ്, മുഹമ്മദ് അലി പുലാശ്ശേരി എന്നിവർ പ്രസംഗിച്ചു.

## ചരിത്രത്തെ വർഗീയവൽക്കരിക്കരുത്: എം.എസ്.എം

കോഴിക്കോട്: രാജ്യത്ത് നിലനിൽക്കുന്ന യാഥാർഥ്യങ്ങളെ തങ്ങളുടെ താൽപര്യങ്ങൾക്ക് വേണ്ടി പുതിയ വ്യാഖ്യാനം നൽകി അവതരിപ്പിക്കുവാനുള്ള ഫാഷിസ്റ്റ് നീക്കങ്ങൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കണമെന്ന് വിസ്ഡം ഗ്ലോബൽ ഇസ്‌ലാമിക് മിഷന്റെ ഭാഗമായി എം.എസ്.എം കോഴിക്കോട് സൗത്ത് ജില്ല സമിതിയുടെ ആഭിമുഖ്യത്തിൽ പന്തീരാങ്കാവ് അനുഗ്രഹ പാലസിൽ സംഘടിപ്പിച്ച ഹൈസെക്ക് ജില്ല ഹയർ സെക്കന്ററി വിദ്യാർഥി സമ്മേളനം അഭിപ്രായപ്പെട്ടു.

ചരിത്രത്തെ വർഗീയവൽക്കരിച്ച് ആശയ പ്രചാരണം നടത്തുവാനുള്ള നീക്കങ്ങൾ അപലപനീയമാണ്. സർക്കാർ സംവിധാനങ്ങളിലൂടെ ആശയ പ്രചാരണത്തിന് അവസരമൊരുക്കുന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്നും സമ്മേളനം ആവശ്യപ്പെട്ടു. വിദ്യാർഥി സമൂഹത്തിൽ മാനവിക മൂല്യങ്ങൾ വളർത്തിയെടുക്കാൻ സാധിക്കും വിധം പാഠ്യപദ്ധതികളിൽ കാലാനുസൃതമായ പരിഷ്‌ക്കരണങ്ങൾ വേണം.

നന്മയുടെ പ്രചാരണങ്ങളിലെ പങ്കാളിത്തത്തോടൊപ്പം തിന്മകൾക്കെതിരെ പ്രതിരോധം തീർക്കുവാനും വിദ്യാർഥി സമൂഹത്തെ സജ്ജമാക്കാൻ കലാലയങ്ങൾക്ക് സാധിക്കണം. അക്ഷരങ്ങളെ വായിച്ചെടുക്കുക എന്നതിലുപരി അക്ഷരങ്ങളുടെ ആശയപ്രചാരണമാണ് പ്രൈമറി വിദ്യാഭ്യാസം വഴി സമൂഹത്തിന് ലഭിക്കേണ്ടതെന്നും സമ്മേളന പ്രമേയം കൂട്ടിച്ചേർത്തു.

റാഷിദ ബിൻത് ഉസ്മാൻ
AIWA കോളേജ് മോങ്ങം

ബാലപഥം

ആശയ വിവർത്തനം

# ഹാദിയയുടെ വിജയം



ആ വീട്ടിലെ മൂന്ന് മക്കളിൽ ഇളയവളാണ് ഹാദിയ. ഉപ്പയും ഉമ്മയും ജോലിക്കാരാണ്. രാവിലെ വീട്ടിൽനിന്നും പോയാൽ വൈകുന്നേരമാണ് തിരിച്ചുവരിക. ഹാദിയയുടെ രണ്ട് സഹോദരങ്ങളും വികൃതിക്കുട്ടികളാണ്. ഹാദിയയെ കളിയാക്കലാണ് അവരുടെ പ്രധാനപ്പെട്ട വിനോദം. പലപ്പോഴും ശാരീരികമായി വേദനിപ്പിക്കുകയും ചെയ്യും.

വേനലവധി കാലത്താണ് അവൾ ഏറെ പ്രയാസപ്പെട്ടത്. ഉപ്പയും ഉമ്മയും ജോലിക്കു പോയാൽ ഹാദിയയും സഹോദരങ്ങളും മാത്രമാണ് വീട്ടിൽ. സഹോദരങ്ങൾ സന്ദർഭം മുതലാക്കി ഹാദിയയെ ഉപദ്രവിക്കും. അവൾ നിത്യവും ഉമ്മയോട് പരാതി പറയും. അവർ അതൊന്നും അത്ര കാര്യമാക്കിയില്ല. കുട്ടികളല്ലേ, അൽപസ്വൽപമൊക്കെ വികൃതി കാട്ടാതിരിക്കുമോ, അതും വീട്ടിൽ മറ്റാരുമില്ലെങ്കിൽ പ്രത്യേകിച്ചും എന്നായിരുന്നു അവരുടെ ചിന്ത.

ഉപ്പയോട് പരാതി പറഞ്ഞപ്പോൾ അദ്ദേഹം ഹാദിയയെ സമാധാനിപ്പിക്കുവാൻ അവൾ കേൾക്കെ അവളുടെ സഹോദങ്ങളെ ശകാരിച്ചു. അത്രമാത്രം. അവൾ പിന്നെ ആരോടും ആവലാതി പറയാൻ പോയില്ല.

എന്നാൽ സഹോദരങ്ങൾ വികൃതി അവസാനിപ്പിച്ചില്ല. അവരുടെ കളിയാക്കൽ കേൾക്കുമ്പോൾ അവൾക്ക് ദേഷ്യം വരും. എന്നാൽ മറുത്തൊന്നും പറയില്ല. അവൾ മൗനമായി കരയും. അത് കാണുമ്പോൾ അവർ കളിയാക്കലിന് ശക്തി കൂട്ടും. ചിലപ്പോൾ തോണ്ടുകയോ പിച്ചുകയോ ചെയ്യും.

അതോടെ അവൾ അവരിൽനിന്ന് മനഃപൂർവം ഒഴിഞ്ഞുമാറി നടക്കാൻ തുടങ്ങി. അവർ എന്തെങ്കിലും പറയുമ്പോഴേക്കും ഹാദിയ റൂമിൽ കയറി വാതിലടക്കും. അവർ പിന്തിരിഞ്ഞാൽ മാത്രം പുറത്തിറങ്ങും.

ഒരു ദിവസം മദ്റസയിൽനിന്നും മടങ്ങിവന്ന ശേഷം പതിവു പോലെ സ്കൂളിലെ ഓരോ കാര്യം പറഞ്ഞ് സഹോദരങ്ങൾ വഴക്കിന് തുടക്കം കുറിച്ചു. ഉടൻ തന്നെ ഹാദിയ റൂമിൽ പ്രവേശിച്ച് വാതിലടച്ചു.ഒരുപാട് സമയം കഴിഞ്ഞിട്ടും അവൾ പുറത്തിറങ്ങിവരുന്നത് കാണുന്നില്ല. മുറിക്കകത്തുനിന്നും ഒരു ശബ്ദവും കേൾക്കുന്നുമില്ല. സഹോദരങ്ങൾക്ക് പേടിയായി. അവർ വാതിലിൽ മുട്ടി. 'ഇനി ഞങ്ങൾ കളിയാക്കില്ല, ബുദ്ധിമുട്ടിക്കില്ല... സോറി' അവർ ഉച്ചത്തിൽ വിളിച്ചു പറഞ്ഞു.

അവൾക്ക് അവരെ നന്നായി അറിയാം. അവർ തൽക്കാലം ഒന്നും ചെയ്യില്ല. എന്നാൽ കുറച്ചു കഴിഞ്ഞാൽ തനിസ്വഭാവം കാണിക്കും. അന്നേരം താൻ പിന്നെയും റൂമിലേക്ക് മടങ്ങേണ്ടിവരും.ദുഃഖിതയായി തനിച്ചിരിക്കേണ്ടിവരും.

സഹോദരങ്ങൾ അവൾ മുറിയിൽ എന്തെടുക്കുന്നു എന്നറിയാനുള്ള ആകാംക്ഷയിലാണ്.

അവൾ മിണ്ടുന്നില്ല. അവർക്ക് ഒന്നും കാണാനും പറ്റുന്നില്ല. അന്ന് കുറെ വൈകി മാത്രമാണ് അവൾ മുറിയിൽ നിന്നും പുറത്തുവന്നത്. ഇത് പിന്നെ സ്ഥിരം പതിവായി. ഹാദിയ ആരോടും പരാതി പറയാനും പോയില്ല.

ഒരു ദിവസം മദ്റസ വിട്ട് ഹാദിയ വീട്ടിൽ വന്നത് വളരെ സന്തോഷവതിയായിട്ടാണ്. ഉമ്മയും ഉപ്പയും ജോലിക്ക് പോകുവാൻ ഒരുങ്ങിക്കഴിഞ്ഞിട്ടുണ്ട്.

"ഉമ്മാ, ക്വുർആൻ ഹിഫ്ദ്മത്സരത്തിൽ എനിക്കാണ് ഒന്നാം സ്ഥാനം" ഹാദിയ ആഹ്ലാദത്തോടെ വിളിച്ചു പറഞ്ഞു.

"നിനക്ക് ഒന്നാം സ്ഥാനമോ? അതും ഹിഫ്ദിൽ?" ഉമ്മ അത്ഭുതത്തോടെ ചോദിച്ചു.

"ശരിയാണ് ഉമ്മാ, അവൾ കാണാതെ ഓതുന്നത് കേട്ട് മദ്റസയിലെ എല്ലാവരും അത്ഭുതപ്പെട്ടു" ഹാദിയയുടെ മൂത്ത സഹോദരൻ പറഞ്ഞു.


"അതിന് നീ എന്നാണ് ക്വുർആൻ ഇത്രയധികം മനഃപാഠമാക്കിയത്?" ഉപ്പ ചോദിച്ചു.

അപ്പോൾ ഹാദിയ സംഭവം വിവരിച്ചുകൊടുത്തു. സഹോദരങ്ങളുടെ ശല്യത്തിൽനിന്നും രക്ഷപ്പെടാനായി ഒരുദിവസം മുറിയിൽ കയറി സങ്കടപ്പെട്ടുകൊണ്ട് കുറെ നേരം ഇരുന്നപ്പോഴാണ് മുന്നിലെ മേശപ്പുറത്തുള്ള ക്വുർആൻ ശ്രദ്ധയിൽ പെട്ടത്. വെറുതെ ഇരിക്കുന്നതിനെക്കാളും നല്ലതാണല്ലോ എന്ന വിചാരത്താൽ മദ്റസയിൽനിന്ന് പഠിച്ച ഭാഗങ്ങൾ പാരായണം ചെയ്തു. മണിക്കൂറുകളോളം കതകടച്ചിരിക്കുന്ന സമയത്ത് മനഃപാഠമാക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ചു. അങ്ങനെ മദ്റസയിൽ നടന്ന മൽസരത്തിൽ ഒന്നാം സ്ഥാനം നേടി.

ഉപ്പയും ഉമ്മയും സഹോദരങ്ങളും ഇത് കേട്ട് ആശ്ചര്യപ്പെട്ടു. അവളെ അനുമോദനങ്ങൾകൊണ്ട് പൊതിഞ്ഞു. തങ്ങൾ ചെയ്തത് തെറ്റായിരുന്നെങ്കിലും അതുകൊണ്ട് ഇങ്ങനെയൊരു ഗുണമുണ്ടായല്ലോ എന്ന് സഹോദരങ്ങൾ ആശ്വസിച്ചു. ഇനി മുതൽ തങ്ങൾ നല്ല കുട്ടികളാകുമെന്നും ഹാദിയയെ പോലെ സമയം നല്ല കാര്യങ്ങൾക്ക് വേണ്ടി ഉപയോഗപ്പെടുത്തുമെന്നും അവർ പ്രതിജ്ഞ ചെയ്തു.

ഉസ്മാൻ പാലക്കാഴി
usmanpalakkazhi@gmail.com

കവിത



# സൂക്ഷിച്ചാൽ ദുഃഖിക്കേണ്ട


റോഡിലൂടെ യാത്ര ചെയ്യും
കൂട്ടുകാരറിയണം
റോട്ടിൽ പാലിക്കേണ്ട
നിയമമൊക്കെയുമറിയണം
കാൽനടക്കാർ പാലിക്കേണ്ട
നിയമമുണ്ട് കൂട്ടരേ
വണ്ടിയോടിക്കുന്നവർക്കും
ഏറെ നിയമമുണ്ടഹോ
ബൈക്കിലെങ്കിൽ ഹെൽമറ്റുണ്ടേൽ
ഗുണം നമുക്ക് തന്നെയാം
സിഗ്നൽ നോക്കി യാത്ര ചെയ്താൽ
ഗുണം പലർക്കും കിട്ടിടും
ശ്രദ്ധയില്ലയെങ്കിലോ
അപകടങ്ങൾ കൂടിടും
അത് നമുക്കും മറ്റു യാത്രി-
കർക്കും നാശമേകിടും
ഇഹപരത്തിൽ രക്ഷ കിട്ടാൻ
നിയമമനുസരിക്കണം
അഹന്ത കാട്ടിടാതെ
താഴ്മയോടെ നാം നടക്കണം.

ഹുസൈൻ സലഫി, ഷാർജ
hsalafi@gmail.com



ഇബ്‌റാഹീം നബി(അ): 2

# മകന്റെ സൗമ്യതയും പിതാവിന്റെ പരുഷതയും



"തീർച്ചയായും ഇബ്‌റാഹീം സഹനശീലനും ഏറെ അനുകമ്പയുള്ളവനും പശ്ചാത്താപമുള്ളവനും തന്നെയാണ്" (ക്വുർആൻ 11:75).

"നിഷ്‌കളങ്കമായ ഹൃദയത്തോടു കൂടി അദ്ദേഹം തന്റെ രക്ഷിതാവിങ്കൽ വന്ന സന്ദർഭം (ശ്രദ്ധേയമാകുന്നു)" (37:84).

"അല്ലാഹു ഇബ്‌റാഹീമിനെ സുഹൃത്തായി സ്വീകരിച്ചിരിക്കുന്നു" (ക്വുർആൻ 4:125).

അല്ലാഹുവിന്റെ ഖലീൽ എന്ന സ്ഥാനം ഇബ്‌റാഹീം നബിﷺക്കും മുഹമ്മദ് നബിﷺക്കുമാണ് നൽകപ്പെട്ടിട്ടുള്ളത്.

"(കടമകൾ) നിറവേറ്റിയ ഇബ്‌റാഹീമിന്റെയും (53:37). അല്ലാഹുവുമായി ഏറ്റടുത്ത മുഴുവൻ കരാറും പൂർത്തിയാക്കിയെന്ന് അല്ലാഹുവാണ് അംഗീകരിക്കുന്നത്. ഹദീസുകളിലും ചില വിശേഷണങ്ങൾ കാണാം

അനസ്ﷺവിൽ നിന്ന് നിവേദനം: "ഒരാൾ അല്ലാഹുവിന്റെ ദൂതരുടെ അടുക്കലേക്ക് വന്നുകൊണ്ട് പറഞ്ഞു: 'ഓ, മനുഷ്യരിലെ ഏറ്റവും ഉത്തമരേ.' അപ്പോൾ റസൂൽﷺ പറഞ്ഞു: 'അത് ഇബ്‌റാഹീംﷺയാണ്.'

മനുഷ്യരിൽ ഏറ്റവും ഉത്തമൻ മുഹമ്മദ് നബിﷺ തന്നെ ആയിരുന്നിട്ടും എന്തുകൊണ്ട് ഇബ്‌റാഹീംﷺനെ കുറിച്ച് അവിടുന്ന് ഇപ്രകാരം പറഞ്ഞുവെന്ന് പണ്ഡിതന്മാർ വിവരിച്ചിട്ടുണ്ട്.

ഇബ്‌നു കഥീർ(റഹി) പറഞ്ഞു: "നബിﷺ പിതാവായ ഇബ്‌റാഹീം നബിﷺയുടെ കൂടെ തന്റെ എളിമയും വിനയവും കാണിച്ചതാണിത്. നബിﷺ പറഞ്ഞത് പോലെ; 'നിങ്ങൾ മറ്റു പ്രവാചകന്മാരെക്കാൾ എന്നെ ശ്രേഷ്ഠനാക്കരുത്.' അവിടുന്ന് പറഞ്ഞു: 'മൂസയെക്കാൾ എന്നെ നിങ്ങൾ ശ്രേഷ്ഠനാക്കരുത്. കാരണം തീർച്ചയായും മനുഷ്യരെല്ലാം ക്വിയാമത്ത് നാളിൽ ബോധരഹിതരായി വീഴും. അപ്പോൾ ഞാനായിരിക്കും ആദ്യം എഴുന്നേൽക്കുന്നവൻ. അപ്പോൾ ഞാൻ നോക്കുമ്പോൾ അർശ് പിടിച്ച് നിൽക്കുന്നതായി മൂസായെ കാണും. എനിക്ക് മുമ്പ് എണീറ്റതാണോ അതോ ത്വൂറിൽ വെച്ച് ബോധരഹിതനായത് ഇതിന് പകരമാണോ എന്ന് എനിക്ക് അറിയില്ല.' (ഇബ്‌നു കഥീർ തുടരുന്നു:) 'ഇതൊന്നും ക്വിയാമത്ത് നാളിൽ മനുഷ്യ

രുടെ നേതാവാണ് ഞാൻ എന്ന് മുതവാതിർ കൊണ്ട് (ധാരാളം പരമ്പരകളിലൂടെ ഉദ്ധരിക്കപ്പെട്ടത്) സ്ഥിരപ്പെട്ടു വന്നതിന് എതിരാകുന്നില്ല.'

മുഹമ്മദ് നബിﷺക്ക് മുമ്പ് നിയുക്തരായ എത്രയോ പ്രവാചകന്മാരുണ്ടായിട്ടും പല പ്രാർഥനകളിലൂടെയും നാം ഏറ്റവും കൂടുതൽ സ്മരിക്കുന്നത് ഇബ്‌റാഹീം(അ)നെയാണ്. പ്രാഭാതത്തിലെ പ്രാർഥനയിൽ നാം ആ പേര് സ്മരിക്കുന്നു. നമസ്‌കാരത്തിലെ തശഹ്ഹുദിലും നാം ആ പേര് സ്മരിക്കുന്നുണ്ട്. എന്താണ് മറ്റു പ്രവാചകന്മാരുടെ പേരുകളൊന്നും സ്മരിക്കാതെ ഇബ്‌റാഹീം(അ)ന്റെ പേര് പരാമർശിക്കാനുള്ള കാരണം എന്ന് പണ്ഡിതന്മാർ ചർച്ചചെയ്തിട്ടുണ്ട്.

ക്വിയാമത്ത് നാളിൽ അല്ലാഹു മനുഷ്യരെയെല്ലാം നഗ്‌നരായിട്ടാണല്ലോ ഉയർത്തെഴുന്നേൽപിക്കുന്നത്. അന്ന് ആദ്യം വസ്ത്രം ധരിക്കുന്നത് ഇബ്‌റാഹീം(അ) ആയിരിക്കുമെന്നതും അദ്ദേഹത്തിന്റെ ഒരു പ്രത്യേകതയാണ്. 'ക്വിയാമത്ത് നാളിൽ സൃഷ്ടികളിൽ ആദ്യമായി വസ്ത്രം ധരിപ്പിക്കപ്പെടുന്നത് ഇബ്‌റാഹീം(അ)നായിരിക്കും' (മുസ്‌ലിം).

ഇബ്‌നു മസ്ഊദ്(റ)വിൽ നിന്ന് നിവേദനം; അദ്ദേഹം പറഞ്ഞു: "അല്ലാഹുവിന്റെ ദൂതൻﷺ പറഞ്ഞു: ഇസ്‌റാഇന്റെ രാത്രിയിൽ ഞാൻ ഇബ്‌റാഹീം നബി(അ)നെ കണ്ടു. അപ്പോൾ എന്നോട് പറഞ്ഞു: 'മുഹമ്മദ്! നിന്റെ സമുദായത്തിനോട് എന്റെ സലാം പറയണം. തീർച്ചയായും സ്വർഗത്തിലെ മണ്ണ് പരിശുദ്ധവും അതിലെ വെള്ളം രുചിയുള്ളതും ആണെന്ന് അവരെ അറിയിക്കുകയും ചെയ്യുക. തീർച്ചയായും അതിന്റെ മണ്ണിൽ വെച്ചു പിടിപ്പിക്കാവുന്ന ചെടിയുണ്ട് എന്നും അറിയിക്കുക' (തിർമിദി).

കഅ്ബയുടെ നേരെ മുകളിൽ ഏഴാം ആകാശത്തുള്ള ബൈതുൽ മഅ്മൂർ എന്ന വിശുദ്ധ ഗേഹം, അതിന്റെ അടുത്ത് വെച്ച് നബിﷺ ഇബ്‌റാഹീം(അ)നെ കണ്ടിട്ടുണ്ട്. നബിﷺ പറയുന്നു:

"...പിന്നെ എന്നെ ഏഴാം ആകാശത്തേക്ക് കൊണ്ടുപോയി. ജിബ്‌രീൽ (വാതിൽ) തുറക്കാൻ ആവശ്യപ്പെട്ടു. അപ്പോൾ പറയപ്പെട്ടു: 'ആരാണിത്.' (ജിബ്‌രീൽ) പറഞ്ഞു: 'ജിബ്‌രീൽ.' ചോദിക്കപ്പെട്ടു: 'താങ്കളുടെ കൂടെ ആരാണ്.' (ജിബ്‌രീൽ) പറഞ്ഞു: 'മുഹമ്മദ്.' 'ഇവിടേക്ക് നിയോഗിക്കപ്പെട്ടതാണോ' എന്ന് ചോദിക്കപ്പെട്ടു. (ജിബ്‌രീൽ) പറഞ്ഞു: 'ഇവിടേക്ക് നിയോഗിക്കപ്പെട്ടതാണ്.'അങ്ങനെ കവാടം തുറന്നു. അപ്പോൾ ഇബ്‌റാഹീം(അ) ബൈതുൽ മഅ്മൂറിലേക്ക് ചാരിയിരിക്കുന്നതായി ഞാൻ കണ്ടു" (മുസ്‌ലിം).

ചെറിയ പ്രായത്തിൽ മരണപ്പെട്ട മക്കളെ സ്വർഗത്തിൽ ഏറ്റെടുത്തിരിക്കുന്നത് ഇബ്‌റാഹീം നബി(അ)യും, സാറ(റ)യുമാണെന്നും അവിടുന്ന് നമ്മെ പഠിപ്പിച്ചിട്ടുണ്ട്: അബൂഹുറയ്‌റ(റ)വിൽ നിന്ന്; അദ്ദേഹം പറഞ്ഞു: "അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു: 'മുസ്‌ലിംകളുടെ കുട്ടികൾ സ്വർഗത്തിലെ ഒരു പർവതത്തിൽ ആണ്. അവരെ ഇബ്‌റാഹീം(അ)യും സാറ(റ)യും ഏറ്റടുത്തിരിക്കുന്നു. ക്വിയാമത്ത് നാളിൽ അവരുടെ പിതാക്കൾക്ക് നൽകപ്പെടുന്നത് വരെ (അവർ അവരെ ഏറ്റടുത്തിരിക്കുന്നു)."

**ഇബ്‌റാഹീം നബി(അ)യുടെ പ്രബോധനം**

ഇസ്‌ലാമിക പ്രബോധനം മുസ്‌ലിംകളുടെ ബാധ്യതയാണല്ലോ. പ്രബോധനം ആരിൽ നിന്ന്, എന്തിൽ നിന്ന് തുടങ്ങണം എന്നെല്ലാം പ്രമാണങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. ലാ ഇലാഹ ഇല്ലല്ലാഹു എന്ന സന്ദേശം കൊണ്ടാണ് തുടങ്ങേണ്ടത്. സ്വന്തം കുടുംബത്തിൽ നിന്ന്; ഏറ്റവും അടുത്തവരിൽ നിന്ന് തുടങ്ങണം. ഇബ്‌റാഹീം(അ)ന്റെ ചരിത്രം ഇതു നമുക്ക് വ്യക്തമാക്കിത്തരുന്നുണ്ട്. മുഹമ്മദ് നബിﷺയോട് അല്ലാഹു കൽപിച്ചതും ഇപ്രകാരം തന്നെയാണ്.

ഇബ്‌റാഹീം(അ) പിതാവിനെ സത്യമാർഗത്തിലേക്ക് ക്ഷണിക്കുന്നത് അല്ലാഹു ഇപ്രകാരം വിവരിക്കുന്നു:

"വേദഗ്രന്ഥത്തിൽ ഇബ്‌റാഹീമിനെപ്പറ്റിയുള്ള വിവരം നീ പറഞ്ഞുകൊടുക്കുക. തീർച്ചയായും അദ്ദേഹം സത്യവാനും പ്രവാചകനുമായിരുന്നു. അദ്ദേഹം തന്റെ പിതാവിനോട് പറഞ്ഞ സന്ദർഭം (ശ്രദ്ധേയമാകുന്നു:) എന്റെ പിതാവേ, കേൾക്കുകയോ കാണുകയോ ചെയ്യാത്ത, താങ്കൾക്ക് യാതൊരു ഉപകാരവും ചെയ്യാത്ത വസ്തുവെ താങ്കൾ എന്തിന് ആരാധിക്കുന്നു? എന്റെ പിതാവേ, തീർച്ചയായും താങ്കൾക്ക് വന്നുകിട്ടിയിട്ടില്ലാത്ത അറിവ് എനിക്ക് വന്നുകിട്ടിയിട്ടുണ്ട്. ആകയാൽ താങ്കൾ എന്നെ പിന്തുടരൂ; ഞാൻ താങ്കൾക്ക് ശരിയായ മാർഗം കാണിച്ചുതരാം. എന്റെ പിതാവേ, താങ്കൾ പിശാചിനെ ആരാധിക്കരുത്. തീർച്ചയായും പിശാച് പരമകാരുണികനോട് അനുസരണമില്ലാത്തവനാകുന്നു. എന്റെ പിതാവേ, തീർച്ചയായും പരമകാരുണികനിൽ നിന്നുള്ള വല്ല ശിക്ഷയും താങ്കളെ ബാധിക്കുമെന്ന് ഞാൻ ഭയപ്പെടുന്നു. അപ്പോൾ താങ്കൾ പിശാചിന്റെ മിത്രമായിരിക്കുന്നതാണ്" (ക്വുർആൻ 19:41-45).

ഗുണകാംക്ഷയും സൗമ്യതയും ഒത്തിണങ്ങിയ ശൈലിയിൽ 'എന്റെ പിതാവേ' എന്ന് ആവർത്തിച്ച് വിളിച്ചുകൊണ്ട് ഇബ്‌റാഹീം (അ) പിതാവായ ആസറിനെ സത്യത്തിലേക്ക് ക്ഷണിക്കുകയാണ്.

'ഒന്നും കേൾക്കാത്ത, ഒന്നും കാണാത്ത, യാതൊരു ഉപകാരവും ഉപദ്രവവും ചെയ്യാത്തതിനെ എന്തിനാണ് നിങ്ങൾ ആരാധിക്കുന്നത്? നമ്മുടെ ആവശ്യങ്ങൾ പറയുമ്പോൾ കേൾക്കാനും നാം ചെയ്യുന്ന ആരാധനകൾ കാണാനും സാധിക്കുന്നവനെയാണല്ലോ ആരാധിക്കേണ്ടത്. നിങ്ങൾ ആരാധിക്കുന്ന ഈ ബിംബങ്ങൾക്ക് അതിനൊന്നും സാധ്യമല്ലല്ലോ. പിന്നെ എന്തിന് അവയെ ആരാ

ധിക്കണം? ഞാൻ നിങ്ങൾക്ക് ശരിയായ അറിവ് നൽകാം. ആ അറിവ് എനിക്ക് ലഭിച്ചത് എല്ലാം കേൾക്കുന്ന, എല്ലാം അറിയുന്ന, എല്ലാം കാണുന്ന, നമുക്ക് ഉപകാരം ചെയ്യുന്നവനിൽ നിന്നാണ്. ആ അറിവിനെ പിന്തുടർന്നാൽ അങ്ങേക്ക് നേർവഴിയിലാകാം. ഈ അചേതന വസ്തുക്കളെ ആരാധിക്കുവാനായി നിങ്ങൾക്ക് പല ന്യായങ്ങളും തോന്നിപ്പിച്ച് ഈ ദുർമാർഗത്തിൽ നിങ്ങളെ ഉറപ്പിച്ച് നിർത്തുന്നത് പിശാചാണ്. അവനെയാണ് നിങ്ങൾ ആരാധിക്കുന്നത്. അതിനാൽ അവനെ നിങ്ങൾ ആരാധിക്കരുത്. അവൻ പരമ കാരുണികനായ അല്ലാഹുവിനോട് അനുസരണകേട് കാണിച്ചവനാണ്. ഇനിയും നിങ്ങൾ അതിൽ നിന്ന് പിൻമാറാൻ തയ്യാറില്ലെങ്കിൽ എന്റെ പിതാവിനോട് എനിക്ക് പറയാനുള്ളത്, 'നിങ്ങളുടെ ഈ പ്രവർത്തനത്തിന്റെ അനന്തരഫലം അല്ലാഹുവിങ്കൽ നിന്നുള്ള നരകമാണ്. അതിനാൽ നിങ്ങൾ ഇതിൽനിന്ന് പിൻമാറണം, എന്നെ പിന്തുടരണം' എന്നാണ്.

'എന്റെ പിതാവേ' എന്ന് സ്നേഹത്തോടെ, വിനയത്തോടെ വിളിച്ച് തൗഹീദിന്റെ വെളിച്ചം തെളിവ് കൊണ്ടും യുക്തികൊണ്ടും തെളിയിച്ചു സംസാരിച്ചപ്പോഴും പിതാവ് അതിൽ തന്നെ ഉറച്ചുനിന്ന് ഗൗരവത്തിൽ മകനോട് പറയുന്ന വാക്കുകൾ കാണുക: "അയാൾ പറഞ്ഞു: ഹേ; ഇബ്‌റാഹീം, നീ എന്റെ ദൈവങ്ങളെ വേണ്ടെന്ന് വെക്കുകയാണോ? നീ (ഇതിൽ നിന്ന്) വിരമിക്കുന്നില്ലെങ്കിൽ ഞാൻ നിന്നെ കല്ലെറിഞ്ഞോടിക്കുക തന്നെ ചെയ്യും. കുറെ കാലത്തേക്ക് നീ എന്നിൽ നിന്ന് വിട്ടുമാറിക്കൊള്ളണം" (ക്വുർആൻ 19:46).

വിശ്വാസികൾ എത്ര മൃദുല ശൈലിയിൽ സംസാരിച്ചാലും അവിശ്വാസികളുടെ പ്രതികരണം രൂക്ഷമായിട്ടായിരിക്കും. കാരണം ഹൃദയത്തിന്റെ കാഠിന്യം അവരെ സൗമ്യതക്ക് വിലങ്ങിടുകയാണ് ചെയ്യുന്നത്. ബനൂഇസ്‌റാഈല്യരെ സംബന്ധിച്ച് അല്ലാഹു പറഞ്ഞത് ഇപ്രകാരമാണ്: "പിന്നീട് അതിന് ശേഷവും നിങ്ങളുടെ മനസ്സുകൾ കടുത്തുപോയി. അവ പാറപോലെയോ അതിനെക്കാൾ കടുത്തതോ ആയി ഭവിച്ചു" (2:74).

തൗഹീദിന്റെ പ്രഭ ഉൾക്കൊള്ളാൻ കഴിയാതെ അതിന്റെ വാഹകരെ എതിർക്കുന്നവർ പരുക്കൻ പ്രകൃതക്കാരായിരിക്കും. അവരെ സ്നേഹിക്കുവാനോ അവരോട് ദയ കാണിക്കുവാനോ അവർക്ക് കഴിയില്ല. ഇബ്‌റാഹീം(عليه السلام) മകൻ ഇസ്മാഈൽ(عليه السلام)നെ വിളിച്ചിരുന്നത് 'പൊന്നു മോനേ' എന്നായിരുന്നല്ലോ. ആ സ്നേഹത്തിന്റെ വിളി ഇബ്‌റാഹീം(عليه السلام) എന്ന മകന് പിതാവായ ആസറിൽ നിന്ന് കേൾക്കുവാൻ പറ്റിയിട്ടില്ല; പരുക്കൻ പെരുമാറ്റമല്ലാതെ. എന്നാലും പിതാവിനോട് മകൻ പറയുന്നത് നോക്കൂ:

"അദ്ദേഹം (ഇബ്‌റാഹീം) പറഞ്ഞു: താങ്കൾക്ക് സലാം. താങ്കൾക്ക് വേണ്ടി ഞാൻ എന്റെ രക്ഷിതാവിനോട് പാപമോചനം തേടാം. തീർച്ചയായും അവനെന്നോട് ദയയുള്ളവനാകുന്നു" (ക്വുർആൻ 19:47).

'താങ്കൾക്ക് സലാം' എന്നത് വിശദീകരിച്ചുകൊണ്ട് ക്വുർആൻ വ്യാഖ്യാതാക്കൾ പറഞ്ഞു: "വെറുക്കപ്പെടുന്ന യാതൊന്നും നിങ്ങൾക്ക് എന്നിൽ നിന്നുണ്ടാകില്ല, യാതൊരു ഉപദ്രവവും എന്നിൽ നിന്ന് ഉണ്ടാകില്ല. നിങ്ങൾ എന്റെ ഭാഗത്തുനിന്ന് സുരക്ഷിതനായിരിക്കും' (എന്നിട്ട്) അദ്ദേഹത്തിന് നന്മകൾ വർധിപ്പിക്കുകയും ചെയ്തു."

ശേഷം പിതാവിനോട് പറയുന്നത് 'താങ്കൾക്ക് വേണ്ടി ഞാൻ എന്റെ രക്ഷിതാവിനോട് പാപമോചനം തേടാം. തീർച്ചയായും അവനെന്നോട് ദയയുള്ളവനാകുന്നു' എന്നാണ്! വ്യക്തിപരമായ ആക്ഷേപങ്ങളോ പകയോ ഒന്നും ആ മകന് ഉണ്ടായിരുന്നില്ല. ആദർശപരമായ വിയോജിപ്പ് മാത്രം. ഇങ്ങനെയെല്ലാം പറയുമ്പോഴും ഇടക്കിടക്ക് ആദർശം ഓർമപ്പെടുത്തും!

"നിങ്ങളെയും അല്ലാഹുവിന് പുറമെ നിങ്ങൾ പ്രാർഥിച്ചുവരുന്നവയെയും ഞാൻ വെടിയുന്നു. എന്റെ രക്ഷിതാവിനോട് ഞാൻ പ്രാർഥിക്കുന്നു. എന്റെ രക്ഷിതാവിനോട് പ്രാർഥിക്കുന്നത് മൂലം ഞാൻ ഭാഗ്യം കെട്ടവനാകാതിരുന്നേക്കാം" (ക്വുർആൻ 19:48).

പിതാവിനോട് യാത്ര പറയുന്ന നേരത്ത് അദ്ദേഹത്തിന് വേണ്ടി പ്രാർഥിച്ചതും ക്വുർആൻ നമ്മെ പഠിപ്പിക്കുന്നു: "എന്റെ പിതാവിന് നീ പൊറുത്തുകൊടുക്കേണമേ. തീർച്ചയായും അദ്ദേഹം വഴിപിഴച്ചവരുടെ കൂട്ടത്തിലായിരിക്കുന്നു" (ക്വുർആൻ 26:86).

ദീനിന്റെ കടുത്ത വിരോധികൾക്ക് പാപമോചനത്തിന് വേണ്ടി അല്ലാഹുവിനോട് ചോദിക്കാവതല്ലല്ലോ. തന്റെ പിതാവ് ഇനി ഒരിക്കലും മടങ്ങില്ലെന്നും അല്ലാഹുവിന്റെ ദീനിന്റെ ബദ്ധവൈരിയാണെന്നും ബോധ്യമായപ്പോൾ ആ തേട്ടത്തിൽ നിന്ന് പിന്മാറുകയും ചെയ്തു.

"ഇബ്‌റാഹീം അദ്ദേഹത്തിന്റെ പിതാവിന് വേണ്ടി പാപമോചനം തേടിയത് അദ്ദേഹം പിതാവിനോട് അങ്ങനെ വാഗ്ദാനം ചെയ്തത് കൊണ്ട് മാത്രമായിരുന്നു. എന്നാൽ അയാൾ (പിതാവ്) അല്ലാഹുവിന്റെ ശത്രുവാണെന്ന് അദ്ദേഹത്തിന് വ്യക്തമായപ്പോൾ അദ്ദേഹം അയാളെ (പിതാവിനെ) വിട്ടൊഴിഞ്ഞു. തീർച്ചയായും ഇബ്‌റാഹീം ഏറെ താഴ്മയുള്ളവനും സഹനശീലനുമാകുന്നു" (ക്വുർആൻ 9:114).

ബഹുദൈവാരാധകർക്കായി പാപമോചനം തേടൽ അനുവദനീയമല്ലെന്നത് ഇസ്‌ലാമിക തത്ത്വമാണ്: "ബഹുദൈവവിശ്വാസികൾ ജ്വലിക്കുന്ന നരകാഗ്നിയുടെ അവകാശികളാണെന്ന് തങ്ങൾക്കു

വ്യക്തമായിക്കഴിഞ്ഞതിന് ശേഷം അവർക്കുവേണ്ടി പാപമോചനം തേടുവാൻ-അവർ അടുത്ത ബന്ധമുള്ളവരായാൽ പോലും-പ്രവാചകന്നും സത്യവിശ്വാസികൾക്കും പാടുള്ളതല്ല" (ക്വുർആൻ 9:113).

അപ്പോൾ ഇബ്‌റാഹീം(ﷺ) പിതാവിന് വേണ്ടി നടത്തിയ പാപമോചനപ്രാർഥനയോ? അതിനെക്കുറിച്ച് അല്ലാഹു പറയുന്നത് ഇപ്രകാരമാണ്: "ഇബ്‌റാഹീം അദ്ദേഹത്തിന്റെ പിതാവിന് വേണ്ടി പാപമോചനം തേടിയത് അദ്ദേഹം പിതാവിനോട് അങ്ങനെ വാഗ്ദാനം ചെയ്തത് കൊണ്ട് മാത്രമായിരുന്നു..." (ക്വുർആൻ 9:114).

ഇബ്‌റാഹീം(ﷺ) പിതാവിനോട് വീട് വിട്ടിറങ്ങുന്ന വേളയിൽ പറഞ്ഞിരുന്നല്ലോ; ഞാൻ താങ്കൾക്ക് വേണ്ടി തേടാം എന്ന്. ആ വാഗ്ദാനം പാലിക്കുക മാത്രമാണ് ചെയ്തത്. പിതാവ് അല്ലാഹുവിന്റെ ശത്രുവാണെന്ന് ബോധ്യമായപ്പോൾ അതിൽ നിന്ന് പിൻമാറുകയും ചെയ്തു. വിശുദ്ധ ക്വുർആൻ മറ്റൊരു സ്ഥലത്ത് ഇബ്‌റാഹീം(ﷺ) പിതാവിന് വേണ്ടി നടത്തിയ പാപമോചന പ്രാർഥനയെ സംബന്ധിച്ച് പറയുന്നത് ഇങ്ങനെയാണ്:

"നിങ്ങൾക്ക് ഇബ്‌റാഹീമിലും അദ്ദേഹത്തിന്റെ കൂടെയുള്ളവരിലും ഉത്തമമായ ഒരു മാതൃക ഉണ്ടായിട്ടുണ്ട്. അവർ തങ്ങളുടെ ജനതയോട് ഇപ്രകാരം പറഞ്ഞ സന്ദർഭം: നിങ്ങളുമായും അല്ലാഹുവിന് പുറമെ നിങ്ങൾ ആരാധിക്കുന്നവയുമായുള്ള ബന്ധത്തിൽ നിന്നു തീർച്ചയായും ഞങ്ങൾ ഒഴിവായവരാകുന്നു. നിങ്ങളിൽ ഞങ്ങൾ അവിശ്വസിച്ചിരിക്കുന്നു. നിങ്ങൾ അല്ലാഹുവിൽ മാത്രം വിശ്വസിക്കുന്നത് വരെ എന്നെന്നേക്കുമായി ഞങ്ങളും നിങ്ങളും തമ്മിൽ ശത്രുതയും വിദ്വേഷവും പ്രകടമാവുകയും ചെയ്തിരിക്കുന്നു. തീർച്ചയായും ഞാൻ താങ്കൾക്ക് വേണ്ടി പാപമോചനം തേടാം, താങ്കൾക്ക് വേണ്ടി അല്ലാഹുവിങ്കൽ നിന്ന് യാതൊന്നും എനിക്ക് അധീനപ്പെടുത്താനാവില്ല എന്ന് ഇബ്‌റാഹീം തന്റെ പിതാവിനോട് പറഞ്ഞ വാക്കൊഴികെ. (അവർ ഇപ്രകാരം പ്രാർഥിച്ചിരുന്നു:) ഞങ്ങളുടെ രക്ഷിതാവേ, നിന്റെമേൽ ഞങ്ങൾ ഭരമേൽപിക്കുകയും, നിങ്കലേക്ക് ഞങ്ങൾ മടങ്ങുകയും ചെയ്തിരിക്കുന്നു. നിങ്കലേക്ക് തന്നെയാണ് തിരിച്ചുവരവ്" (ക്വുർആൻ 60:4).

ഇബ്‌റാഹീം(ﷺ)യുടെ ജീവിതത്തിൽ നമുക്ക് പൂർണ മാതൃകയുണ്ടെന്ന് അറിയിക്കുന്നതോടൊപ്പം പിതാവിന് വേണ്ടി അദ്ദേഹം നടത്തിയ പാപമോചന തേട്ടത്തിൽ മാതൃകയില്ലെന്നും ബഹുദൈവ വിശ്വാസികൾക്ക് വേണ്ടി പാപമോചനം തേടാൻ പാടില്ലെന്നും ഈ സൂക്തത്തിലൂടെ അല്ലാഹു വ്യക്തമാക്കുന്നു. ഇങ്ങനെയെല്ലാമായിരുന്നിട്ടും പിതാവിനോട് പിതാവെന്ന നിലയിൽ അദ്ദേഹം സ്നേഹം നിലനിർത്തി.

ക്വിയാമത്ത് നാളിൽ ഈ പിതാവും മകനും കണ്ടുമുട്ടുന്ന രംഗം നബി(ﷺ) നമുക്ക് വിവരിച്ചുതന്നിട്ടുണ്ട്. നബി(ﷺ) പറയുന്നു:

"ഇബ്‌റാഹീം(ﷺ) തന്റെ പിതാവ് ആസറിനെ ക്വിയാമത്ത് നാളിൽ കണ്ടുമുട്ടും. (ആ സന്ദർഭത്തിൽ) പിതാവായ ആസറിന്റെ മുഖം പൊടിപുരണ്ട് ഇരുണ്ടതായിരിക്കും. അപ്പോൾ ഇബ്‌റാഹീം(ﷺ) പിതാവിനോട് ചോദിക്കും: 'എന്നോട് അനുസരണക്കേട് കാണിക്കരുതെന്ന് ഞാൻ ഉപ്പയോട് പറഞ്ഞിരുന്നില്ലയോ?' അപ്പോൾ പിതാവ് പറയും: 'ഇന്ന് ഞാൻ നിന്നോട് അനുസരണക്കേട് കാണിക്കുന്നതല്ല.' അപ്പോൾ ഇബ്‌റാഹീം(ﷺ) (അല്ലാഹുവിനോട്) പറയും: 'എന്റെ റബ്ബേ, മനുഷ്യർ ഉയർത്തഴുന്നേൽപിക്കപ്പെടുന്ന ദിവസം നീ എന്നെ അപമാനിക്കില്ലെന്ന് നീ എനിക്ക് വാഗ്ദത്തം നൽകിയതാണല്ലോ. എന്റെ പിതാവിന്റെ കാര്യത്തിലുള്ളതിനെക്കാളും വലിയ അപമാനം വേറെ എന്താണ് എനിക്കുള്ളത്!' അപ്പോൾ അല്ലാഹു പറയും: 'തീർച്ചയായും ഞാൻ അവിശ്വാസികൾക്ക് സ്വർഗം നിഷിദ്ധമാക്കിയിട്ടുണ്ട്.' പിന്നീട് ചോദിക്കപ്പെടും: 'ഓ, ഇബ്‌റാഹീം! നിന്റെ കാലിനടിയിൽ എന്താണ്?' അപ്പോൾ ഇബ്‌റാഹീം(ﷺ) (കാലിനടിയിലേക്ക്) നോക്കും. അപ്പോഴതാ ചെളിപുരണ്ട കഴുതപ്പുലിയുടെ രൂപത്തിൽ (പിതാവ്). അപ്പോൾ അതിന്റെ ഇരുകാലുകളും പിടിച്ച് നരകത്തിലേക്ക് എറിയപ്പെടും" (ബുഖാരി).

കൂടുതൽ വിവരിക്കാതെ തന്നെ മനസ്സിരുത്തി വായിക്കുന്നവർക്ക് ഇബ്‌റാഹീം(ﷺ)ന് പിതാവിനോടുള്ള സ്നേഹം എത്രയുണ്ടെന്ന് മനസ്സിലാകും.

പ്രതിഫല നാളിന്റെ ഉടമസ്ഥനായ അല്ലാഹുവിന്റെ കോടതിയാണ് പരലോകം. അവിടെ ഇഹലോകത്തെ പോലെ സ്വാധീനം കൊണ്ട് രക്ഷപ്പെടാനാവില്ല. രക്തബന്ധത്തിനോ കുടുംബബന്ധത്തിനോ സുഹൃദ് ബന്ധത്തിനോ വിവാഹബന്ധത്തിനോ ഒന്നും രക്ഷപ്പെടുത്താൻ കഴിയാത്ത ലോകം. ആര് ശരിയായ വിശ്വാസവും സൽകർമങ്ങളുമായി റബ്ബിലേക്ക് എത്തിയോ അവൻ സുരക്ഷിതനാകുന്ന ലോകം. അന്യായമായ ശുപാർശകളില്ലാത്ത ലോകം. ശുപാർശ നടക്കണമെങ്കിൽ തന്നെ അല്ലാഹുവിന്റെ അനുവാദം വേണ്ട ലോകം...

മുഹമ്മദ് നബി(ﷺ) മകൾ ഫാത്വിമയെ വിളിച്ച് പറയുന്നത് കാണുക: "മുഹമ്മദിന്റെ മകൾ ഫാത്വിമാ, എന്റെ സ്വത്തിൽ നിന്ന് നീ ഉദ്ദേശിക്കുന്നത് ചോദിച്ചോളൂ (ഞാൻ നൽകാം). എന്നാൽ അല്ലാഹുവിൽ നിന്ന് യാതൊന്നും നിനക്ക് നേടിത്തരാൻ എനിക്ക് ആവില്ല" (ബുഖാരി).

അത്കൊണ്ട് തന്നെ ഇബ്‌റാഹീം(ﷺ)ന് പിതാവിനെ രക്ഷപ്പെടുത്താനും കഴിയില്ല. **(തുടരും)** ●

പ്രൊഫ: ഹാരിസ്ബിൻ സലീം
harisbinsaleem@gmail.com



ശാന്തിഗേഹത്തിലേക്കുള്ള ചോദ്യങ്ങൾ
mail@nerpatham.com എന്ന ഇ.മെയിലിലോ
9656292244 എന്ന വാട്ട്സ്ആപ് നമ്പറിലോ
നേർപഥം അഡ്രസ്സിലോ മാത്രം അയക്കുക.

# പ്രശ്നങ്ങളുണ്ടാക്കരുത്

*ചോദ്യം: എന്റെ മകളുടെ വിവാഹം കഴിഞ്ഞിട്ട് ഒരു മാസത്തോളമായി. മകളും ഭർത്താവും തമ്മിൽ നല്ല സന്തോഷത്തിലും സഹകരണത്തിലും തന്നെയാണ് കഴിയുന്നത്. മതബോധമുള്ള ഒരാളെത്തന്നെയാണ് എന്റെ മകൾക്ക് ലഭിച്ചത്. എന്നാൽ ഇപ്പോൾ വലിയൊരു പ്രശ്നമുണ്ട്; മരുമകൻ ഇടയ്ക്കിടെ അവളെ കുറ്റപ്പെടുത്തും; വഴക്ക് പറയും. ഞാനും ഭാര്യയും എന്ത് ചെയ്യണമെന്നറിയാതെ വിഷമിക്കുന്നു. ഈ വിഷയത്തിൽ ആവശ്യമായ നിർദേശങ്ങൾ പ്രതീക്ഷിക്കുന്നു.*

ഉത്തരം: യഥാർഥത്തിൽ ഇവിടെ പ്രശ്നങ്ങൾ ഒന്നും തന്നെയില്ല. എന്നാൽ നിങ്ങളുടെ ആശങ്ക പുതിയ പ്രശ്നങ്ങളിലേക്കുള്ള തുടക്കമാണ്. ഇത് പുതുതലമുറയുടെ ഒരു പ്രശ്നമാണ്. മകൾ ജനിച്ചതു മുതൽ നിങ്ങൾ അവളുടെ കാര്യം ശ്രദ്ധിച്ചും ആവശ്യമായ ഇടപെടലുകൾ നടത്തിയും വളർത്തി കൊണ്ടുവരികയാണ്. അത് ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നു. മക്കൾക്ക് പ്രായപൂർത്തിയായി എന്നതും അവരിപ്പോൾ വിവാഹിതരായി പുതിയൊരു കുടുംബമായി ജീവിക്കുന്നു എന്നതും അവർക്ക് അവരുടേതായ ചില സ്വകാര്യതകളും സ്വാതന്ത്ര്യവും ആവശ്യമാണെന്നതും വിവാഹിതരായ മക്കളുടെ മാതാപിതാക്കൾ മനസ്സിലാക്കണം. അവർ തമ്മിൽ സ്നേഹമുണ്ട് എന്ന് നിങ്ങൾക്ക് ബോധ്യപ്പെട്ടതിനാൽ അവരെ സ്വതന്ത്രമായി വിടുക. അവരിൽ നിന്നും ഒരു പരാതി വരികയും ഇടപെടൽ ആവശ്യപ്പെടുകയും ചെയ്യുന്നതുവരെ അവരെ ബുദ്ധിമുട്ടിക്കരുത്.

താൻ ഇഷ്ടപ്പെടുന്ന ഭർത്താവിന്റെ തകരാറുകളെക്കുറിച്ച് മാതാവായ നിങ്ങൾ സംസാരിക്കാൻ തുടങ്ങുമ്പോൾ മകൾ പതുക്കെ നിങ്ങളിൽ നിന്ന് അകലാൻ സാധ്യതയുണ്ട്. പിണങ്ങാനും ഇണങ്ങാനുമുള്ള സ്വാതന്ത്ര്യം അവർക്കുണ്ട്. നമ്മളും ഒരു കാലത്ത് അങ്ങനെയായിരുന്നു. വ്യക്തമായ പ്രശ്നങ്ങളുണ്ടാകുമ്പോഴാണ് ഇടപെടേണ്ടത് എന്ന് അല്ലാഹു പറയുന്നു: "ഇനി അവർ (ദമ്പതിമാർ) തമ്മിൽ ഭിന്നിച്ച് പോകുമെന്ന് നിങ്ങൾ ഭയപ്പെടുന്ന പക്ഷം അവന്റെ ആൾക്കാരിൽ നിന്ന് ഒരു മധ്യസ്ഥനെയും അവളുടെ ആൾക്കാരിൽ നിന്ന് ഒരു മധ്യസ്ഥനെയും നിയോഗിക്കുക. ഇരുവിഭാഗവും അനുരഞ്ജനമാണ് ഉദ്ദേശിക്കുന്നതെങ്കിൽ, അല്ലാഹു സർവജ്ഞനും സൂക്ഷ്മജ്ഞാനിയുമാകുന്നു" (ക്വുർആൻ 4:35).

പല നവദമ്പതിമാർക്കിടയിലും പ്രശ്നങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു എന്ന അറിവാണ് മാതാപിതാക്കളെ ആശങ്കാകുലരാക്കുന്നത്. യഥാർഥത്തിൽ അത്തരം ഒരു ആശങ്ക ആവശ്യമില്ല. തികച്ചും അന്യരായ രണ്ടുപേർ ഒന്നാകുമ്പോൾ അവരെ യോജിപ്പിക്കുന്നത് അല്ലാഹു തന്നെയാണ്. അതിനാൽ സ്വാഭാവികതക്ക് വിടുന്നതാണ് നല്ലത്. അമിതമായ ആശങ്ക എപ്പോഴും മക്കൾക്ക് പ്രശ്നങ്ങളുണ്ടാക്കും.

വർധിച്ച് വരുന്ന വിവാഹമോചനങ്ങൾക്ക് ദമ്പതികൾ തമ്മിലുള്ള പ്രശ്നങ്ങൾ ഒരു കാരണമാണെങ്കിലും രണ്ടുപേരുടെയും മാതാപിതാക്കളുടെ അനാവശ്യമായ ഇടപെടലുകൾ ദാമ്പത്യത്തെ തകർക്കുന്നതിൽ ചെറുതല്ലാത്ത പങ്ക് വഹിക്കുന്നുണ്ട്. ആവശ്യമില്ലാത്ത ഇടപെടലുകൾക്ക് ചില ഉദാഹരണങ്ങൾ:

1. ദമ്പതികളിൽ ഒരാളോട് നിലവിലുള്ള ജീവിതാവസ്ഥകളെക്കുറിച്ച് അന്വേഷിക്കുകയും തന്റെ ഇണയെക്കുറിച്ച് തെറ്റായ വിചാരങ്ങൾ ഉണ്ടാക്കുകയും ചെയ്യുക.

2. ദമ്പതികൾ തമ്മിലുള്ള സ്നേഹബന്ധം തങ്ങളിൽ നിന്ന് അകലാൻ കാരണമാകുമോ എന്ന ആശങ്കയിൽ നിന്നുണ്ടാകുന്ന പെരുമാറ്റങ്ങളും പരാമർശങ്ങളും.

3. ദമ്പതികളുടെ താൽപര്യങ്ങൾക്കും അഭിരു

ചികൾക്കും തീരുമാനങ്ങൾക്കും വിലകൽപിക്കാതെ അവരെ അനിഷ്ടകരമായ കാര്യങ്ങൾക്ക് നിർബന്ധിക്കുക.

4. സാമ്പത്തിക ശേഷിയുള്ള രക്ഷിതാക്കൾ അനാവശ്യമായി പണം നൽകി ഭാര്യയുമൊത്തുള്ള സ്വതന്ത്രമായ ജീവിതത്തെ പ്രയാസപ്പെടുത്തുക.

5. ദമ്പതികളെന്ന നിലയ്ക്ക് ഒന്നിച്ച് താമസിക്കുന്നതിനും സഞ്ചരിക്കുന്നതിനും സ്നേഹം പ്രകടിപ്പിക്കുന്നതിനും ആശയവിനിമയം നടത്തുന്നതിനും അനാവശ്യ കാരണങ്ങൾ പറഞ്ഞ് തടസ്സം നിൽക്കുക.

ഇതുപോലുള്ള കാര്യങ്ങൾ തങ്ങളിൽനിന്നുണ്ടാകുന്നത് ശ്രദ്ധിച്ച് ഏറ്റവും ആസ്വാദ്യകരവും സമാധാനപരവുമായ ഒരു കുടുംബ ജീവിതത്തിന് എല്ലാവിധ സഹായങ്ങളും ചെയ്തുകൊടുത്ത് അവരുടെ സന്തോഷത്തിൽ സന്തോഷിക്കുവാൻ മാതാപിതാക്കൾക്ക് കഴിയണം. ●

peaceradio
Tune to reality

**ഈ ആഴ്ചയിലെ പ്രധാന പരിപാടികൾ**

**ആരോഗ്യ വിചാരം**
**അത്യാഹിതം, എപ്പിസോഡ്: 1, പാമ്പ് കടി**
**ഡോ. ഫബിത് മൊയ്തീൻ**
**(Head of department, Emergency medicine, Baby Memorial Hospital, Calicut)**
**ഡോ. അബ്ദുൽ മലിക് പി.പി (റേഡിയോ പ്രതിനിധി)**
30.10.17 തിങ്കൾ 9:00 PM, 11:15 PM
31.10.17 ചൊവ്വ 10:30 AM

**പ്രകാശ തീരം**
**പെണ്ണ് കാണൽ ചടങ്ങ്, മുഹമ്മദ് സാദിഖ് മദീനി**
30.10.17 തിങ്കൾ 04:30 PM, 09:30 PM
31.10.17 ചൊവ്വ 9:30 AM,

**ചുവരെഴുത്ത്**
**ഹദീസ് പ്രാമാണികമോ:**
**ഒരു പഠിതാവിന്റെ സന്ദേഹങ്ങൾ, എപ്പിസോഡ്: 2**
**അബ്ദുൽ ജബ്ബാർ മദീനി**
30.10.17 തിങ്കൾ, 8:20 PM
31.10.17 ചൊവ്വ 8:20 AM, 12:20 AM

**ഇ മദ്രസ**
**അത്ഭുത മനുഷ്യൻ, എപ്പിസോഡ്: 1**
**ഹസൻ അൻസാരി**
31.10.17 ചൊവ്വ 07:05 AM, 06:05 PM

**നബിചരിത്രം**
**ഉമർ‍ വിന്റെ മനഃപരിവർത്തനം**
**അബ്ദുലത്തീഫ് സുല്ലമി മാറഞ്ചേരി**
31.10.17 ചൊവ്വ 05:30 PM, 01.11.17 ബുധൻ, 11:45 PM

**ഇ വായന**
**wikipedia.orgനെ പരിചയപ്പെടാം**
**ഷംജിത് വാഴക്കാട്**
01.11.17 ബുധൻ, 11:00 AM, 02.11.17 വ്യാഴം 10:30 PM

**സലഫി ദുറൂസ്**
**നുബുവ്വത്തിന്റെ തെളിവുകൾ, എപ്പിസോഡ്: 76**
**ഇമ്രാൻ ബിൻ ഹുസ്സൈൻ‍ന്റെ കറാമത്ത്**
**അബൂബക്കർ സലഫി**
02.11.17 വ്യാഴം 4:30 PM, 9:30 PM
03.11.17 വെള്ളി 9:30 PM

**തജ്‌വീദ് പഠനം**
**മഹാരിജുലിസാൻ**
**ഹാഫിള് അസ്‌ലം കുവൈത്ത്**
03.11.17 വെള്ളി, 7:45 PM
04.11.17 ശനി, 5:00 PM

**സുപഥം**
**അന്ധവിശ്വാസങ്ങളുടെ ലോകം, എപ്പിസോഡ്: 7**
**രോഗം, ഫൈസൽ മൗലവി**
03.11.17 വെള്ളി 04:30 PM, 09:30 PM
04.11.17 ശനി 09:30 AM

**അൽ ഉസൂൽ**
**അൽ മസ്വാലിഹു തസ്നീയ**
**അബ്ദുൽ മലിക് സലഫി**
04.11.17 ശനി 04:30 PM, 09:30 PM
05.11.17 ഞായർ 09:30 AM

**ടീൻസ് ടൈം**
**ഇസ്തികാമത്, നിസാർ സ്വലാഹി**
04.11.17 ശനി 9:00 PM, 11:15 PM, 05.11.17 ഞായർ 10:30 AM

**സ്മൃതിപഥം**
**ശൈഖ് നാസറു സഅദി (റഹി):**
**പണ്ഡിതന്മാർ നൽകിയ സ്ഥാനം**
**മൂസ സ്വലാഹി**
04.11.17 ഞായർ 07:20 AM, 05:30 PM
05.11.17 തിങ്കൾ 11:45 PM,

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:
Search peaceradio
Search peace radio App
www.peaceradio.com
Scan QR Code

കാഴ്ച

ഇബ്നു അലി എടത്തനാട്ടുകര
ibnualiekara@gmail.com

# ദാനത്തിന്റെ പെരുമഴ

എവിടെയാണെന്ന കൂട്ടുകാരന്റെ ഫോൺ ചോദ്യത്തിന് ഗേറ്റ് നമ്പർ പറയുകയേ നിവൃത്തിയുണ്ടായിരുന്നുള്ളൂ. അവിടെത്തന്നെ നിൽക്കുക, ഉടനെയെത്താമെന്നായിരുന്നു അവന്റെ മറുപടി.

മദീന മസ്ജിദുന്നബവിയിലായിരുന്നു അഞ്ചാണ്ടിന് ശേഷമുള്ള കണ്ടുമുട്ടലിനായി കൂട്ടുകാരനെ കാത്തിരുന്നത്. കുറെ നേരമായിട്ടും എത്താതിരുന്നപ്പോൾ വിളിച്ചതിന് ഉടനെയെത്താമെന്ന് തന്നെയായിരുന്നു വീണ്ടും മറുപടി. കേരള ഭക്ഷണം കിട്ടാതെ വിഷമിച്ച ഒരു ഹാജികുടുംബത്തെ മലയാളി ഹോട്ടലിൽ ഊട്ടിയിട്ടാണ് സുഹൃത്തിന്റെ വരവ്! മക്ക, മദീന ഹറമുകളുടെ പരിസരങ്ങളിൽ അങ്ങനെയാണ്, ആരും പരോപകാരിയായിപ്പോകും. സേവന സന്നദ്ധരായ, യൂണിഫോം ധരിച്ച വളണ്ടിയർമാരുണ്ടെങ്കിലും എല്ലാവരും സ്വയം സേവകരാകുന്നതാണ് കാഴ്ച.

ഹജ്ജ് കമ്മിറ്റിയിൽ മുൻകൂർ അടച്ച പണത്തിൽ നിന്ന് 2100 റിയാൽ നെടുമ്പാശ്ശേരി ഹജ്ജ് ക്യാമ്പിൽ വെച്ച് മക്ക, മദീന ചെലവുകൾക്കായി തന്നപ്പോൾ 40 ദിവസത്തിന് ആ തുക തികയുമോ എന്നായിരുന്നു ആശങ്ക. എന്നാൽ ആ ആശങ്ക അസ്ഥാനത്തായിരുന്നു എന്നതാണ് അനുഭവം.

മക്കയിലെ താമസസ്ഥലത്ത് എതിരേറ്റത് തന്നെ മലയാളി സേവകരുടെ ചൂടുകഞ്ഞിയായിരുന്നു. മുറിയിൽ ഓരോരുത്തർക്കും ദിവസവും മൂന്നിനം പഴങ്ങൾ വാതിൽക്കലെത്തിച്ചിരുന്നു. അന്വേഷിച്ചപ്പോഴാണ് അറിഞ്ഞത് അത് കെട്ടിടമുടമയുടെ ഹദിയയായിരുന്നുവെന്ന്. ദിവസവും 800 ലധികം വരുന്ന ഹാജിമാർക്കാണിതെത്തിച്ചിരുന്നത്!

മസ്ജിദുൽ ഹറമിലേക്കുള്ള വഴികളിലെമ്പാടും സൗജന്യ സ്നേഹ സമ്മാനങ്ങളുടെ പെരുമഴയായിരുന്നു. കുടിവെള്ള കുപ്പികളും വിവിധ പഴനീർ കുപ്പികളും ഭക്ഷണങ്ങളും നൽകിയിരുന്നു. ഈത്തപ്പഴവും തൊപ്പികളും തുടങ്ങി കുടകൾ വരെ ഈ സമ്മാനങ്ങളിൽ പെട്ടിരുന്നു. ഹാജിമാർക്ക് സേവനം നൽകാൻ വലിയ സമ്പന്നർ വരെ പൊരിവെയിലിൽ പാതയോരത്ത് വിയർത്ത് കാത്തിരുന്ന കാഴ്ച വേറിട്ടൊരനുഭവമായിരുന്നു. അത്തരം സമ്മാനങ്ങൾ ഹാജിമാർ സ്വീകരിച്ചില്ലെങ്കിലായിരുന്നു അവർക്ക് വിഷമം. വിവിധ മലയാളീ സംഘടനകളുടെ പൊടിയരിക്കഞ്ഞി കേരളത്തിൽ നിന്നുള്ള ഹാജിമാർക്ക് മറക്കാനാവാത്തതായിരുന്നു. ഭക്ഷണത്തിന്റെ കാര്യമാണെങ്കിൽ പറയാനുമില്ലായിരുന്നു. മക്കയിലെ പള്ളിയിൽ നിന്ന് താമസസ്ഥലത്തേക്കുള്ള റോഡിനിരുവശത്തും തമ്പൊരുക്കി മാംസമടക്കമുള്ള മേൽത്തരം ഭക്ഷണം നൽകാൻ അവർ ഹാജിമാരെ കാത്തിരുന്നു. റോഡിലൂടെ റൊട്ടി, കുബ്ബൂസ് വിതരണം വേറെയും.

പോലീസെന്ന് കേട്ടാൽ പേടിയാണ് പലർക്കും. അവർ മക്ക പള്ളിയിലെയും പരിസരത്തെയും പോലീസിനെ കാണേണ്ടതാണ്. ചിലരുടെ പ്രകോപനങ്ങളിൽ പോലും കുലുങ്ങാതെ, ശാന്തത കൈവിടാതെ സേവനം നൽകുന്ന സൗമ്യസ്നേഹ സാന്നിധ്യമാണവർ. വിഷമിക്കുന്നവരെ കൈപിടിച്ച് നടത്തുന്നവരും സംസം ജലം എത്തിച്ച് നൽകുന്നവരും വീൽചെയർ തള്ളിക്കൊടുക്കുന്നവരും ബാഗുകൾ എത്തിക്കുന്നവരുമായ പോലീസുകാർ അവിടത്തെ പതിവ് കാഴ്ചയാണ്.

മദീനയിലെ ഒരു വൈകുന്നേരം മുറിയിലേക്ക് നടക്കുമ്പോഴാണ് വൃദ്ധ ദമ്പതികൾ സഹായം തേടിയത്. കാരണവരുടെ മുറിഞ്ഞ കൈ പ്ലാസ്റ്ററിലായിരുന്നു. ദിവസങ്ങളായിട്ടും അവർക്ക് ഹറമിലേക്ക് പോകാൻ കഴിഞ്ഞിരുന്നില്ല. കൈപിടിച്ച് കൂടെ നടന്ന് റോഡുകൾ മുറിച്ചുകടന്ന് പള്ളിയിലെത്തിച്ച് കസേരയിലിരുത്തി നമസ്കരിപ്പിച്ച്, സംസം നൽകി തിരികെ അവരുടെ മുറിയിലെത്തിച്ചു.

കൈപിടിച്ച് 'റൗള' കാണിക്കണമെന്ന് പറഞ്ഞ് കരഞ്ഞ ഒരു സാധു സ്ത്രീയുടെ കഥയാണ് ഭാര്യക്ക് പറയാനുണ്ടായിരുന്നത്. അവരുടെ കൈപിടിച്ച് പള്ളിയിലെത്തിച്ച് റൗളയിലെത്തിച്ച് നമസ്കരിപ്പിച്ച് തിരികെ അവരുടെ മുറിയിലെത്തിച്ചിട്ടാണവൾ വന്നത്. സദാ ആ ഉമ്മ കരഞ്ഞുകൊണ്ടായിരുന്നുവത്രെ! മുമ്പ് ഉംറക്ക് അവരുടെ കൈപിടിച്ച് കൂടെ നടന്ന് കർമങ്ങളെല്ലാം ചെയ്യുവാൻ സഹായിച്ച അവരുടെ മകൾ ഒരു വാഹനാപകടത്തിൽ മരണപ്പെട്ടതായിരുന്നു തോരാത്ത ആ കണ്ണീരിന്റെ കാരണം.

സ്നേഹപരിഗണനകളുടെ പാരാവാരം തീർക്കുന്ന, ദാനത്തിന്റെ പെരുമഴക്കാലം തീർക്കുന്ന, അത്ഭുത അനുഭവസാക്ഷ്യമാണ് മക്ക-മദീന ഹറമുകളുടെ സാമീപ്യം വിശ്വാസികൾക്ക് സമർപ്പിക്കുന്നത്!

ടി.കെ.അശ്റഫ്
thorakkattilashraf@gmail.com



# ചൂഷകർക്ക് തലവെച്ചുകൊടുക്കരുത്

ഗുർമീത് റാം റഹീം സിംങ് അറസ്റ്റിലായ ശേഷം പുറത്തുവന്നുകൊണ്ടിരിക്കുന്ന വാർത്തകൾ ആത്മീയതയുടെ മറവിൽ നടക്കുന്ന അധാർമിക പ്രവർത്തനങ്ങളുടെയും ചൂഷണങ്ങളുടെയും ആഴം വ്യക്തമാക്കുന്നതാണ്. ഇന്ത്യയിൽ ആൾ ദൈവങ്ങളിൽ നിന്ന് ഇതിന് മുമ്പും ഇത്തരം സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുകയും ചിലരൊക്കെ ശിക്ഷിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇത് അതിനെയെല്ലാം കവച്ചു വെക്കുന്നതായി.

എന്നിട്ടും സമൂഹത്തിന്റെ അടിത്തട്ടിൽ നിന്ന് കാര്യമായ പ്രതികരണങ്ങൾ ഇദ്ദേഹത്തിനെതിരിൽ ഉണ്ടായില്ല എന്നതും മീഡിയകളിൽ പലതും ഇത് ഏറ്റെടുത്തില്ല എന്നതും ഏറ്റെടുത്തവ തന്നെ പെട്ടെന്നു വിഷയം മറന്നുകളയാൻ ശ്രമിക്കുന്നു എന്നതും ചില അപായസൂചനകൾ നൽകുന്നുണ്ട്.

ഇയാളുടെ അറസ്റ്റിൽ പ്രതിഷേധിച്ച് അരങ്ങേറിയ അക്രമ പരമ്പരകളിൽ മുപ്പതിലധികം പേർക്കാണ് ജീവൻ നഷ്ടമായത്. കോടികളുടെ നാശനഷ്ടം വേറെയും. ദരിദ്രജനകോടികളുള്ള രാജ്യത്തെ ജനങ്ങളുടെ നികുതിപ്പണമായിരുന്നു ഇയാൾക്ക് സുരക്ഷയൊരുക്കാൻ സർക്കാർ ചെലവഴിച്ചിരുന്നത്! രാജ്യത്തെ കോടതികൾ സത്യസന്ധത പുലർത്തുവാനുള്ള ആർജവും കാണിക്കുന്നു എന്നതിനാൽ മാത്രം ഇയാളിപ്പോൾ ജയിലഴികൾക്കുള്ളിൽ കഴിയുന്നു.

വിധി കേട്ട് പൊട്ടിക്കരഞ്ഞ് രക്ഷ യാചിച്ചുവത്രെ ഈ 'ആൾദൈവം!'

'ആൾദൈവ'മായി ചമഞ്ഞ് അരങ്ങുതകർക്കുന്നവർ എന്ത് തോന്ന്യാസം ചെയ്താലും അതിനെ ദിവ്യത്വത്തിന്റെ അടയാളമായി വ്യാഖ്യാനിക്കുകയും അവർ പറയന്നതെന്തും അനുസരിക്കുകയും ചെയ്യുന്നവർ ചിന്തിക്കുക.

ആരാണ് ദൈവം...? സ്ത്രീകളെ പീഡിപ്പിക്കുന്ന, കൊലപാതകങ്ങളും അക്രമങ്ങളും നടത്തുവാൻ ഗുണ്ടാസംഘങ്ങളെ പോറ്റിവളർത്തുന്ന, കണക്കില്ലാത്ത സമ്പത്ത് സമ്പാദിച്ച് കൂട്ടി സുഖഭോഗങ്ങളിൽ മുഴുകി ജീവിക്കുന്നവർ ദൈവമാകുമോ? പോലീസിന്റെ പിടിയിലകപ്പെട്ടാൽ പൊട്ടിക്കരയുകയും മാപ്പുചോദിക്കുകയും ചെയ്യുന്ന, മാനുഷികമായ സർവ ദുർബലതകളും പേറുന്നവർ ദൈവമാകുമോ?

സാക്ഷാൽ ദൈവം ഏകനാണ്. പ്രപഞ്ചത്തെ സൃഷ്ടിച്ചത് അവനാണ്. ലോകത്ത് ഇന്നേവരെ ജനിച്ചു ജീവിച്ച, സർവ സൃഷ്ടി ജാലങ്ങളുടെയും സ്രഷ്ടാവ് അവനാണ്. ഇപ്പോഴും സൃഷ്ടികർമം നിർവഹിച്ചുകൊണ്ടിരിക്കുന്നത് അവനാണ്. അവനാണ് മരിപ്പിക്കുന്നതും. വെയിൽ, മഴ, വായു, വെള്ളം, വെളിച്ചം... എല്ലാം നൽകുന്നവൻ; സസ്യലതാതികൾ മുളപ്പിക്കുന്നതും ധാന്യങ്ങളും കായ്കനികളും പഴവർഗങ്ങളുമെല്ലാം ഉദ്പാദിപ്പിക്കുന്നതും മറ്റാരുമല്ല.

സാക്ഷാൽ ദൈവം പരാശ്രയം ആവശ്യമില്ലാത്തവനാണ്. അവന് ജനനമോ മരണമോ ഇല്ല; ഇണയോ സന്താനങ്ങളോ ഇല്ല. അവന് തുല്യരായി ആരുമില്ല. അതിനാൽ മറ്റൊന്നിനോടും അവനെ താരതമ്യം ചെയ്യാൻ കഴിയില്ല. ഉറക്കമോ മയക്കമോ ക്ഷീണമോ അവനെ ബാധിക്കില്ല. അവന്റെ അറിവിനും കഴിവിനും പരിധിയില്ല.

ഇതൊക്കെയാണ് യഥാർഥ ദൈവത്തിന്റെ ചില വിശേഷണങ്ങൾ. മനുഷ്യദൈവങ്ങൾക്ക് ഇതിലേത് സവിശേഷതയാണ് ചാർത്തിക്കൊടുക്കാൻ സാധിക്കുക? ഒന്നുമില്ലെന്ന് എല്ലാവർക്കുമറിയാം.


എന്നിട്ടും തങ്ങളുടെ സ്രഷ്ടാവിനെ അവഗണിച്ച് ചില ജാലവിദ്യകൾ കാണിച്ച് ആളുകളെ വശത്താക്കുന്നവരെ തിരിച്ചറിയുവാൻ പലർക്കും കഴിയാത്തതെന്താണ്? ചൂഷണങ്ങൾക്ക് വിധേയരായി മാറിയ ശേഷം 'എന്നെ പറ്റിച്ചേ' എന്ന് വിലപിക്കുന്നത് ബുദ്ധിയും വിവേകവുമുള്ളവർക്ക് ചേർന്നതാണോ?

അത്ഭുതങ്ങൾ കാണിച്ച് പാവങ്ങളുടെ ആശയും കീശയും കൊള്ളയടിക്കുന്നവർ എല്ലാ മതത്തിന്റെ മേൽവിലാസത്തിലും ജീവിക്കുന്നുണ്ട്. ആരാധകർ വർധിക്കുന്നതോടെ പണം ഒഴുകാൻ തുടങ്ങും. ആളെ കാണിച്ചും അർഥം നൽകിയും അധികാരികളെ ചൊൽപടിയിലാക്കും.

ചിന്തിക്കുക; നാം വിശ്വസിച്ചവർ നമ്മെ വഞ്ചിക്കുന്നുണ്ടോ? ഇനിയെങ്കിലും സ്വന്തം വിശ്വാസത്തെക്കുറിച്ച് പുനർവിചിന്തനം നടത്തുക. മരണ ശേഷമുള്ള ജീവിതത്തിൽ ഇവരാരും നമ്മെ രക്ഷിക്കാനുണ്ടാവില്ല.

അശ്‌റഫ് എകരൂൽ
ashrafekarul@gmail.com





# മാനസിക വളർച്ചക്ക് ഇസ്‌ലാം നൽകുന്ന വെളിച്ചം

മനുഷ്യൻ ബുദ്ധിയും ശരീരവും മാത്രമല്ല മനസ്സും കൂടി ചേർന്ന, അല്ലാഹുവിന്റെ ഒരു അത്ഭുത സൃഷ്ടിയാണല്ലോ. വിവിധങ്ങളായ വൈകാരികതകളുടെ സംഗമസ്ഥലമാണ് മനുഷ്യ മനസ്സ്. ഒരു പരീക്ഷണമെന്ന നിലയ്ക്ക് അല്ലാഹു മനുഷ്യനിൽ നിക്ഷേപിച്ച ഈ വൈകാരികതകളിൽ സൃഷ്ടിപരതയായുള്ളതും നശീകരണ ശക്തിയുള്ളതും ഒരു പോലെ ഉൾക്കൊള്ളുന്നുണ്ട്. അതുകൊണ്ടു തന്നെ മാനസിക ആരോഗ്യമെന്നതിനെ ഈ വൈകാരികതയുടെ സന്തുലിനമായ വളർച്ചയെ അടിസ്ഥാനമാക്കിയാണ് അളക്കുവാൻ സാധിക്കുക. അതാകട്ടെ ശാരീരിക വളർച്ചയോ ബൗദ്ധിക വളർച്ചയോ മൂലം മാത്രം ഉണ്ടാകുന്നതല്ല. അതിന്നു തീർത്തും അതിന്റേതായ സ്വതന്ത്രമായ, എന്നാൽ ഉൾച്ചേരലുകളുള്ള ഒരു അസ്തിത്വമുണ്ട്.

മുതിർന്നവരോട് കയർത്ത് സംസാരിക്കുന്ന സമർഥനായ വിദ്യാർഥിയും കുഞ്ഞിനെ സ്വന്തം കൈകൊണ്ട് പുഴയിൽ എറിഞ്ഞു കൊല്ലുന്ന മാതാ പിതാക്കളും ഇതിന്റെ തെളിവുകളാണ്. അത്കൊണ്ടു തന്നെ മാനസിക വളർച്ചയെ അതിന്റേതായ പോഷകങ്ങൾ നൽകി വളർത്തിയും പരിപാലിച്ചും പോരേണ്ടതുണ്ട്. നന്മയാർന്ന ഒരുപാട് വികാരങ്ങളെ അല്ലാഹു നമ്മിൽ നിക്ഷേപിച്ചിട്ടുണ്ട്, അത് പോലെ തിന്മയാർന്ന വികാരങ്ങളും ഉണ്ട്. പ്രസന്നതയും വിരസതയും അതിന്റെ വ്യത്യസ്തങ്ങളായ മുഖങ്ങളാണ്. ആഹ്ലാദം, സ്നേഹം, വാത്സല്യം, ആദരവ്, അനുകമ്പ തുടങ്ങിയവ പ്രസന്നതയിൽ നിന്ന് പൊട്ടിവിരിയുമ്പോൾ അരിശം, വെറുപ്പ്, ഭയം അസൂയ, പ്രതികാര വാസന തുടങ്ങിയവ വിരസതയിൽ നിന്ന് പുറപ്പെട്ടു വരുന്നു.

വൈകാരിക വിരസതയും മരവിപ്പും വ്യക്തിയിൽ ഉണ്ടാകുന്നത് കുടുംബ ജീവിതത്തിനും സാമൂഹ്യ ജീവിതത്തിനും ഭീഷണിയാണ്. വാത്സല്യം, അനുകമ്പ, സ്നേഹം, ബഹുമാനം, കാരുണ്യം തുടങ്ങിയവ പ്രകടിപ്പിക്കേണ്ട വ്യത്യസ്ത സന്ദർഭങ്ങളിൽ യാതൊരു മാനസിക പ്രതികരണവും പ്രതിഫലനവും ഇല്ലാത്തവനോ ഇല്ലാത്തവളോ ആയി നിൽക്കേണ്ടി വരുന്ന ദുരന്താവസ്ഥയെക്കുറിച്ച് ആലോചിച്ചു നോക്കുക. കുട്ടിക്കാലത്തെ പരിചരണത്തിൽ ഇത്തരം വൈകാരികതകളുടെ വളർച്ചയിൽ

ആവശ്യമായ ചുവടുവെപ്പുകൾ മാതാപിതാക്കളുടെ ഭാഗത്തു നിന്ന് ലഭിക്കാതിരുന്നത് അതിന്റെ നിമിത്തങ്ങളിൽ ഒന്നാണ്.

അനന്യമായ ഈ വൈകാരിക മൂല്യങ്ങളുടെ വളർച്ചക്കാവശ്യമായ വിഭവങ്ങളുടെ സൂക്ഷിപ്പ് കേന്ദ്രമാണ് മാതാപിതാക്കൾ. അവരിലൂടെയാണ് ഇത് കൈമാറ്റം ചെയ്യപ്പെടുന്നത്. അതിന്ന് അവരെ സഹായിക്കുന്ന ധാരാളം മാർഗങ്ങൾ നബിﷺ നമുക്ക് പഠിപ്പിച്ചു തന്നിട്ടുണ്ട്. നബിﷺയുടെ കുട്ടികളോടുള്ള ഇടപെടലുകളിൽ അവരിൽ വൈകാരികത തഴച്ചുവളരാൻ ഉതകുന്ന വേരുകൾ പടർത്തുന്നത് കാണാം. നമ്മുടെ ജീവിതത്തിലും അത് മാതൃകയാക്കി നാം മക്കളോട് ഇടപെട്ടാൽ, അവരുടെ ചുറ്റുപാടുകളോട് വൈകാരിക സന്തുലിതാവസ്ഥയിൽ അവർ പ്രതികരിക്കുന്നത് നമുക്ക് കാണാം. അവയിൽ ചിലത് നമുക്ക് പരിശോധിക്കാം:

ഒന്ന്: ചുംബനം, വാത്സല്യം, കാരുണ്യം തുടങ്ങിയവ കുട്ടികൾക്ക് ആവശ്യമായ അളവിൽ ലഭ്യമാവൽ: മക്കൾക്ക് നൽകുന്ന ചുംബനങ്ങൾക്ക് അവരുടെ മനസ്സിനെ ഉദ്ദീപിക്കുന്നതിലും അവരിൽ മാനസിക വികാരങ്ങൾ ഉദ്പാദിപ്പിക്കുന്നതിലും വലിയ പങ്കാണുള്ളത്. കൂടാതെ വലിയവരുടെയും ചെറിയവരുടെയും ഇടയിലുള്ള ബന്ധം കെട്ടിയുറപ്പിക്കുന്നതിലും അതിന്നു വലിയ പങ്കുണ്ട്. വളരുന്ന കുട്ടിയോടുള്ള കരുണ്യത്തിന്റെ തെളിവ് കൂടിയാണത്. കുട്ടിയുടെ മനസ്സിനെ അത് ജീവസ്സുറ്റതാക്കുകയും ചുറ്റുപാടിനോട് സജീവമായി പ്രതികരിക്കാൻ അവനത് ആവേശം നൽകുകയും ചെയ്യും. എല്ലാറ്റിനും പുറമെ അത് നബിﷺയുടെ ജീവിത ചര്യകളിൽ പെട്ടതുമാണ്.

ഇമാം ബുഖാരിയും മുസ്‌ലിമും ആഇശ(റ)യിൽ നിന്ന് നിവേദനം: അവർ പറയുകയാണ്: "ഗ്രാമീണരായ ചില അറബികൾ നബിﷺയുടെ അടുത്ത് വന്നു. എന്നിട്ട് അവർ നബിﷺയോട് ചോദിച്ചു: 'താങ്കൾ താങ്കളുടെ മക്കളെ ചുംബിക്കാറുണ്ടോ?' നബിﷺ പറഞ്ഞു: 'അതെ.' അവർ പറഞ്ഞു: 'അല്ലാഹുവാണെ സത്യം! ഞങ്ങൾ ചുംബിക്കാറില്ല.' അപ്പോൾ നബിﷺ അവരോട് തിരിച്ചു ചോദിച്ചു: 'അല്ലാഹു നിങ്ങളുടെ ഹൃദയത്തിൽ നിന്നും കാരുണ്യം എടുത്തു കളഞ്ഞാൽ എനിക്ക് എന്ത് ചെയ്യാൻ കഴിയും?'

അബൂഹുറയ്റ(റ) പറയുകയാണ്: "നബിﷺ ഹസൻ ഇബ്നു അലി(റ)വിനെ ചുംബിച്ചു. അപ്പോൾ അൽ അക്വ്‌റഉബിൻ ഹാബിസ്(റ)പറഞ്ഞു: 'എനിക്ക് പത്ത് മക്കളുണ്ട്. അവരിൽ നിന്ന് ഒരാളെ പോലും ഞാൻ ചുംബിച്ചിട്ടില്ല.' അന്നേരം നബിﷺ പറഞ്ഞു: 'കാരുണ്യം കാണിക്കാത്തവരോട് കാരുണ്യം കാണിക്കപ്പെടുകയില്ല' (ബുഖാരി, മുസ്‌ലിം).

ഇബ്നു അസാകിർ അനസ്(റ)വിൽ നിന്ന് നിവേദനം: "നബിﷺ കുടുംബങ്ങളോടും കുട്ടികളോടും എറ്റവും കാരുണ്യമുള്ളവനായിരുന്നു" (സ്വഹീഹ് അൽ ജാമിഅ്).

കുട്ടികളോട് കാരുണ്യം കാണിക്കുകയും അവരുടെ വിഷയത്തിൽ അവരോട് കടുത്ത താൽപര്യം നില നിർത്തുകയും ചെയ്യുകയെന്നത് നബിചര്യയുടെ പ്രകടനവും സ്വർഗ പ്രവേശനത്തിന്റെ നിമിത്തവും ആണ്. ഒരിക്കൽ രണ്ടു മക്കളെയുമായി ഒരു സ്ത്രീ ആഇശ(റ)യുടെ അടുത്ത് സഹായം ചോദിച്ചു വന്നു. അവർ മൂന്നു കാരക്ക അവർക്ക് നൽകി. അതിൽ രണ്ടണ്ണം അവർ കുട്ടികൾക്ക് വീതിച്ചു നൽകി. എന്നിട്ട് ഒന്ന് അവർ (അവർക്ക് തിന്നാനായി) സൂക്ഷിച്ചു വെച്ചു. കുട്ടികൾ അവർക്ക് നൽകിയത് തിന്നു കഴിഞ്ഞ് ഉമ്മയുടെ മുഖത്തേക്ക് നോക്കി. അപ്പോൾ അവർ കൈയിലുണ്ടായിരുന്ന മൂന്നാമത്തെ കാരക്ക രണ്ടായി പകുത്തു മക്കൾക്ക് നൽകി. (അവർ ഒന്നും തിന്നില്ല). ഈ സംഭവം ആഇശ(റ) നബിﷺ വന്നപ്പോൾ അദ്ദേഹത്തിന് വിശദീകരിച്ചു കൊടുത്തു. ആപ്പോൾ നബിﷺ പറഞ്ഞു: 'നീ എന്താണ് ഇതിൽ ഇത്ര അത്ഭുതപ്പെടുന്നത്? ആ സ്ത്രീ അവരുടെ കുട്ടിയോട് കാണിച്ച ഈ കാരുണ്യം നിമിത്തം അല്ലാഹു അവരോടു കാരുണ്യം ചെയ്തിരിക്കുന്നു" (ബുഖാരി).

സ്വന്തക്കാരുടെ കുട്ടികൾ മാത്രമല്ല, മറ്റു കുട്ടികളും നബിﷺയുടെ കാരുണ്യത്തിന്റെ നനവും തണുപ്പും അനുഭവിച്ചവരാണ്. അനസ്(റ) ഉദ്ധരിക്കുന്നു: നബിﷺ പറഞ്ഞു: "ഞാൻ നമസ്കാരത്തിൽ പ്രവേശിക്കും. ദീർഘമായി ക്വുർആൻ പാരായണം ചെയ്യാൻ ആഗ്രഹിച്ചുകൊണ്ടായിരിക്കും അത്. അപ്പോൾ ഞാൻ (സ്ത്രീകളുടെ ഭാഗത്തു നിന്ന്) കുഞ്ഞുങ്ങളുടെ കരച്ചിൽ കേൾക്കും. അപ്പോൾ ഞാൻ നമസ്കാരം ചുരുക്കും. അവരുടെ കരച്ചിൽ അവരുടെ മാതാക്കളുടെ മനസ്സിലുടക്കുന്ന അവസ്ഥ പരിഗണിച്ചു കൊണ്ടാണത്" (ബുഖാരി).

അബൂ ക്വതാദ(റ) പറയുകയാണ്: "നബിﷺയുടെ മകളായ സൈനബി(റ)ന്റെ മകൾ ഉമാമയെ നബി ﷺ ചുമലിൽ ഏറ്റിക്കൊണ്ട് ജനങ്ങൾക്ക് ഇമാമായി നമസ്കരിക്കും. എന്നിട്ട് സുജൂദിൽ പോകുമ്പോൾ അവളെ നിലത്തു വെക്കും, എഴുന്നേൽക്കുമ്പോൾ എടുത്ത് ചുമലിൽ വെക്കും" (ഇബ്നു ഖുസയ്മ).

ഈ രീതിയിൽ വാത്സല്യം നിറഞ്ഞ ഹൃദയവുമായി മക്കളോട് ഇടപെടുന്ന രക്ഷിതാക്കൾക്ക് മാത്രമെ മക്കൾക്ക് മൂല്യബോധം പകർന്നുകൊടുക്കുവാൻ കഴിയുകയുള്ളൂ. മാതാപിതാക്കൾ കാണിക്കുന്ന വാത്സല്യവും പാരുഷ്യതയും മക്കളുടെ മാനസിക ആരോഗ്യത്തെയും വൈകാരിക വളർച്ചയെയും ശക്തമായി സ്വാധീനിക്കുമെന്ന് ഉറപ്പാണ്. ഇത് പോലെ കുട്ടികളിൽ മാനസിക വളർച്ചയെ ത്വരിതപ്പെടുത്തുന്ന മറ്റനേകം ഇടപെടലുകളിലേക്ക് ഇസ്‌ലാം വെളിച്ചം വീശുന്നുണ്ട്. **(തുടരും)**

ഇ.കെ മൗലവി



# ആ ദീപവും അണഞ്ഞു

**(1964 സെപ്റ്റംബർ 11ന് മരണപ്പെട്ട കെ.എം മൗലവിയെക്കുറിച്ച് 1966ൽ ഇ.കെ മൗലവി എഴുതിയ ലേഖനം)**

**1909**ലാണ് ഞാനും എന്റെ അമ്മാവന്റെ പുത്രൻ മർഹൂം കുഞ്ഞഹമ്മദ് മൗലവിയും വാഴക്കാട് 'ദാറുൽ ഉലൂം' മദ്റസയിലെത്തിച്ചേർന്നത്. അന്നവിടുത്തെ പ്രധാനാധ്യാപകൻ ചാലിലകത്ത് കുഞ്ഞഹമ്മദ് ഹാജി മർഹൂം ആയിരുന്നു. ഞങ്ങൾ വൈകുന്നേരം 7 മണിക്കാണവിടെ എത്തിയത്. അന്ന് തന്നെ ഉച്ചക്ക് മറ്റൊരു വിദ്യാർഥിയും പുതുതായവിടെ വന്നെത്തിയിട്ടുണ്ടെന്ന് ഞങ്ങൾക്കറിയാൻ കഴിഞ്ഞു. അടുത്ത ദിവസം ഞങ്ങൾ പരിചയപ്പെടുകയും ചെയ്തു. അന്നു മുതൽ ഇതഃപര്യന്തം ഞങ്ങൾ തമ്മിൽ വിട്ടുപിരിഞ്ഞിട്ടില്ലെന്നു പറഞ്ഞാൽ അതിലൊട്ടും അതിശയോക്തിയില്ല. ആ വിദ്യാർഥി ജ: കെ.എം. മൗലവി സാഹിബായിരുന്നു. 1964 സെപ്തംബർ 11ന് വെള്ളിയാഴ്ച ജുമുഅക്കു ശേഷം അദ്ദേഹം തനിക്കായി കുഴിപ്പിച്ചുവെച്ചിരുന്ന ഖബ്റിൽ മറമാടപ്പെട്ടതോടെ ഞങ്ങൾ തമ്മിൽ എന്നെന്നേക്കുമായി വിട്ടുപിരിഞ്ഞു. "ഇന്നാലില്ലാഹി..."

1921 മുതൽ 32 വരെയുള്ള സംഭവബഹുലമായ 11 കൊല്ലത്തെ മൗലവി സാഹിബിന്റെ ജീവിതത്തിലെ ഒരു ചുരുക്കവിവരണം മാത്രമാണ് ഈ ലേഖനദ്വാരാ ഞാൻ വായനക്കാരെ അറിയിക്കുന്നത്.

1921ലെ മലബാർ ലഹളയെപ്പറ്റി ഇന്നാരെയും പറഞ്ഞറിയിക്കേണ്ടതില്ല. അതിന്റെ തുടക്കം തിരൂരങ്ങാടിയിൽ വെച്ചാണല്ലോ. വിവരമറിഞ്ഞു നാടാകെ അമ്പരന്നു. ലഹള ശമിപ്പിക്കാനായി കെ.എം മൗലവി, ഇ.മൊയ്തു മൗലവി, കെ.പി. കേശവമേനോൻ, കെ. മാധവൻ നായർ എന്നിവരെ അന്നത്തെ മലബാർ കലക്ടർ തിരൂരങ്ങാടിക്കയച്ചു. അവർ തങ്ങളാൽ കഴിയുന്ന സകല ശ്രമങ്ങളും ചെയ്തുനോക്കി. മൗലവി സാഹിബ് ലഹളക്കാരോട് തിരിച്ചുപോകാനാവശ്യപ്പെട്ടു. നമ്മുടെ പള്ളികളെ അപമാനിച്ചതിന്ന് പകരം ചോദിക്കാത്തതിനെക്കുറിച്ച് പരലോകത്തുവെച്ച് ചോദ്യം ചെയ്യുമ്പോൾ ആർ ഉത്തരം പറയും എന്നായിരുന്നു ലഹളക്കാരുടെ പ്രതികരണം. കെ.എം. മൗലവി സാഹിബ് ഇങ്ങനെ പ്രതിവചിച്ചു: "അല്ലാഹുവിനോട് ഈ തയ്യിൽ മുഹമ്മദ് കുട്ടി ഉത്തരം പറയും. നിങ്ങൾ ഇപ്പോൾ തിരിച്ചു പോകണം."

തൽക്കാലം അവർ പിരിഞ്ഞുപോയി. അപ്പോഴേക്കും ലഹള സർവത്ര വ്യാപിച്ചിരുന്നു. ചുരുക്കിപ്പറഞ്ഞാൽ ലഹളക്കാരും ഗവർമ്മെന്റും മൗലവി സാഹിബിന്റെ ശത്രുക്കളായി മാറി. തന്മൂലം അദ്ദേഹത്തിന്നു പരസ്യമായി പുറത്തിറങ്ങാൻ സാധിക്കാതെവന്നു. അങ്ങനെ അദ്ദേഹം രണ്ടു വിശ്വസ്ത കൂട്ടുകാരോടൊപ്പം കടപ്പുറത്തൂടെയും തോണിവഴിയാലും സഞ്ചരിച്ചു കൊടുങ്ങല്ലൂരിലെത്തിച്ചേർന്നു. ഈ സന്ദർഭത്തിൽ നബിതിരുമേനിയുടെ ഹിജ്റാ വസ്തുത എന്റെ സ്മൃതിപഥത്തിൽ പ്രതിബിംബിക്കുകയാണ്. ഈയുള്ളവനും കൂട്ടുകാരും ആ വരവും പ്രതീക്ഷിച്ചിരിക്കുകയായിരുന്നു. അവിടെ എത്തിപ്പെട്ടതോടെ അദ്ദേഹം സുരക്ഷിതനായി. കോട്ടപ്പുറത്ത് മർഹൂം സീതിമുഹമ്മദ് സാഹിബിന്റെയും മണപ്പാട്ട് ഹാജി പി. കുഞ്ഞുമുഹമ്മദ് സാഹിബിന്റെയും കുടുംബം അദ്ദേഹത്തിന്റെ രക്ഷാകേന്ദ്രങ്ങളായിത്തീർന്നു. അടുത്ത

വെള്ളിയാഴ്ച അദ്ദേഹം അഴീക്കോട് ജുമുഅത്ത് പള്ളിയിൽവെച്ചു ഒരു പ്രസംഗം ചെയ്തു. പ്രസംഗത്തിന്റെ തുടക്കം ഇങ്ങനെയായിരുന്നു: "ചിലരൊക്കെ പറയുന്നത് കേൾക്കാം, മരിക്കുവോളം നല്ല വണ്ണം കഴിഞ്ഞുകൂടണമെന്ന്. ഞാൻ പറയുന്നു മരിക്കുവോളം നല്ലവണ്ണം കഴിഞ്ഞുകൂടണം; മരിച്ചിട്ടും നല്ലവണ്ണം കഴിഞ്ഞുകൂടണമെന്ന്." ഈ പ്രസംഗത്തോടെ മൗലവി നാട്ടുകാരുടെ സമാദരണീയനായിത്തീർന്നു.

അനന്തരം കൊടുങ്ങല്ലൂരിലെ ഒരു മുസ്‌ലിം പൗരൻ എന്ന നിലയിൽ സാമുദായികവും മതപരവും രാഷ്ട്രീയവുമായ എല്ലാതുറകളിലും അദ്ദേഹം പ്രവർത്തിച്ചുതുടങ്ങി. ഭാര്യയെ തിരൂരങ്ങാടിയിൽ നിന്നും എറിയാട്ടേക്ക് കൊണ്ടുവന്നു കുടുംബജീവിതമാരംഭിച്ചു. നാട്ടുകാര്യങ്ങളോടൊപ്പം ലഹളപ്രദേശങ്ങളിൽ നിന്നും കൊടുങ്ങല്ലൂരിലേക്ക് പ്രവഹിച്ചിരുന്നവരുടെ കാര്യത്തിലും അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചിരുന്നു. അഭയാർഥികളിൽ തൊണ്ണൂറുശതമാനവും മണപ്പാടന്റെയും സീതിസാഹിബിന്റെയും വീടുകളിലായിരുന്നു അഭയം പ്രാപിച്ചിരുന്നത്. അവരുടെ കാര്യങ്ങളിലെല്ലാം മേൽനോട്ടം ചെയ്തു വന്നത് മൗലവി സാഹിബ് തന്നെയായിരുന്നു. ഇതിന്നിടക്ക് മൗലവി സാഹിബ് ഒരു മഹാപണ്ഡിതനും പ്രസിദ്ധ സാഹിത്യകാരനും പത്രപ്രവർത്തകനുമായ വക്കം മുഹമ്മദ് അബ്ദുൽ ഖാദർ മൗലവിയുമായി സമ്പർക്കം പുലർത്തുകയുണ്ടായി. തന്മൂലം മൗലവിയുടെ പ്രവർത്തന രംഗം കൊടുങ്ങല്ലൂർ മുതൽ തിരുവനന്തപുരം വരെ വിശാലമായിത്തീർന്നു.

ഇത്തരുണത്തിൽ കൊടുങ്ങല്ലൂർ മുസ്‌ലിംകളെപ്പറ്റിയും രണ്ടുവാക്ക് പറഞ്ഞ് കൊള്ളട്ടെ. കൊടുങ്ങല്ലൂരിൽപെട്ട അഴീക്കോട്, എറിയാട് എന്നീ രണ്ടു വില്ലേജുകളിലും മുസ്‌ലിംകളാണ് അധികം. അവരിൽ അധികപേരും ധനികരും മതബോധമുള്ളവരും ഭൗതികമായി സാമാന്യജ്ഞാനം ലഭിച്ചിട്ടുള്ളവരുമായിരുന്നു. എന്നിരുന്നാലും കക്ഷിവഴക്കും വക്കാണവും അവരിൽ ഒരു ശാപമെന്നോണം നിലനിന്നിരുന്നു. ഇതിൽനിന്നും മുസ്‌ലിം സമുദായത്തെ രക്ഷിക്കാനായി മൗലവിസാഹിബ് ഉറ്റു ശ്രമിച്ചുവന്നു. തൽഫലമായി 1922ൽ 'നിഷ്പക്ഷസംഘം' എന്ന പേരിൽ ഒരു സംഘം സ്ഥാപിതമായി. ജനാബുമാർ കോട്ടപ്പുറത്ത് സീതിമുഹമ്മദ് സാഹിബ്, മണപ്പാട്ടു പി. കുഞ്ഞിമുഹമ്മദ് സാഹിബ് മുതൽ പേരായിരുന്നു പ്രധാന പ്രവർത്തകർ. മൗലവിസാഹിബിന്റെയും പ്രവർത്തകരുടെയും അക്ഷീണ പരിശ്രമ ഫലമായി മിക്കവാറും മുസ്‌ലിംകൾ സംഘത്തിൽ അംഗങ്ങളായി ചേർന്നു. ഈ സംഘത്തിന്റെ പ്രവർത്തനങ്ങൾ അടുത്ത നാട്ടുകാരെയും ആകർഷിച്ചുതുടങ്ങി. അവിടങ്ങളിലും നിഷ്പക്ഷ സംഘത്തിന്റെ ശാഖകൾ സ്ഥാപിതമായി. തന്മൂലം സംഘത്തിന്റെ പേര് 'കേരള മുസ്‌ലിം ഐക്യ സംഘം' എന്നാക്കി മാറ്റി. മുസ്‌ലിംകളുടെ മതപരവും സാമുദായികവും സാമ്പത്തികവുമായ നില നന്നാക്കിത്തീർക്കുകയെന്നതും സംഘത്തിന്റെ ചുമതലയിൽ പെടുത്തി. അങ്ങനെ അനാചാരങ്ങളെയും അന്ധവിശ്വാസങ്ങളെയും സമുദായത്തിൽ നിന്ന് ദൂരികരിക്കുവാനും പരിശ്രമിച്ചു തുടങ്ങി. അതോടെ യാഥാസ്ഥിതിക കോമരങ്ങളുടെ ഇളകിയാട്ടവും അതിന്റെ മൂർധന്യത്തിലെത്തി. അതൊന്നും വിലവെക്കാതെ ദുരാചാര കോമരങ്ങളോട് ജിഹാദു ചെയ്യുവാൻ തന്നെ തീരുമാനിച്ചു. അതിന്നുള്ള ആയുധങ്ങളും ശേഖരിച്ചു തുടങ്ങി.

മലയാളത്തിൽ 'മുസ്‌ലിം ഐക്യം' എന്ന ഒരു മാസികയും 'അൽഇർശാദ്' എന്നപേരിൽ അറബി മലയാളത്തിൽ മറ്റൊരു മാസികയും ആരംഭിച്ചു. ഇതിന്നും പുറമെ അനേകം ലഘുലേഖകളും കൊച്ചു ഗ്രന്ഥങ്ങളും പ്രസിദ്ധം ചെയ്യുകയും ചെയ്തു. ഇതിന്റെയെല്ലാം പിന്നിൽനിന്ന് പ്രവർത്തിച്ചുകൊണ്ടിരുന്നത് കെ.എം. മൗലവി സാഹിബല്ലാതെ മറ്റാരുമായിരുന്നില്ല. ഖുറാഫികൾ അവസാനത്തെ അടവെന്നൊണം ഞങ്ങളുടെ നാട്ടുകാരൻ ഏനുക്കുട്ടി മുസ്ല്യാരെ കൊണ്ട് വന്നു. ഈ മഹാനായ ആലിം നിങ്ങളുടെ വാദം സമ്മതിക്കുന്നതായാൽ ഞങ്ങളും അതൊക്കെ സമ്മതിക്കാമെന്ന് വീരവാദം ചെയ്തു. അങ്ങനെ കെ.എം. മൗലവിയുമായി ഏനുക്കുട്ടി മുസ്‌ലിയാർ എല്ലാ വിഷയങ്ങളെ പറ്റിയും വിശദമായി ചർച്ച ചെയ്തു. അനന്തരം അടുത്തദിവസം അഴീക്കോട് വെച്ച് ഒരു യോഗം കൂടുവാനും ആ യോഗത്തിൽവെച്ചു ഏനുക്കുട്ടി മുസ്‌ലിയാരുടെ തീരുമാനം പ്രഖ്യാപിക്കുവാനും നിശ്ചയിച്ചു. അന്ന് ഒരു മഹായോഗം തന്നെ ഏനുക്കുട്ടി മുസ്‌ലിയാരുടെ അധ്യക്ഷതയിൽകൂടി. ജനങ്ങൾ അദ്ദേഹത്തിന്റെ തീരുമാനം പ്രതീക്ഷിച്ചുകൊണ്ടിരിക്കെ അദ്ദേഹം ഇങ്ങനെ പ്രസ്താവിച്ചു: "പരിശുദ്ധമായ ആദർശങ്ങളോട് കൂടി നടത്തപ്പെടുന്ന ഈ സംഘത്തിൽ എന്നെയും ഒരംഗമായി ചേർക്കേണമെന്ന് ഞാൻ അപേക്ഷിക്കുന്നു." ഇതോടെ ഖുറാഫികളുടെ ആകാശക്കോട്ട തകർന്നു തരിപ്പണമായി. ഇത്കൊണ്ടു പറയത്തക്ക ഫലമൊന്നുമുണ്ടായില്ല. കൊല്ലങ്ങളോളമായി പഴക്കംചെന്ന അനാചാരങ്ങൾ രൂപാന്തരേണ അവരിൽ നിലനിന്നു പോരുകതന്നെ ചെയ്തു.

ഐക്യസംഘത്തിന്റെ ഒന്നാം വാർഷികയോഗം വക്കം മുഹമ്മദ് അബ്ദുൽഖാദർ മൗലവിയുടെ അധ്യക്ഷതയിൽ നടന്നു. ഈ യോഗത്തിൽ കേരളത്തിലെ മിക്കഭാഗങ്ങളിൽനിന്നും യോഗ്യന്മാരായ പലരും പങ്കെടുക്കുകയുണ്ടായി. അതോടെ സംഘത്തിന്നു ഒരന്തസ്സും നിലയും വിലയും ലഭിച്ചു കഴിഞ്ഞു. അത്കൊണ്ടൊന്നും മുസ്‌ലിയാവർഗത്തിന്റെ ആക്ഷേപങ്ങൾക്കും ഹാലിളക്കത്തിന്നും

കുറവൊന്നും ഉണ്ടായില്ല. വക്കം മൗലവിയെയും അവർ വിമർശിക്കുവാൻ തുടങ്ങി. ഇതിനൊരു പരിഹാരം കണ്ടുപിടിക്കണമെന്ന ഉദ്ദേശത്തോടുകൂടി അടുത്ത വർഷം ഐക്യസംഘത്തിന്റെ വാർഷികയോഗം ആലുവായിൽ വെച്ചു കൂടുവാനും വെല്ലൂർ 'ബാഖിയാത്തുസ്സാലിഹാത്ത്' മദ്റസയിലെ പ്രിൻസിപ്പാൾ അബ്ദുൽ ജബ്ബാർ ഹസ്രത്തിനെ അധ്യക്ഷനായി ക്ഷണിക്കുവാനും തീരുമാനിച്ചു. ഐക്യസംഘത്തിന്റെ ആദർശങ്ങളും ഉദ്ദേശങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ടു കെ.എം. മൗലവി സാഹിബ് ഒരു കത്ത് അറബിയിൽ അദ്ദേഹത്തിന്നയച്ചു. മാത്രമല്ല, അതേസ്ഥലത്തുവെച്ച് തന്നെ കേരളത്തിലെ ഉലമാക്കളുടെ ഒരു യോഗം കൂടുന്നതാണെന്നും അതിലും അദ്ദേഹം തന്നെ അധ്യക്ഷതവഹിക്കണമെന്നും അഭ്യർഥിക്കുകയുണ്ടായി. ആ മഹാപണ്ഡിതനാവട്ടെ, മുടക്കമൊന്നും പറയാതെ ക്ഷണം സ്വീകരിക്കുകയാണുണ്ടായത്.

അന്നത്തെ ചുറ്റുപാടിൽ ഉലമാക്കളെ ഒരുമിച്ചു കൂട്ടുന്നതിലാണ് വിഷമമെന്നു ഞങ്ങൾക്കറിയാം. എന്നാൽ പരേതനായ മണപ്പാട്ടു പി.കുഞ്ഞുമുഹമ്മദ് സാഹിബും (അന്നദ്ദേഹം ഹാജിയായിട്ടില്ല) ടി.കെ മൗലവി മർഹൂമും ഈ ലേഖകനുംകൂടി തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ ഒരു പര്യടനം നടത്തുകയും ആലിമുകളെ നേരിട്ടു കണ്ട് യോഗത്തിന്നു ക്ഷണിക്കുകയും യാത്രാചിലവ് യോഗഭാരവാഹികൾ വഹിക്കുന്നതാണെന്ന റിയിക്കുകയും ചെയ്തു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ യോഗങ്ങൾ രണ്ടും ആലുവായിൽവെച്ചുതന്നെ നടക്കുകയുണ്ടായി. അവിടെവെച്ചു "കേരള ജം ഇയ്യത്തുൽ ഉലമാ" രൂപീകരിക്കപ്പെടുകയും ചെയ്തു. കേരള ജംഇയ്യത്തുൽ ഉലമായുടെ സ്ഥാപകൻ കെ.എം. മൗലവി സാഹിബായിരുന്നു എന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ.

മൗലവി സാഹിബ് തന്റെ മൂർച്ചയേറിയ നാക്കുകൊണ്ടും തൂലികകൊണ്ടും ഒരേ അവസരത്തിൽ ശത്രുക്കളോട് ധീരധീരം പോരാടിവന്നു. ഇതിന്നിടക്ക് മലബാറിൽനിന്നുള്ള പോലീസും പോലീസുകാരുടെ ഏജന്റുമാരും അദ്ദേഹത്തെ കെണിയിൽ പെടുത്തുവാൻ തക്കംപാർത്തുകൊണ്ടിരിക്കുകയായിരുന്നു. പക്ഷേ, അവരെല്ലാം പരാജിതരാവുകയാണുണ്ടായത്. കൊടുങ്ങല്ലൂരിലെ മുസ്‌ലിംകൾ മാത്രമല്ല, അമുസ്‌ലിംകളും മൗലവിയുടെ രക്ഷക്കുവേണ്ടി ജീവൻ ബലിയർപ്പിക്കാൻ പോലും തയ്യാറായിരുന്നു. ഒരു ഉദാഹരണം പറയാം. മലബാറിൽനിന്നു ഒരു സബ്ഇൻസ്‌പെക്ടറും പാർട്ടിയും കൊടുങ്ങല്ലൂരിൽ വന്നിട്ടുണ്ടെന്നും അവരുടെ ഉന്നം കെ.എം. മൗലവിയാണെന്നും വിവരം കിട്ടിയതനുസരിച്ചു പലരും പോലീസ് സ്റ്റേഷന്റെ പരിസരത്തിലെത്തി. മലബാറിൽനിന്നു വന്ന സബ്ഇൻസ്‌പെക്ടറും പാർട്ടിയും അമ്പല നടക്കൽ നിൽക്കുന്നതായി കണ്ടു. ഉടനെ കെ.സി. കൃഷ്ണൻകുട്ടിമേനോൻ എന്നൊരാൾ ഇൻസ്‌പക്ടറുടെഅടുത്തുചെന്ന് 'നിങ്ങൾ ഇവിടെ എന്തു ഉദ്ദേശത്തോടുകൂടിയാണ് വന്നിട്ടുള്ളതെ'ന്നുചോദിച്ചു. ഞങ്ങൾക്ക് ഇവിടെ ഒരാളെ പിടികിട്ടേണ്ടതുണ്ടായിരുന്നു. അത് സാധിക്കുകയും ചെയ്തു എന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി. മേനോൻ പറഞ്ഞു: 'നിങ്ങൾ തയ്യിൽ മുഹമ്മദ് കുട്ടി മുസ്‌ലിയാരെ പിടിക്കുവാൻ വന്നതാണെന്നു കരുതിയാണ് ഞാൻ ചോദിച്ചത്. അദ്ദേഹം ഇവിടെയുണ്ട്. ഇവിടുത്തെ മുസ്‌ലിംകളെ പറ്റി ഞാനൊന്നും അറിയുകയില്ല. എന്നാൽ ഇവിടുത്തെ ഹിന്ദുക്കളുടെ ശവശരീരത്തിൽ ചവിട്ടിക്കൊണ്ടല്ലാതെ നിങ്ങൾക്ക് അദ്ദേഹത്തെ അറസ്റ്റ് ചെയ്യുവാൻ സാധിക്കുകയില്ലെന്നു ഞാൻ തീർത്തു പറയുന്നു.'

> **ഐക്യസംഘത്തിന്റെ ഒന്നാം വാർഷികയോഗം വക്കം മുഹമ്മദ് അബ്ദുൽഖാദർ മൗലവിയുടെ അധ്യക്ഷതയിൽ നടന്നു. ഈ യോഗത്തിൽ കേരളത്തിലെ മിക്കഭാഗങ്ങളിൽനിന്നും യോഗ്യന്മാരായ പലരും പങ്കെടുക്കുകയുണ്ടായി. അതോടെ സംഘത്തിന്നു ഒരന്തസ്സും നിലയും വിലയും ലഭിച്ചുകഴിഞ്ഞു.**

ഇൻസ്‌പക്ടർ: 'അദ്ദേഹം ഇവിടെയുണ്ടെന്നു ഞങ്ങൾക്കറിയാം. എന്നാൽ അദ്ദേഹത്തെ പിടിക്കുവാൻ ഞങ്ങൾക്കുദ്ദേശമില്ല. അതിന്ന് ഞങ്ങൾ വന്നിട്ടുമില്ല.'

ഇതിൽനിന്നു മനസ്സിലാക്കാം; കൊടുങ്ങല്ലൂരിലെ മുസ്‌ലിംകളും അമുസ്‌ലിംകളും മൗലവി സാഹിബിനെ എത്രമാത്രം സ്നേഹിക്കുകയും ആദരിക്കുകയും ചെയ്തിരുന്നുവെന്ന്. കൊടുങ്ങല്ലൂരിൽ മാത്രമല്ല കൊച്ചിസ്റ്റേറ്റിലും തിരുവിതാംകൂറിലും മുസ്‌ലിംകളും അമുസ്‌ലിംകളുമായി അനേകം സുഹൃത്തുക്കളദ്ദേഹത്തിന്നുണ്ടായിരുന്നു. തിരുവിതാംകൂറിലെ സമുദായികവും മതപരവുമായ പ്രവർത്തനങ്ങളിലെല്ലാം കെ.എം. മൗലവി സാഹിബിന്നും ഗണ്യമായ പങ്കുണ്ടായിരുന്നു. അത്തരം സംഭവങ്ങൾ വിസ്തരിച്ചെഴുതുകയാണെങ്കിൽ ഒന്നിലധികം വാല്യങ്ങൾതന്നെ വേണ്ടിവരും. ഇത്തരം പ്രവർത്തനങ്ങൾക്കിടയിലാണ് തിരുവിതാംകൂറിലെ ആദ്യത്തെ മുസ്‌ലിം ഇൻസ്‌പെക്ടറായ സുലൈമാൻ സാഹിബ് മൗലവിയുടെ അടുക്കൽനിന്നും അറബിഭാഷ പഠിച്ചിരുന്നത്.

മൗലവി സാഹിബിന്റെ ഒന്നാമത്തെ ഹജ്ജ് യാത്രയും കൊടുങ്ങല്ലൂരിൽനിന്നു തന്നെയായിരുന്നു. ജനാബുമാർ കോട്ടപ്പുറത്ത് സീതിമുഹമ്മദ് സാഹിബ്, മണപ്പാട്ട് പി. കുഞ്ഞുമുഹമ്മദ് സാഹിബ്,

പി.എ. കുഞ്ഞിക്കോമു സാഹിബ് എന്നീ നാലു പേരാണ് മൗലവിസാഹിബൊന്നിച്ചുണ്ടായിരുന്നത്. 1927ലാണ് ഈ ഹജ്ജ് യാത്ര. അന്ന് ഹിജാസിലെ ഭരണാധികാരി ജലാലത്തുൽ മലിക് ഇബ്നു സുഊദായിരുന്നു. മേൽപറഞ്ഞ അഞ്ചുപേരും സുൽത്താൻ ഇബ്നുസുഊദിനെ നേരിട്ടുകാണുകയും ഹിജാസിൽ വരുത്തേണ്ടതായി അവർക്കു തോന്നിയ പരിഷ്കരണങ്ങളടങ്ങിയ ഒരു മെമ്മോറാണ്ടം സുൽത്താൻ തിരുമനസ്സിലേക്ക് സമർപ്പിക്കുകയും ചെയ്തു. സുൽത്താൻ തിരുമനസ്സുകൊണ്ട് അവരെ സബഹുമാനം സ്വീകരിക്കുകയും കഴിയുന്ന വേഗത്തിൽ മെമ്മോറാണ്ടത്തിൽ നിർദേശിച്ച പരിഷ്കരണങ്ങൾ നടപ്പിൽ വരുത്തിക്കൊള്ളാമെന്നു ഉറക്കുകയും ചെയ്തു. പിന്നീട് അവയിൽ പലതും നടപ്പിൽവരുത്തുകയുണ്ടായി.

ഹജ്ജ് യാത്ര കഴിഞ്ഞു തിരിച്ചുവരുമ്പോഴുണ്ടായ ഒരു സംഭവം പ്രത്യേകം പ്രസ്താവ്യമാണ്. ജിദ്ദയിൽ നിന്നും ബോംബെക്കു കപ്പൽ കയറിയ ഉടനെ ബോംബെയിലെ പോലീസ് സുപ്രണ്ടിന്നു ഒരു ഊമക്കത്ത് കിട്ടുകയുണ്ടായി. 'ബ്രിട്ടീഷ് ഗവർമ്മെന്റിന്നു പിടികിട്ടേണ്ട ഒരു പുള്ളി -തയ്യിൽ മുഹമ്മദു കുട്ടി മുസ്‌ലിയാർ - ഇന്നിന്നവരൊന്നിച്ച് ഇന്ന തിയ്യതിക്ക് ബോംബെയിലെത്തുന്ന കപ്പലിലുണ്ട്; അദ്ദേഹത്തെ അവിടെവെച്ചു അറസ്റ്റ് ചെയ്യേണ്ടതാണ്.' പക്ഷേ, ഭക്തജനങ്ങളെ താൻ എന്ത് ചെയ്യുന്നുവെന്ന് അല്ലാഹു ഊമക്കത്തുകാർക്ക് കാണിച്ചുകൊടുത്തു. എങ്ങിനെയെന്നാൽ, ബോംബെയിലെ പോലീസ് സൂപ്രണ്ട് തലശ്ശേരി സ്വദേശിയായ ടി.സി. മാഹിൻസാഹിബായിരുന്നു. കപ്പൽ തുറമുഖത്തെത്തിയപ്പോൾ മാഹിൻ സാഹിബ് കൊടുങ്ങല്ലൂരിലെ ഹാജിമാരെയും കാത്ത് നിൽപുണ്ടായിരുന്നു. അദ്ദേഹം ഹാജിമാരെ സബഹുമാനം സ്വീകരിച്ചു. തന്റെ വസതിയിലേക്കാനയിച്ചു. രണ്ടുദിവസം അദ്ദേഹമൊന്നിച്ചു താമസിച്ച ശേഷം അവരെ അഞ്ചുപേരെയും തീവണ്ടിയിൽ കയറ്റി യാത്രയയച്ചു. വണ്ടി ഇളകാറായപ്പോൾ മാഹിൻ സാഹിബ് മൗലവിയുടെ പുറം തടവിക്കൊണ്ട് 'ഒന്നും ഭയപ്പെടേണ്ട; അല്ലാഹു രക്ഷിച്ചുകൊള്ളും' എന്നു പറഞ്ഞുകൊണ്ടാണ് യാത്രപറഞ്ഞു പിരിഞ്ഞത്. നാട്ടിലെത്തി ഏതാനും ദിവസങ്ങൾക്ക് ശേഷമാണ് ഊമക്കത്തിന്റെ വിവരം ഹാജിമാർ അറിഞ്ഞത്.

ഹജ്ജ് കർമം കഴിഞ്ഞു തിരിച്ചുവന്നിതിനു ശേഷവും കേരള മുസ്‌ലിം ഐക്യസംഘത്തിന്റെ പ്രവർത്തനത്തിൽ തന്നെയാണ് മൗലവിസാഹിബ് മുഴുകിയിരുന്നത്. മൗലവി സാഹിബോ സഹപ്രവർത്തകരോ ഉത്സാഹക്കുറവു കാണിച്ചുപോയാൽ അപ്പോഴേക്കും അതിന്റെ വിരോധികൾ നൂറുകണക്കായ ആക്ഷേപങ്ങൾ അതിന്റെ നേരെ വാരിയെറിയും. സമാധാനം പറയാതെ കഴിയുമോ! ചുരുക്കിപ്പറയാം: ഐക്യസംഘത്തിന്റെ വിരോധികൾ തന്നെയാണ് അതിനെ അടിക്കടി വളർത്തിക്കൊണ്ടുവന്നത്. 1930ൽ കെ.എം. മൗലവിയെപ്പോലെ തന്നെ തമിഴ് രാജ്യങ്ങളിൽ അഭയാർഥിയായി താമസിച്ചു വന്ന കട്ടിലശ്ശേരി മുഹമ്മദ് മൗലവിസാഹിബും കൊടുങ്ങല്ലൂരിൽ എത്തിച്ചേർന്നു. അതോടെ മൗലവി സാഹിബിന്റെ ഇസ്‌ലാഹീ പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾക്ക് ഓജസ്സും തേജസ്സുംവർധിച്ചു.

1932-ൽ ഐക്യസംഘത്തിന്റെ 10-ാം വാർഷിക യോഗം അതിന്റെ ജന്മദേശമായ എറിയാടുവെച്ചു കൂടി. ആ യോഗത്തിന്റെ അധ്യക്ഷൻ ജനാബ് ബി. പോക്കർ സാഹിബായിരുന്നു. മലബാർ ലഹളയിൽ പെട്ടവരെന്നു പറയപ്പെടുന്നവരുടെ പേരിലുള്ള ചാർജ് പിൻവലിക്കുവാനായി അന്ന് ബി. പോക്കർ സാഹിബ് അക്ഷീണപരിശ്രമം ചെയ്തുവരികയായിരുന്നു. യോഗം നടന്നുകൊണ്ടിരിക്കുമ്പോഴാണ് കെ.എം. മൗലവി മുതലായവരുടെ പേരിലുള്ള ചാർജ് ഗവർമെന്റ് പിൻവലിച്ച വിവരം ഞങ്ങൾക്ക് കിട്ടിയത്. അന്നൊരു പെരുന്നാളിന്റെ പ്രതീതിയായിരുന്നു ഞങ്ങൾക്ക്. ഇതിന്നുവേണ്ടി പരിശ്രമിച്ച പോക്കർ സാഹിബിനെ അഭിനന്ദിച്ചുകൊണ്ടുള്ള ഒരു പ്രമേയം അവിടെ വെച്ചുതന്നെ പാസ്സാക്കി. തുടർന്നു എം.സി.സി അബ്ദുറഹ്മാൻ സാഹിബിന്റെ ഒരഭ്യർഥനയും യോഗംമുമ്പാകെ വന്നു. അളിയങ്കയെ (കെ.എം. മൗലവി) മലബാറിലേക്ക് വിട്ടുതരണമെന്നും മേലിൽ അളിയങ്കാന്റെ പ്രവർത്തനകേന്ദ്രം മലബാറായിരിക്കണമെന്നുമായിരുന്നു ആ അഭ്യർഥന. മനമില്ലാമനസ്സോടെയാണെങ്കിലും ആ അഭ്യർഥന യോഗം സ്വീകരിക്കുകയും ചെയ്തു.

മൗലവിയുടെ പിന്നത്തെ ശ്രമം സ്വദേശത്തേക്കുള്ള മടക്കത്തിന്ന് വേണ്ടിയായിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്തോടുകൂടി മൗലവി സാഹിബിനെയും ഭാര്യയെയും മാത്രമല്ല, സീമന്തപുത്രൻ കുഞ്ഞഹമ്മദിനെയും (ഇപ്പോൾ മദിരാശി ജനറൽ ആസ്പത്രിയിലെ ഡോക്ടർ) അനുജൻ അബ്ദുല്ലയെയും (ഇപ്പോൾ നാട്ടിൽതന്നെ സ്വന്തം കാര്യം നോക്കിവരുന്നു) തൃതീയ പുത്രൻ അബ്ദുസ്സമദിനെയും (ഇപ്പോൾ മദീനാ മുനവ്വറായിലെ അധ്യാപകൻ) സന്തോഷപൂർവം നാട്ടിലേക്കയച്ചു. ഈ ചടങ്ങുകളിലെല്ലാം പ്രധാന പങ്കുവഹിക്കുവാനുള്ള ഭാഗ്യം ലഭിച്ചത് ഈ ഉള്ളവന്ന് തന്നെയായിരുന്നു. അനന്തര ജീവിതത്തെപ്പറ്റി ഞാനൊന്നും വിവരിക്കേണ്ട ആവശ്യമില്ല.1947 മുതൽ 1959 നവംബർ വരെ തിരൂരങ്ങാടിയിൽ ഞങ്ങൾ ഒന്നിച്ചു താമസിച്ചു. പിന്നീട് എന്റെ താമസം തലശ്ശേരിയിലായിരുന്നുവെങ്കിലും കൂടെക്കൂടെ കാണാറുണ്ടായിരുന്നു. സ്വർഗലോകത്തും അല്ലാഹു ഞങ്ങളെ ഒരുമിച്ചു കൂട്ടിത്തരട്ടെ, ആമീൻ.

*(1966ൽ പുറത്തിറക്കിയ 'കെ.എം മൗലവി സ്മാരകഗ്രന്ഥ'ത്തിൽ നിന്ന്. സമ്പാ: ഉസ്മാൻ പാലക്കാഴി).*

നമുക്ക് ചുറ്റും

ഡോ. സി.എം സാബിർ നവാസ്
drsabirnavas@gmail.com



# ചരിത്ര സത്യങ്ങളെ ചേർത്ത് പിടിക്കുക

ഇസ്‌ലാമിനെതിരെ ഒളിയജണ്ടകളുമായി കടന്നുവന്നവരൊക്കെ ചരിത്രരചനയിൽ കാര്യമായി കൈകടത്തിയിട്ടുണ്ടെന്നാണ് ലോകമെമ്പാടുമുള്ള ഇസ്‌ലാമിന്റെ ചരിത്രം. പരിശുദ്ധ മതത്തെ ആശയപരമായി നേരിട്ട് തോൽപിക്കുവാൻ ശ്രമിച്ച് പരാജയപ്പെട്ടവർ ചരിത്രരചനയുടെ ഊടുവഴികളിലൂടെ ധാരാളം ഉഡായിപ്പുകൾ ഒപ്പിച്ചു വെച്ചിട്ടുണ്ട്. അത്തരം കുതന്ത്രങ്ങളുടെ ബലിയാടാണ് അക്കാദമി വിഷയത്തിൽ ലഭ്യമായ ഇസ്‌ലാമിക ചരിത്ര ഗ്രന്ഥങ്ങളെന്ന് പറയുന്നതിൽ ഖേദമണ്ട്.

ജൂതലോബിയും ഓറിയന്റലിസ്റ്റുകളും ശിയാക്കളും ഒരുമിച്ച് ചരിത്ര പരാമർശങ്ങളിൽ നടത്തിയ കടന്നാക്രമണത്തിന്റെ ഇരകളാണ് ലോകത്ത് വിശ്വാസ്യതയുടെയും സൗഹൃദത്തിന്റെയും ഉത്തമ മാതൃകകളായ പ്രവാചക ശിഷ്യന്മാർ. പരിശുദ്ധ ക്വുർആനിലും പ്രവാചക വചനങ്ങളിലും സ്വഹാബികളുടെ പദവിയും ശ്രേഷ്ഠതയും സത്യസന്ധതയും വിവരിക്കുന്ന ധാരാളം ഭാഗങ്ങൾ കാണാം. മാനവരിൽ മഹോന്നതനായ മുഹമ്മദ് നബിﷺയുടെ കൂടെ സഹവസിക്കുവാനും സമയം ചെലവഴിക്കുവാനും അല്ലാഹു തെരഞ്ഞെടുത്ത ഒരു വിഭാഗം ഉൽകൃഷ്ടതയുടെ ഉറവിടങ്ങളാകുമെന്ന് മനസ്സിലാക്കാൻ സാമാന്യബുദ്ധിതന്നെ ധാരാളം മതി.

പ്രമുഖരായ പ്രവാചക ശിഷ്യന്മാരെ ഒറ്റതിരിഞ്ഞ് വ്യക്തിഹത്യ നടത്തിയാൽ സച്ചരിതരായ ഇസ്‌ലാമിക സമൂഹത്തിന്റെ വിശ്വാസ്യത തകർത്തുകളയാമെന്ന സൃഗാലബുദ്ധിയാണ് ഇത്തരം നീക്കൾക്കു പിന്നിലുള്ളത്. അബൂബക്ർ(റ), ഉമർ(റ), ഉഥ്മാൻ(റ), അലി(റ), അബൂഹുറയ്‌റ(റ), മുആവിയ(റ), ആഇശ(റ), അബൂമൂസൽ അശ്അരി(റ), ഖാലിദുബ്‌നുൽ വലീദ് തുടങ്ങിയ സ്വഹാബിമാരെ കുറിച്ച് ചരിത്രത്തിന്റെയോ സത്യത്തിന്റെയോ പിൻബലമില്ലാത്ത ധാരാളം നുണപ്രചാരണങ്ങൾ ഇവർ വ്യാപകമായി നടത്തുകയുണ്ടായി.

ഇസ്‌ലാമിക ചരിത്രം കൈകാര്യം ചെയ്യുന്നിടത്ത് സംഭവിച്ചുപോയ അശ്രദ്ധയും അനവധാനതയും ഇക്കൂട്ടത്തിൽ പ്രത്യേകം പരാമർശിക്കേണ്ടതാണ്. സാഹിത്യകാരന്മാരും പത്രപ്രവർത്തകരും സൂക്ഷ്മതയില്ലാതെ ചരിത്രരചന നടത്തിയതിന്റെ പ്രത്യാഘാതങ്ങളും ഇസ്‌ലാമിക സമൂഹം അനുഭവിക്കുന്നുണ്ട്. തുല്യതയില്ലാത്ത വിശ്വാസ്യതയുടെ നിദർശനമാണ് ഇസ്‌ലാമിക ചരിത്രം. ഇസ്‌ലാമിന്റെ സുവർണകാലഘട്ടമായ ആദ്യ നൂറ്റാണ്ടുകളിൽതന്നെ സത്യസന്ധമായ ചരിത്രം രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. അഹ്‌ലുസ്സുന്നയുടെ മുൻഗാമികളായ പണ്ഡിതന്മാർ സനദുകൾ (പരമ്പരകൾ) സഹിതം രേഖപ്പെടുത്തിയ സത്യസന്ധമായ ചരിത്രം ചെരുപ്പണിയാൻ തുടങ്ങുന്നതിന്റെ മുമ്പെ ഇസ്‌ലാമിന്റെ ശത്രുക്കൾ മെനഞ്ഞുണ്ടാക്കിയ കള്ളക്കഥകളും അസംബന്ധങ്ങളും ലോകം മുഴുവൻ കീഴടക്കിയെന്നതാണ് ഇസ്‌ലാമിക ചരിത്ര വിഷയത്തിൽ സംഭവിച്ച ഏറവും വലിയദുരന്തം.

ഇമാം ബുഖാരി, ഇമാം മുസ്‌ലിം പോലുള്ള ഹദീഥ് പണ്ഡിതന്മാരും ഇമാം ത്വബ്‌രി, ഇമാം ദഹബി, ഇബ്‌നുഹജർ, ഇബ്‌നുകഥീർ തുടങ്ങിയ തലയെടുപ്പുള്ള മുൻഗാമികളായ പണ്ഡിതശ്രേഷ്ഠരും രേഖപ്പെടുത്തിയ യഥാർഥ ചരിത്രം അനാവരണം ചെയ്യപ്പെടേണ്ടത് സമകാലിക ഇസ്‌ലാമിക സംഘടനകളുടെയും പണ്ഡിതന്മാരുടെയും ഉത്തരവാദിത്തമാണ്. ഈ ദൗത്യനിർവഹണത്തിന്റെ പാതയിൽ വ്യവസ്ഥാപിതവും ആസൂത്രിതവുമായ ചുവടുവയ്പാണ് വിസ്ഡം ഗ്ലോബൽ ഇസ്‌ലാമിക് മിഷന്റെ കീഴിൽ ഐ. എസ്.എം സംസ്ഥാന സമിതി സംസ്ഥാനത്തെ തെരഞ്ഞെടുത്ത കേന്ദ്രങ്ങളിൽ സംഘടിപ്പിക്കുന്ന 'സച്ചരിത സമൂഹം; ആദർശവും പ്രയോഗവും' എന്ന ശീർഷകത്തിലുള്ള ഹദീഥ് സെമിനാറുകൾ.

WISDOM
GLOBAL ISLAMIC MISSION



# ആത്മീയ ചൂഷണത്തിനെതിരെ ബോധവൽക്കരണം

**2017 ഒക്ടോബർ – 2018 ജനുവരി**

ജില്ലാ സംഗമങ്ങൾ | സന്ദേശ പ്രയാണം
മുഖാമുഖങ്ങൾ | ഡോക്യുമെന്ററി പ്രദർശനം
പാനൽ ഡിസ്കഷൻ | സമ്മേളനങ്ങൾ
ലഘുലേഖാ വിതരണം | അയൽക്കൂട്ടങ്ങൾ
പൊതുപ്രഭാഷണങ്ങൾ

Wisdom Global Islamic Mission | EKP Complex | Kallai Road | ozhikkode 2 | Kerala | India
www.wisdomislam.org | www.facebook.com/WisdomIslamicMission

RNI NO: KERMAL 2015/64152
Posting at RMS Calicut

Nerpatham Weekly
Published on Oct 28 2017

Reg NO: KL/CT/225/2016-18
Price: ₹10/-

peaceradio
Tune to reality

- വോയ്സായും ടെക്സ്റ്റായും ആപ്പിൽ നിന്നു തന്നെ ഫീഡ്ബാക്ക് അയക്കാനുള്ള സൗകര്യം
- നോട്ടിഫിക്കേഷൻ സംവിധാനം
- ഓട്ടോ പ്ലേ ഓപ്ഷൻ...
- REWINDER - കഴിഞ്ഞുപോയ പ്രോഗ്രാമുകൾ വീണ്ടും കേൾക്കാനുള്ള അവസരം

തുടങ്ങി ഒട്ടേറെ പുതിയ ഫീച്ചറുകളുമായി
പീസ് റേഡിയോ മൊബൈൽ ആപ്പ് വിജയകരമായ 500 ദിവസങ്ങൾ...



24X7 സ്ട്രീമിംഗ്, 10000+ സ്ഥിരം ശ്രോതാക്കൾ...
താങ്കൾ കേട്ടു തുടങ്ങിയോ?

ഈ ലിങ്കിൽ ക്ലിക്ക് ചെയ്ത് Update ബട്ടൺ അമർത്തുക
https://play.google.com/store/apps/detailsid=com.peaceradio

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:
Search peaceradio
Search peace radio App
www.peaceradio.com

Office: Near Sarojini School | Sangeetha Road | Perinthalmanna PO | Malappuram | Kerala | 679322
www.peaceradio.com radioforpeace peaceradionow +91 9020840840